H52
L46

മതതത്വബോധിനി

ഏഴാം പുസ്തകം

ST. JOSEPH'S ARTS COLLEGE
CHANGANACHERRY.
PALLIPURAM P.O.



ഫാദർ ലാസർ സി. ഡി.
ബി. എ., എൽ. ഒ.

മതതത്വബോധിനി

VII E 8

ഏഴാം പുസ്തകം

CANCELLED



സൃഷ്ടാവായ ദൈവം
രക്ഷകനായ ദൈവം
വിശുദ്ധീകരിക്കുന്ന ദൈവം

DHARMARAM COLLEGE LIBRARY
BANGALORE
8.16
H.52
L46

ഫാദർ ലാസർ സി. ഡി.
ബി. എ; എൽ. ടി.

ആമുഖം

"അത്യന്തം മർമ്മസ്പൃക്കായ തിന്മകളാണ് ഇന്നു വിശ്വത്തെ വട്ടമിട്ടിരിക്കുന്നത്. എന്നാൽ എല്ലാ വർഗ്ഗങ്ങളിലുമുള്ള മതപരമായ അജ്ഞതയേക്കാൾ പ്രധാനമായ തിന്മ വേറൊന്നില്ല. ദൈവത്തിൻറെ നിയമം വിദിതമല്ലെങ്കിൽ അതു് അനുസരിക്കുന്നതെങ്ങിനെ? ദൈവനിയമം പാലിക്കപ്പെടാത്തപക്ഷം ചരിത്രം കലാപങ്ങൾകൊണ്ടു് നിറയുന്നതിൽ എന്താണ് അത്ഭുതം! വളരെ ശക്തമായ പ്രതിവിധികൾ സമുദായം ആവശ്യപ്പെടുന്നുണ്ട്. പക്ഷേ വേദോപദേശ പ്രചരണത്തേക്കാൾ അടിയന്തരമായ കാര്യങ്ങൾ വേറില്ലതന്നെ." 12-ാം പീയൂസ്.

മതതത്വബോധിനി എന്ന അഭിധാനത്തിൽ ഇതിനുമുമ്പു പ്രസിദ്ധീകൃതമായ മൂന്നു ചെറുഗ്രന്ഥങ്ങൾ കാലപ്രായവും ബുദ്ധിവികാസവും നിശ്ചിതിട്ടുള്ളവരെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുത്തോളം മനോവികാസം പരിഗണിച്ചിട്ടില്ലായിരുന്നു. അവയ്ക്കായി പ്രസ്തുത ഗ്രന്ഥാവലിയുടെ ഇതരഭാഗങ്ങൾ രചിക്കുന്നതു് നന്നായിരിക്കുമെന്നു് പല മാന്യന്മാരും അഭിപ്രായപ്പെട്ടു. വാസ്തവത്തിൽ അതു് അവശ്യാവശ്യമെന്നു എനിക്കും തോന്നി. തൽഫലമായിട്ടാണു് മതതത്വബോധിനിയുടെ ആറും, ഏഴും, എട്ടും പുസ്തകങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കാൻ ഇടയായിട്ടുള്ളതു്.

നമ്മുടെ കുട്ടികൾക്കു് ക്രമീകൃതമായ ഒരു സംഗ്രഹജ്ഞാനം കരഗതമാക്കുന്നതിനു മതതത്വങ്ങളെക്കുറിച്ചു ഉണ്ടാകണമെന്നുള്ള അതിവ ആഗ്രഹത്താൽ അവരുടെ പ്രായത്തിനും, വികാസത്തിനും, ആധുനിക കാലസ്ഥിതിക്കും അനുസരിച്ചു, ആശയങ്ങളെ വിപുലമാക്കുന്നതിനും ക്രമീകരിക്കുന്നതിനും യഥാശക്തി പരിശ്രമിച്ചിട്ടുണ്ട്.

മതാത്മകങ്ങളായ തത്വങ്ങൾ ചെറുപ്രായത്തിൽ ഹൃദിസ്ഥമാക്കുന്നതിനു് ചോദ്യോത്തര രീതി വളരെ പറ്റിയതാണ്. പോരെങ്കിൽ ഈ രീതി തത്വങ്ങളെ വ്യക്തമായും സംഗ്രഹമായും, പ്രസാവിക്കുന്നതിനു് വളരെ ഉപകരിക്കും. എങ്കിലും പ്രായേണ ഈ രീതി അധ്യാപകരെ അലസരും ചിന്താവിഹീനരുമാക്കിത്തീർക്കുവാൻ നിടയുണ്ട്. മാത്രമല്ല, അഭ്യസിപ്പിക്കുന്നതു കേവലം തത്വ

ങ്ങൾ മാത്രം ഉതവിട്ട മുഞ്ഞ വിദ്യാർത്ഥികൾ ക്രമേണ മതപ
നത്തേയും, മതതത്വങ്ങളേയും പെരുക്കുന്നതിനും സംഗതിയാകു
ന്നു. ഇതു് ഏറ്റവും ശോചനീയമായ ഒരവസ്ഥയാണെന്നു പറയേ
ണ്ടതില്ലല്ലൊ.

ഇതിനു ഒരു പ്രതിവിധി കണ്ടുപിടിച്ചു, കുട്ടികൾക്കു്, ഹൃദ്യമായ വിധത്തിൽ മതാത്മകങ്ങളായ തത്വങ്ങളെ പ്രദാനം ചെയ്യണം എന്നുള്ളതാണു് ഈ ഗ്രന്ഥാവലിയുടെ മൌലികമായ ഉദ്ദേശ്യം. ഇതിൽ സ്വീകരിച്ചിട്ടുള്ളതു് ചോദ്യോത്തര രീതിയാണു്. എന്നാൽ അവിടവിടെ വിശദീകരണങ്ങൾകൊണ്ടു് വിഷയാംശങ്ങൾ വിജ്ഞാനപ്രദവും കാര്യക്ഷമവും ആക്കിയിട്ടുണ്ടു്. അതു് വിദ്യാർത്ഥികളുടെ വിജ്ഞാന തൃഷ്ണയെ, പോഷിപ്പിക്കാതിരിക്കുകയില്ല. കൂടതെ ചോദ്യോത്തര രീതിയെന്ന അവലംബിച്ചിട്ടുള്ളതുകൊണ്ടു് സുപരിചിതമായ ആ രീതിയിൽനിന്നു് ഉളവാകാവുന്ന നന്മകളും, പഠിതാക്കൾക്കു നഷ്ടപ്പെടുകയില്ല. ഇവിടെ അധ്യാപകന്മാർ കുട്ടികളുടെ പ്രായപൂർത്തിക്കനുസരിച്ചു് വിശദീകരണങ്ങൾ ഉചിതം വിപുലമാക്കുകയോ സംക്ഷേപിക്കുകയോ ചെയ്യേണ്ടതാണു്.

ഇതുപോലെ പഠഞ്ഞുകൊണ്ടു് ഈ ഗ്രന്ഥങ്ങളെ മതതത്വബോധിനിയുടെ സഞ്ചികയിൽ അനുബന്ധിക്കുന്നു. പലരുടെയും ഉള്ളുഴിഞ്ഞുള്ള സഹായസഹകരങ്ങൾ ഒന്നുകൊണ്ടു മാത്രമാണു് ഇതുപോലും സാധിച്ചിട്ടുള്ളതു്. അതിനു് അവർ ഓരോരുത്തരോടുമുള്ള കടമുഴിഞ്ഞുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു് ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളുന്നു. പ്രത്യേകിച്ചു ഈ പുസ്തകങ്ങൾ സജ്ജീകരിക്കുന്നതിനു കാര്യക്ഷമമായ സഹായങ്ങൾ ചെയ്തുതന്ന ബ. മയൂസേപ്പു് അഗ്സ്റ്റീനോസു് സി. ഡി. അവർകളോടു് എന്നിക്കുള്ള അതിയ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഗ്രന്ഥകർത്താവു്.

ഗാനം

(Lead kindly Light)

(അഞ്ജുവയതിലെഴുന്ന എം. മ) മണ്ഡൂരാഗം.

1 എന്നെ മൂഴന്നിരിക്കും—അന്ധകാരത്തിൽ—
നിന്നും— ദയയെഴും— സുപ്രഭയെ—
മുന്നിലേക്കെന്നെ— നയിക്ക.

2 ഇരുൾനിറഞ്ഞ രാത്രി— സഹ്യഗഹംബഹ്വളരം—
ശോഭയെ! എന്നെ— നയിക്ക—
മുൻപിലേക്കെന്നെ—നയിക്ക.

3 ദൂരരംഗംദശിപ്പാൻ— അത്തിക്കുന്നില്ല ഞാനും
ഉറപ്പിക്കെൻപാദങ്ങളെ—
ഒരടിമാത്രം— മതിമെ.

4 പുരോഗമനത്തിന്നായ്— മാർഗ്ഗദർശനം—
നല്കാൻ— ഇന്നീനാൽവരെയിങ്ങനെ—
അങ്ങയോടത്തിച്ചില്ല ഞാൻ.

5 മൽമാർഗ്ഗം ദർശിച്ച ഞാൻ— തിരിഞ്ഞെട്ട—
ത്തെൻഹിതത്താൽ—ഇപ്പോളങ്ങെനെ—
നയിക്ക— ദീപ്തിയെ— എന്നെ— നയിക്ക.

6 സ്നേഹിച്ച ദുർദിനങ്ങൾ ഞാൻ—
ഭീതിതൻശല്യങ്ങളും— അഹന്തഭരിച്ചെൻ—
ചിത്തവും— ഓക്കില്ലെപോയവർഷങ്ങൾ.

7 അങ്ങയിൽ ശക്തിയെന്നെ—
അനുഗ്രഹിച്ചിരിക്കയാൽ— ഇനിയുമതെ
നെനയിക്കും—എന്നെ—നയിക്കും നിശ്ചയം.

8 ചതുപ്പുഭൂമിയുംവേലി— വിള്ളലൊഴുക്കുംമീതെ—
രാത്രി— കഴിയുംവരെയും—
മുന്നിലേക്കെന്നെ— നയിക്ക.

9 ഏറെനാൾ ഞാൻ സ്നേഹിച്ചതും— കുറഞ്ഞ
നാൾ മറഞ്ഞിരുന്ന— ആസുസ്മേര—
ദിവ്യമുഖങ്ങൾ—കാണും ഞാനുദയവേളയിൽ . . .

കെ. ഒഎം. പോൾ അലുവാ.



മതതത്വബോധിനി

ഏഴാം പുസ്തകം

ദൈവത്തിന്റെ ഏകത്വവും ത്രീത്വവും ക്രിസ്തീയവിശ്വാസത്തിന്റെ പ്രധാന രഹസ്യങ്ങളത്രെ. ഇവയെക്കുറിച്ചായിരുന്നല്ലോ ആറാം പുസ്തകത്തിന്റെ ഒന്നാം ഭാഗത്തിൽ പ്രതിപാദിച്ചത്. പ്രസ്തുത പുസ്തകത്തിന്റെ ഇതരഭാഗങ്ങളിൽ ദൈവത്തോട് അവശ്യം ബന്ധിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുമതം, തിരുസ്സഭ എന്നിവയെക്കുറിച്ചും നാം പരിചിന്തനം ചെയ്തു. എന്നാൽ ഈ പുസ്തകത്തിൽ പ്രതിപാദിക്കുവാനിരിക്കുന്നത് ത്രീത്വത്തിലെ ഓരോ ആളുകളെക്കുറിച്ചും അവരോടനുബന്ധിച്ച ബാഹ്യപ്രവൃത്തിയെക്കുറിച്ചുമാണ്.

ഒന്നാം ഭാഗം

സ്രഷ്ടാവായ ദൈവം

ത്രീത്വത്തിലെ ഒന്നാമത്തെ ആളെ നാം ബാവാ അഥവാ പിതാവെന്ന് വിളിക്കുന്നു. താൻ ആരിൽനിന്നും പുറപ്പെട്ടതല്ല. അതിനാൽ ശക്തിയും അതിനോടനുബന്ധിച്ച സൃഷ്ടികർമ്മവും തന്നിലാണ് ആരോപിക്കപ്പെട്ടുന്നത്. എന്നാൽ സ്രഷ്ടാവായ ദൈവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സൃഷ്ടികർമ്മത്തെയും, സൃഷ്ടികളായ മനുഷ്യർ, മാലാഖമാർ, ദുഷ്ടാത്മാക്കൾ എന്നിവരെയും സൃഷ്ടികർമ്മത്തോടനുബന്ധിച്ച് സൃഷ്ടിയുടെ ലക്ഷ്യം, ദൈവപരിപാലന ഇവയെയും കുറിച്ച് നമുക്ക് ചിന്തിക്കേണ്ടതുണ്ട്. ഇവ ഓരോന്നിനെക്കുറിച്ചും അനുക്രമമായി ഈ ഭാഗത്തിൽ പ്രതിപാദിക്കാം.

I

സൃഷ്ടികർമ്മം.

ചോ. സൃഷ്ടിക്കുക എന്നതിന്റെ അർത്ഥം എന്താകുന്നു?

ഉ. ഇല്ലായ്മയിൽനിന്ന് ഒരു വസ്തുവിനെ ഉണ്ടാക്കുക യെന്നതത്രെ സൃഷ്ടിക്കുക എന്നതിന്റെ അർത്ഥം.

വി. നമുക്ക് ഒരു വസ്തുവിൽനിന്ന് മറ്റൊരു വസ്തു ഉണ്ടാക്കുവാനെ സാധിക്കുകയുള്ളു. കല്ലും മരവും ഉപയോഗിച്ച് ആശാരി കെട്ടിടങ്ങൾ പണിയുന്നു. തടി ഉപയോഗിച്ച് അവൻ മേശയുണ്ടാക്കുന്നു. ഇതൊന്നും സൃഷ്ടിയല്ല. ഒരു വസ്തുവോ, അതുണ്ടാക്കുന്നതിനുള്ള സാധനങ്ങളോ ഇല്ലാത്ത അവസ്ഥയിൽനിന്ന്– ശൂന്യാവസ്ഥയിൽനിന്ന്– ഒരു വസ്തുവിനെ ഉണ്ടാക്കുന്നതിനാണ് സൃഷ്ടിക്കുകയെന്ന് പറയുന്നത്.

ചോ. ദൈവത്തിനൊഴികെ മറ്റുവല്ലവർക്കും എന്തെങ്കിലും സൃഷ്ടിക്കുവാൻ കഴിയുമോ?

ഉ. ദൈവത്തിനൊഴികെ യാതൊരുത്തർക്കും ഏറ്റവും നിസ്സാരമായ ഒരു വസ്തുവോലും സൃഷ്ടിക്കുവാൻ കഴിയുകയില്ല.

വി. വസ്തു എത്രതന്നെ നിസ്സാരമായാലും അതിനെ ഇല്ലായ്മയുടെ അഗാധത്തിൽനിന്ന് ഉള്ളായ്മ(existence)യിലേയ്ക്കു യത്തുന്നതിന്ന് അനന്തശക്തി ആവശ്യമാണ്. എന്നാൽ അനന്തശക്തി ദൈവത്തിനു മാത്രമേയുള്ളു. അതുകൊണ്ട് ദൈവത്തിനു മാത്രമേ സൃഷ്ടിക്കുവാൻ കഴിയുകയുള്ളു. ദൈവത്തിനൊഴികെ മറ്റാർക്കും ഏറ്റവും നിസ്സാരമായ ഒരു വസ്തുവോലും– ഒരു മണൽത്തരിപോലും– സൃഷ്ടിക്കുവാൻ കഴിയുകയില്ല.

ചോ. സമസ്ത വസ്തുക്കളേയും സൃഷ്ടിച്ചതാരാണ്?

ഉ. ദൈവമാണ് സമസ്ത വസ്തുക്കളേയും സൃഷ്ടിച്ചത്. "സകലവും അവൻമൂലമുണ്ടായി. ഉണ്ടായിട്ടുള്ളതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല" (യോഹ. i — 3)

വി. ദൈവം ഈ ദൃശ്യലോകത്തെ മാത്രമല്ല വാനലോകത്തെയും പാതാളലോകത്തെയും സൃഷ്ടിച്ചു. ഈ മൂന്നുലോകവും അവയിൽഉള്ള സമസ്തവും ദൈവത്തിന്റെ കരവേലകളത്രെ. അവ ഓരോന്നും ദൈവത്തിന്റെ സൂക്ഷ്മജ്ഞാനത്തേയും വല്ലഭത്തേയും പ്രകീർത്തിച്ചുകൊണ്ടിരിക്കുന്ന സനാതനസ്മാരകങ്ങളാണ്

ചോ. സൃഷ്ടവസ്തുക്കൾക്ക് പൊതുവായ പേരെന്താണ്?

ഉ. സൃഷ്ടവസ്തുക്കൾക്കുള്ള പൊതുവായ പേര് 'പ്രപഞ്ചം' എന്നാണ്.

ചോ. പ്രപഞ്ചം എങ്ങിനെ വിഭജിക്കപ്പെടുന്നു?

ഉ. പ്രപഞ്ചം മൂന്നായി വിഭജിക്കപ്പെടുന്നു. 1 അരൂപികളായ മാലാഖാമാർ. 2 ആത്മശരീരങ്ങളോടുകൂടിയ മനുഷ്യർ 3 മറ്റു ജഡികവസ്തുക്കൾ. മൂന്നാം ഇനത്തിൽ പെട്ടവയ്ക്ക് ചേതനങ്ങളെന്നും അചേതനങ്ങളെന്നും ഒരു ഉൾപ്പിരിവുമുണ്ട്.

ചോ. പിതാവായ ദൈവം തന്നെയാണോ ലോകത്തെ സൃഷ്ടിച്ചത്?

ഉ. അല്ല; ദൈവത്തിലെ മൂന്നാളുകളും ഒരുപോലെ ലോകത്തെ സൃഷ്ടിച്ചു. എന്തുകൊണ്ടെന്നാൽ സൃഷ്ടികളെ സംബന്ധിച്ചു ഒരു ദൈവാളാൽ ചെയ്യപ്പെടുന്നതെല്ലാം മറ്റു ദൈവാളുകളാലും ചെയ്യപ്പെടുന്നു.

ചോ. അങ്ങനെ ആണെങ്കിൽ സൃഷ്ടിച്ചത് പിതാവാണെന്ന് പ്രത്യേകം പറയുന്നതെന്തുകൊണ്ട്?

ഉ. സൃഷ്ടിച്ചത് പിതാവാണെന്ന് പ്രത്യേകം പറയുന്നത് ജ്ഞാനം പുത്രന്റെയും, നന്മ പരിശുദ്ധാത്മാവിന്റെയും വിശേഷണമായിപ്രയപ്പെടുന്നതുപോലെ ദൈവിക ശക്തിയുടെ ഫലമായ സൃഷ്ടികർമ്മം പിതാവിന്റെ പ്രത്യേക വിശേഷണമായിരിക്കുന്നതിനാൽ ആകുന്നു. എന്നുവരികിലും മൂന്നാളുകൾക്കും ഉള്ള സർവ്വശക്തിയും ഒന്നുതന്നെ, ജ്ഞാനവും ഒന്നുതന്നെ, നന്മയും ഒന്നുതന്നെ.

ചോ. സൃഷ്ടവസ്തുക്കളിൽ സർവ്വപ്രധാനമായവ ഏതു?

ഉ. സൃഷ്ടവസ്തുക്കളിൽ സർവ്വപ്രധാനമായവ മനുഷ്യരും മാലാഖാമാരുമാകുന്നു.

സൂചന— ഇവരെക്കുറിച്ചു താഴെ പ്രതിപാദിക്കുന്നതാണ്.

II

മനുഷ്യൻ

ചോ. ദൃശ്യലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടി ഏതാണ്?

ഉ. മനുഷ്യൻ.

വി. കാട്ടാന, കാട്ടുപോത്ത്, സംഹം, കരടി മുതലായവ മനുഷ്യനേക്കാൾ എത്രയോ ശക്തിയുള്ളവയാണ്. എന്നാൽ കായികശക്തിയിൽ ഏറ്റവും അല്പനായ മനുഷ്യൻ അവയെ എല്ലാം ഭരിച്ചു നടത്തുന്നു. പഞ്ചഭൂതങ്ങൾക്കുപോലും അവൻകടിഞ്ഞാണിടുന്നു. അവയെക്കൊണ്ടു വണ്ടി വലിപ്പിക്കുകയും പങ്കു വീശിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ പ്രപഞ്ചത്തിന്റെ കിരീടം ധരിക്കാത്തരാജാവത്രെ മനുഷ്യൻ.

ചോ. മനുഷ്യൻ എന്താകുന്നു?

ഉ. മനുഷ്യൻ ആത്മശരീരങ്ങളോടുകൂടി വർത്തിക്കുന്ന വിശേഷ ബുദ്ധിയുള്ള ഒരു ജീവിയാകുന്നു.

വി. പഞ്ചഭൂതങ്ങൾ വൃക്ഷലതാദികൾ, തിര്യക്കുകൾ ആദിയായവയിൽ പ്രകാശിക്കുന്ന ഗുണങ്ങൾ എല്ലാംതന്നെ മനുഷ്യനിൽ കാണും. മാത്രമല്ല, വാനരുപികളെപ്പോലെ, അവർ അറിയുന്നതിനും സ്നേഹിക്കുന്നതിനും കഴിയും. ആയതുകൊണ്ട് യാതൊരു അതിശയോക്തിയും കൂടാതെ, മനുഷ്യനെ "സംക്ഷിപ്ത പ്രപഞ്ചം" എന്നു വിളിക്കാവുന്നതാണ്. വാസ്തവത്തിൽ അവൻ ദൃശ്യലോകത്തിനും അദൃശ്യലോകത്തിനും മദ്ധ്യേ സ്ഥിതിചെയ്യുകയും, അവരണ്ടിന്റെയും, ഗുണവിശേഷങ്ങൾ അവന്റെ പ്രകൃതിയിൽ ഉൾക്കൊള്ളുകയും ചെയ്യുന്നു.

ചോ. മനുഷ്യശരീരം എന്തിൽനിന്നാണ് ഉൽഭൂതമാകുന്നത്?

ഉ. മാതാപിതാക്കന്മാരുടെ മാംസരക്തങ്ങളിൽ നിന്നാകുന്നു മനുഷ്യശരീരം ഉൽഭൂതമാകുന്നത്.

വി. ആദത്തിന്റെ ശരീരത്തെ ദൈവം ചെമ്മണ്ണുകൊണ്ടാണ് രൂപവൽക്കരിച്ചത്. ഹവ്വായുടേത് ആദത്തിന്റെ വാരിയെല്ലിൽനിന്ന് നിർമ്മിച്ചു. മറ്റു മനുഷ്യരുടെതാകട്ടെ, അവരുടെ മാതാപിതാക്കന്മാരിൽനിന്ന് ഉൽഭൂതമാകുന്നു.

ചോ. മനുഷ്യ ശരീരത്തിന്റെ ശ്രേഷ്ഠത എന്തിലാണ് അടങ്ങിയിരിക്കുന്നത്?

ഉ. മനുഷ്യശരീരത്തിന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്, അത് ആത്മാവിന്റെ വസതിയാകുന്നു എന്നതിലും, ആത്മാവിനോടുകൂടെ നിത്യം ഭാഗ്യപ്പെടുവാൻ നിയുക്തമായിരിക്കുന്നു എന്നതിലും ആകുന്നു.

വി. അഗ്നി ഇരുമ്പിനെ അഗ്നി മയമാക്കിച്ചെയ്യുന്നു. അപ്രകാരംതന്നെ മനുഷ്യാത്മാവു മനുഷ്യശരീരത്തെ മുഴുവനും സ

ജീവമാകുന്നു. ആത്മാവിന്റെ വാസസ്ഥലമാണ് ശരീരം. മരണംവഴിയായി ആത്മാവ് ശരീരത്തിൽനിന്ന് വേർപെടുന്നു. ഏതുകിലും പൊതുവിധിയുടെ അവസരത്തിൽ വീണ്ടും അത് അതിന്റെ ശരീരത്തോടുകൂടെ യോജിപ്പിക്കപ്പെടും. അനന്തരം ഓരോരുത്തരുടെ പുണ്യപാപങ്ങൾക്കനുസരിച്ച് ആത്മാവിനോടുകൂടെ ശരീരവും മോക്ഷത്തിൽ ഭാഗ്യപ്പെടുകയോ നരകത്തിൽ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നതാണ്. എന്നാൽ എല്ലാവരും മോക്ഷപ്രാപ്തികായി സൃഷ്ടിക്കപ്പെട്ടിരിക്കുകയാൽ മനുഷ്യശരീരം മോക്ഷാനന്ദത്തിനു നിയുക്തമാണെന്നു പറയാം.

ചോ. മനുഷ്യാത്മാവ് എങ്ങനെ ഉണ്ടാകുന്നു?

ഉ. സൃഷ്ടികർമ്മം വഴിയായി ദൈവത്തിൽ നിന്നുണ്ടാകുന്നു?

വി. ഒരു ചെടിക്ക് ദൈവസിദ്ധമായ ശക്തിയാൽ മറ്റു ചെടികളെ പുറപ്പെടുവിക്കുന്നതിനു കഴിയും. മൃഗങ്ങളുടെയും പക്ഷികളുടെയും സ്ഥിതി ഇതിൽനിന്നു വിഭിന്നമല്ല. എന്നാൽ മനുഷ്യാത്മാവിനെ സ്ത്രീകരിത്തുകൊണ്ണം ശരീരം സജ്ജീകൃതമാകുമ്പോൾ ദൈവം അതിനെ സൃഷ്ടിച്ച് പ്രസ്തുത ശരീരത്തിന്റെ ജീവഘടകമായി അതിൽ നിക്ഷേപിക്കുന്നു.

ചോ. ആത്മാവ് എന്താകുന്നു?

ഉ. ആത്മാവ് മനുഷ്യന്റെ ഏറ്റവും ശ്രേഷ്ഠമായ ജീവതത്വമാകുന്നു.

വി. ആത്മാവു ഇന്ദ്രിയഗോചരമല്ല. അതുകൊണ്ട് അതുനിസ്സാരമെന്ന് വല്ലവരും വിചാരിച്ചേക്കാം. എന്നാൽ ആത്മാവ് ശരീരത്തിൽനിന്ന്, വേർപെട്ടാലുടനെ ശരീരത്തിനു സംഭവിക്കുന്ന നാശത്തിൽനിന്ന് ആത്മാവിന്റെ മേന്മ നമുക്കു ഏതുണ്ടു ഗ്രഹിക്കുവാൻ സാധിക്കും.

ചോ. മനുഷ്യാത്മാവിന്റെ പ്രത്യേകത എന്ത്?

ഉ. മനുഷ്യാത്മാവിന്റെ പ്രത്യേകത അത് അരൂപിയും അഭൗതികവും അമർത്യവും, ആകുന്നു എന്നതത്രെ.

ചോ. ആത്മാവ് അരൂപിയാകുന്നു എന്നു പറയുന്നതു എന്തുകൊണ്ട്?

ഉ. ആത്മാവിനു അതിൽത്തന്നെ ജഡാംശമില്ലാത്തതിനാൽ ആകുന്നു അതിനെ അരൂപി എന്നു പറയുന്നതു.

വി. മനുഷ്യാത്മാവു് മാലാഖമാരെപ്പോലെ അരൂപിയത്രെ. വാനാരൂപികളെപ്പോലെ അതിനും, ശരീരത്തിൽനിന്നു വേർതിരിഞ്ഞു സ്ഥിതിചെയ്യുന്നതിനും പ്രവർത്തിക്കുന്നതിനും കഴിയും. എന്നാൽ മാലാഖമാർ ശരീരബന്ധം ഉള്ളവരല്ല. മനുഷ്യാത്മാവാകട്ടെ ശരീരത്തോടു ഒന്നിക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. ഇതാണു് അവ തമ്മിലുള്ള വ്യത്യാസം.

ചോ. ആത്മാവു് അമർത്യമാണെന്നു പറയുന്നതു എന്തുകൊണ്ടു്?

ഉ. പ്രകൃത്യാ അരൂപിയായ ആത്മാവു് മൃത്യുവിനു് അധീനമല്ലാത്തതുകൊണ്ടാണു് അമർത്യമാണെന്നു പറയുന്നതു്.

വി. ഒരു ജീവിയിൽനിന്നു അതിന്റെ ജീവൻ വേർപെടുമ്പോൾ അതു മൃതിയടഞ്ഞു എന്നു നാം പറയുന്നു. എന്നാൽ അരൂപിയായ ആത്മാവിനു് ജഡാംശമില്ലാത്തതിനാലും അതിന്റെ ജീവൻ അനശ്വരമായതിനാലും അതു് അമർത്യമാണു്. അതു് നിത്യകാലം ജീവിക്കും. മരണശേഷം ആത്മാവു് മോക്ഷത്തിലൊ, ശുദ്ധീകരണസ്ഥലത്തിലൊ, നരകത്തിലോ പോകും.എന്നാൽ പൊതുവിധിക്കുശേഷമുള്ള ജീവിതമാകട്ടെ ഉയിർത്തു വീണ്ടും ശരീരത്തോടുകൂടെ ആയിരിക്കും അതു് നയിക്കുന്നതു്.

ചോ. മനുഷ്യാത്മാവിന്റെ പ്രധാന വശങ്ങൾ ഏവയാകുന്നു?

ഉ. ആത്മാവിന്റെ പ്രധാനവശങ്ങൾ ബുദ്ധി, മനസ്സു്, ഇന്ദ്രിയങ്ങൾ, വികാരശക്തി എന്നിവയാകുന്നു.

ചോ. ബുദ്ധി എന്നാൽ എന്തു്?

ഉ. സത്യങ്ങൾഗ്രഹിക്കുന്നതിനുള്ള ആത്മികവശമത്രെബുദ്ധി.

വി. ബുദ്ധിയുടെ വിഷയം സത്യമാണു്. സത്യത്തെ അന്വേഷിച്ചുകൊണ്ടിരിക്കുക എന്നതത്രെ അതിന്റെ പ്രകൃതി. അതിനു് ദൃശ്യവും അദൃശ്യവുമായ സംഗതികളെ ഗ്രഹിക്കുവാൻ കഴിയും. അതിന്റെ പരമലക്ഷ്യം നിത്യസത്യമായ ദൈവം തന്നെയാണു്. തന്നിൽ മാത്രമെ അതിനു് സംപൂർണ്ണതൃപ്തിയടയുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടു ദൈവത്തെ കൂടുതൽ അറിയുന്നതിനായിരിക്കണം നമ്മുടെ നിരന്തര പരിശ്രമം.

ചോ. ബുദ്ധിയുടെ പ്രധാന പ്രവൃത്തികൾ ഏവ?

ഉ. ഗ്രഹിക്കുക, വിധിക്കുക, ആലോചിക്കുക, ഓർമ്മിക്കുക എന്നിവയാണു് ബുദ്ധിയുടെ പ്രധാന പ്രവൃത്തികൾ.

ചോ. മനസ്സ് എന്നാൽ എന്ത്?

ഉ. നന്മയെ ആഗ്രഹിക്കുന്നതിനും തിന്മയെ വെറുത്തു പേക്ഷിക്കുന്നതിനും ഉള്ള ആത്മീയ വശമത്രെ മനസ്സ്.

വി. മനസ്സിന്റെ വിഷയം നന്മയാണ്. ലോകത്തിൽ പലതരത്തിലുള്ള നന്മകൾ നാം കാണുന്നുണ്ട്. എന്നാൽ അവയെല്ലാം പരിമിതങ്ങളാകയാൽ മനസ്സിനെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ അവയ്ക്ക് കഴിയുകയില്ല. മനസ്സിനു പൂർണ്ണ സംതൃപ്തി പ്രദാനം ചെയ്യുവാൻ കഴിയുന്ന നന്മ ഒന്നുമാത്രമേ ഉള്ളൂ. അതു സർവ്വ നന്മയായ ദൈവംതന്നെയാണ്. ഈ പരമനന്മയെ പ്രാപിക്കുന്നതിനുള്ള ഉപകരണങ്ങളായിട്ടാണ് ഇതരനന്മകൾ നമുക്കു നൽകപ്പെട്ടിരിക്കുന്നത്. ആകയാൽ മോക്ഷപ്രാപ്തിക്കു ഉപയുക്തമായ വിധത്തിൽ അവയെ സ്നേഹിക്കുന്നതിനു വിരോധമില്ല.

ചോ. മനസ്സിന്റെ പ്രധാനപ്രവൃത്തികൾ ഏവ്?

ഉ. മനസ്സിന്റെ പ്രധാന പ്രവൃത്തികൾ സ്നേഹിക്കുക, വെറുക്കുക, മനസ്സാകുക, തെരഞ്ഞെടുക്കുക മുതലായവയാകുന്നു.

ചോ. മനസ്സിനു വല്ല പ്രത്യേകതയും ഉണ്ടോ?

ഉ. ഉണ്ട്; മനസ്സ് സ്വതന്ത്രമാകുന്നു.

ചോ. മനഃസ്വാതന്ത്ര്യം എന്നാൽ എന്ത്?

ഉ. ഒരു പ്രവൃത്തി ചെയ്യുകയോ ചെയ്യാതിരിക്കുകയോ, ഒന്നിനെ ഉപേക്ഷിച്ച് മറ്റൊന്നിനെ സ്വീകരിക്കയോ ചെയ്യുന്നതിനുള്ള വശമത്രെ മനഃസ്വാതന്ത്ര്യം.

വി. മനുഷ്യൻ തന്റെ പ്രവൃത്തികളിൽ സ്വതന്ത്രനാണെന്ന് അനുഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഒരാൾ സ്വമനസ്സാലെ, ഒരു കളവുപറയുന്നപക്ഷം അതു പറയേണ്ടിയിരുന്നില്ല. അപ്പോൾ പറയാതിരിക്കുമായിരുന്നു എന്ന് അയാൾക്കറിയാം. മറ്റൊരു വിധത്തിൽ സംസാരിച്ച് സത്യം വെളിപ്പെടുത്തേണ്ടതായിരുന്നു എന്നും അയാൾക്ക അറിവുണ്ട്.

ചോ. ഇന്ദ്രിയങ്ങൾ എന്നാൽ എന്ത്?

ഉ. ഭൗതികവസ്തുക്കളെ ഗ്രഹിക്കുന്നതിനുള്ള ശരീരാവിശേഷങ്ങളത്രേ ഇന്ദ്രിയങ്ങൾ.

വി. മനുഷ്യനു ഗ്രഹിക്കുന്നതിനു രണ്ടു വശങ്ങളുണ്ട്. ഒന്നു ബുദ്ധി. മറ്റൊന്നു ഇന്ദ്രിയങ്ങൾ. ബുദ്ധി വഴിയായി നാം ഭൗതികങ്ങളും അഭൗതികങ്ങളുമായവയെ ഗ്രഹിക്കുന്നു. ഇന്ദ്രിയങ്ങൾ

പഴിയായി നാം ഭൗതികവിഷയങ്ങളെ മാത്രമെ ഗ്രഹിക്കുന്നുള്ളു. ഇന്ദ്രിയങ്ങൾ മൃഗങ്ങൾക്കുമുണ്ട്.

ചോ. ഇന്ദ്രിയങ്ങൾ ഏവ?

ഉ. ബാഹ്യേന്ദ്രിയങ്ങൾ അന്തരിന്ദ്രിയങ്ങൾ എന്നിങ്ങനെ ഇന്ദ്രിയങ്ങൾ രണ്ടുതരമുണ്ട്. ബാഹ്യേന്ദ്രിയങ്ങൾ— കാഴ്ച, കേൾവി, രുചി, ഘ്രാണം, സ്പർശനം, എന്നിവയ്ക്കുള്ള ശക്തികളാകുന്നു. അന്തരിന്ദ്രിയങ്ങൾ— ഭാവനാശക്തി (imagination) ഓർമ്മശക്തി (memory) സംവേദനാശക്തി(common sense) നിർണ്ണയശക്തി(estimative sense) എന്നിവയാകുന്നു.

ചോ. വികാരവശങ്ങൾ എന്നാൽ എന്ത്?

ഉ. ഭൗതികനന്മകളെ പ്രാപിക്കുന്നതിനും തിന്മകളെ തിരസ്കരിക്കുന്നതിനും ഉള്ള വശമാകുന്നു.

വി. ഇന്ദ്രിയങ്ങൾകൊണ്ടു നാം ഭൗതികവസ്തുക്കളെ ഗ്രഹിക്കുന്നു. ഇങ്ങനെ ഗ്രഹിക്കുന്ന നന്മകളെ പ്രാപിക്കുന്നതിനുള്ള കഴിവത്രെ വികാരവശം. ഇതു് മൃഗങ്ങളിലും ഉള്ളതാണ്. എന്നാൽ മനുഷ്യന്റെ വികാരവശം അവന്റെ ബുദ്ധിക്കും മനസ്സിനും വിധേയമായിരിക്കേണ്ടതാണ്.

ചോ. വികാരങ്ങൾ ഏവ?

ഉ. വികാരങ്ങൾ, സ്നേഹം, വിരോധം; ആഗ്രഹം, വെറുപ്പ്; സന്തോഷം, ദുഃഖം; പ്രത്യാശ, നിരാശ; ധൈര്യം, ഭയം; അരിശം, എന്നിങ്ങനെ പതിനൊന്നാണ്.

ചോ. മനുഷ്യനെ മൃഗത്തിൽനിന്നു വ്യത്യസ്തനാക്കുന്നതെന്താണ്?

ഉ. വിവേചനാബുദ്ധിയും സ്വതന്ത്രമനസ്സും ഉള്ള അവന്റെ ആത്മാവത്രെ മനുഷ്യനെ മൃഗത്തിൽനിന്ന് വ്യത്യസ്തപ്പെടുത്തുന്നതു്.

വി. മനുഷ്യന്റെ വിവേചനാബുദ്ധിയും, സ്വതന്ത്രമനസ്സുമാണ് അവന്റെ പുരോഗതിക്കും അധോഗതിക്കും നിദാനം താഴ്ശശക്തിവിശേഷങ്ങൾ ഇല്ലാത്ത തിര്യക്കുകൾ യാതൊരു മാറ്റവും കൂടാതെ ആയിരം വർഷങ്ങൾക്കുമുൻപ് എങ്ങനെ വർത്തിച്ചിരുന്നുവോ അങ്ങനെതന്നെ ഇന്നും വർത്തിച്ചുവരുന്നതായി നാം കാണുന്നു.

മനുഷ്യന്റെ വിവേചനാബുദ്ധിയുടെയും സ്വതന്ത്രമനസ്സിന്റെയും മൂലം അരൂപിയായ അവന്റെ ആത്മാവല്ലാ

തെ മറ്റൊന്നുമല്ല. മനുഷ്യാത്മാവു് അരൂപിയായതുകൊണ്ടു് അ തു് അമർത്ത്യമാണെന്നു് നാം കണ്ടു. ആകയാൽ തിന്മ്യക്കൾ ക്ഷ ണികങ്ങളായിരിക്കെ മനുഷ്യൻ നിത്യജീവിയാണു്.

ചോ. മനുഷ്യരും മാലാഖാമാരും തമ്മിലുള്ള വ്യത്യാസ മെന്തു്?

ഉ. മനുഷ്യർക്കു ശരീരമുണ്ടു്. മാലാഖാമാർക്കു് ശരീരമില്ല.

വി. മനുഷ്യൻ ആത്മശരീരങ്ങളോടുകൂടിയ ഒരു ജീവി യാണു്. മാലാകാമാർക്കാകട്ടെ ശരീരമില്ല. മനുഷ്യാത്മാവു് മനുഷ്യ ശരീരത്തെ സജീവമാക്കിച്ചെയ്യുന്നതിനു് നിയുക്തമാണെന്നുള്ളതു ശരിതന്നെ. എന്നാൽ അതു് മാലാകായെപ്പോലെ അരൂപിയാണു്, അമർത്ത്യമാണു്. ഇതിനാലത്രെ വിശുദ്ധ ദാവീദു് "അപരനെ (മനു ഷ്യനെ) മാലാകാമാരിൽ അല്പം താഴ്ത്തി" എന്നു് സങ്കീർത്തനത്തിൽ പാടിയിരിക്കുന്നതു്.

"മാനത്തിൽ മിന്നുന്ന മാലാഖാമാരേക്കാൾ
മാനവൻ സ്വല്പമേ താഴ്ന്നതുള്ളു."

ചോ. മനുഷ്യൻ ദൈവസ്വരൂപത്തിലും, സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്നു പറയുന്നതെന്തുകൊണ്ടു്?

ഉ. മനുഷ്യാത്മാവു് അരൂപിയായതിനാലും, അതിനു വി വേചനാബുദ്ധിയും, മനഃസ്വാതന്ത്ര്യവും ഉള്ളതുകൊണ്ടുമാകുന്നു മനുഷ്യൻ ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്നു് പറയുന്നതു്.

സൂചന: എന്നാൽ വരപ്രസാദം വഴിയായി ദൈവത്തിന്റെ ഈ സ്വരൂപവും സാദൃശ്യവും ഉപരിപൂർണ്ണവും ക്ലുപ്തൽ ശ്രേഷ്ഠവുമായിത്തീരുന്നു.

ചോ. മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കന്മാർ ആരു്?

ഉ. മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കന്മാർ ആദവും ഹവ്വായും ആണു്.

ചോ. ദൈവം ആദത്തെ എങ്ങനെ സൃഷ്ടിച്ചു?

ഉ. ദൈവം ഒരു മനുഷ്യശരീരത്തെ പൊടിയായ ഭൂമണ്ണിൽനിന്നു് രൂപവാക്കി അതിന്റെ മുഖത്തു് ജീവശ്വാസം നി ശ്വസിച്ചു. ആദം ഒരു മനുഷ്യനായി. ഇങ്ങനെയാണു് ദൈവം ആദത്തെ സൃഷ്ടിച്ചതു്. (സൃഷ്ടി. 2–7)

ചോ. ദൈവം ഹവ്വായെ എങ്ങനെ സൃഷ്ടിച്ചു?

ഉ. ആദം നിദ്ര ചെയ്യുകയിൽ അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തു് അതിനെ ഒരു സ്ത്രീയാക്കിത്തീർത്തു. ഇങ്ങനെ ഹാവ്വായെ സൃഷ്ടിച്ചു. (സൃഷ്ടി. 2–21, 22)

വി. ഇവർ ഇരുവരിൽനിന്നാണ് ഇന്നു് ലോകത്തിൽ ഉള്ള സകല മനുഷ്യരും ആവിർഭവിച്ചിട്ടുള്ളതു്. അതിനാൽ മനുഷ്യവർഗ്ഗം ഒരു വലിയ കുടുംബമാണ്. ഈ കുടുംബത്തിന്റെ ആദിമാതാപിതാക്കന്മാർ ആദവും ഹാവ്വായും അത്രേ. ഇങ്ങനെ മനുഷ്യരെല്ലാം ഒരു തായ്ത്തണ്ടിൽനിന്നു്, പുറപ്പെട്ടതിനാൽ നാമെല്ലാവരും സഹോദരീ സഹോദരങ്ങളാകുന്നു. ഈദൃശമനോഭാവങ്ങൾ മാനവകുലത്തിലെ ഓരോ വ്യക്തിക്കും ഉണ്ടാകേണ്ടതാണു്.

കേക.

ദൃശ്യമാം പ്രപഞ്ചൈക മന്ദിരം തേജോമയം
വിശ്വനായകൻ ദൈവമത്രയം വിരചിച്ചു.
വിസ്തൃതവിഹായസ്സിൽ നീലനീരാളം ചാർത്തി;
വിശ്രുത രത്നൗഘങ്ങൾ പതിച്ചാൽ ബഹുവിധം.
മേല്പോര ജീവധാമമണ്ഡലമതിൻ താഴെ
ഭൂരുഹാദികളാലുമൊരുക്കി മനോജ്ഞമായ്.
എന്തിനായ് വരാമേവം സൂക്ഷ്മാനിലയനം,
ബന്ധുരാഭമായ് ദേവൻ തീർത്തിതു മഹാഭവൻ.
വാനവർതന്മാർക്കു വിഹരിക്കുവാൻ താനോ?
വിണ്ണവർനാഥമാമാനന്ദം നൽകുവാനോ
നാഥനു സ്വയമിങ്ങു വിശ്രമിപ്പതിന്നാമോ?
സച്ചിപാത്രങ്ങൾക്കിങ്ങു നർത്തനം ചെയ്യുവാനോ?
അല്ലല്ല! മൺകുടയിൽ പൂകിയജീവതന്തു–
വുല്ലസൽപ്രീതി പൂണ്ടു വിഹരിക്കുവാനഹോ!
ആരിവൻ! ജീവേശന്റെ ഉൾത്തടം കവർന്നിട്ടം
ചോരനോ? കുബേരനോ? കുത്സിതനല്ലേ ഇവൻ?
കേവലം കാരാലയവാസിയാമൊരു പൈതൽ
എങ്കിലും താരാളിയെ അതിജീവിക്കുന്നിവൻ.
അനന്ത വ്യോമത്തിങ്കൽ തങ്ങിത്താഴ്ന്നമന്നിട്ടം
അത്യല്പപരമാണുവെങ്കിലുമവൻ മഹാ

പ്രേമവിൻ മടിത്തട്ടിൽ മംഗലമണിക്കുട്ടി
മഹിമാഭവേത്തിന്നേകഭാക്കാകും വ്യക്തി.
ചെറുമേ ചെറുതല്ല: വലുതോ അല്ല ഒരല്ലും
പെറുതാൻ പെരുകുന്ന ലൗകത്തിനിവൻസമം.
മൃത്തികാപിണ്ഡമെന്നാൽ, ജ്ഞാനികൾക്കതുല്യമാം
സത്തമിദേവാലയം, പാകിലതുത്തമാവഹം.
ജീവിതമഹാസിന്ധുവിൽ ചിലിൽക്ഷണികമാം
ഭാവുകം നേടുന്നൊരു ബുദ്ബുദമെന്നാകിലും
ദിവ്യനായകൻ ദേവതനയനിവന്നായി
ഭവ്യമാംമുദ്രചാർത്തുവാൻ മുതിർന്നഹോ!
നിത്യഭാഗ്യത്തിൽനിന്നു നിപതിച്ചൊരുസ്ഫുലിം-
ഗത്തിമാംവൃക്ഷത്തിന്റെ നീചമാമൊരു ശാഖി-
യെങ്കിലും അതിൽനിന്നു മേൽത്തരമുല്യമാ-
യൊന്നിനെ നിനയ്ക്കുവാനാർക്കു സാദ്ധ്യമായ് വരും?
ഇന്നു താനിവനുണ്ടായെങ്കിലും യുഗങ്ങൾ തൻ
സന്തതിയായി മേവുമിവനോ സ്രഷ്ടാവിന്റെ
ചിന്തയിലനാദിതൊട്ടമർന്നു വിലസുന്ന
ചന്തമാർന്നിട്ടും ദിവ്യകുസുമമൊന്നായ് വരാം.
മേദുരധനകാംക്ഷയാണിവൻവഹിപ്പതു
സാദരമതിന്നായിത്തന്നെ ജീവിപ്പുപാർക്കിൽ.
സ്വർണ്ണരത്നാദിമുല്യഭാണ്ഡങ്ങൾപേറിക്കൊണ്ടു
നിസ്സ്വയമിവൻ വിശ്വനാഥനായ് വിഹരിപ്പു.
ആശയാണിവൻ ജീവപാശമായ്നിനപ്പതു
നാശമാണതിൻഫലമെന്നു താനറിവീല.
പാവനാശകനീശോമിശിഹായാകുംദിവ്യ-
മൂശയിലിവൻ ചേരുവോളവുമതുവാസ്സ്യം.
സാരമായിട്ടും ദൈവവരമാംപ്രസാദത്ത
ശേഖരംചെയ്യോ ഭൂമൌഹനിച്ചോ വാഴംജീവി.
ആരുവാനിവൻതന്റെ ലക്ഷ്യമെന്നോന്നായ് വരാം?
ചേരുവാനതിലെന്തുമാർഗ്ഗമിങ്ങിവനുള്ളു?
ഓതുവൻ; മർത്യനാമാമാനവൻമഹിതാത്മൻ
മാനുഷൻ, നരനെന്നീനാമങ്ങളാർന്നോനിവൻ.
മരണംമൂലംദിവ്യസദനംപ്രാപിക്കേണ്ടും
വിഭവംലഭിച്ചവൻ ദിവ്യഭാഗ്യവാനിവൻ.

ഹേ! മർത്ത്യ! ദിവ്യാത്മക! ജയിക്കുജയിക്കുതേ,
ഭാവുകമന്ത്യം നിജലക്ഷ്യമായ്‌വരിക്കുനീ.
ജീവിതപോതത്തിന്റെ സൂചിയെ ത്തിരിച്ചഹോ!
ഭാവിയാംഭാഗ്യകാന്തശക്തിയെ ഭജിക്കുനീ.
ശാന്തിയും, സൌഭാഗ്യവും, നിത്യമോക്ഷവുംനൽകാൻ
കാന്തിമാൻ ദൈവംനിന്നെ നിയതം വിളിക്കുന്നു.

സേവിയർ.

III

മാലാഖാമാർ.

ചോ. സൃഷ്ടികളിൽവച്ച് ഏറ്റവും ശ്രേഷ്ഠമായവ ഏവയാകുന്നു?

ഉ. മാലാഖാമാർ.

വി. നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്ന ദൃശ്യലോകത്തിനു പുറമെ ഒരു അദൃശ്യലോകവും ക്രമേണ സ്ഥിതി ചെയ്യുന്നുണ്ട്. ഇതു വിശ്വാസം നമ്മെ പഠിപ്പിക്കുന്ന ഒന്നാണ്. ഇങ്ങനെയുള്ള അദൃശ്യലോകത്തിലെ ജീവികളത്രെ മാലാഖാമാർ. അവരാണു സൃഷ്ടലോകത്തിൽ ഏറ്റവും ശ്രേഷ്ഠസ്ഥാനം അലംകരിക്കുന്നതു്. ദൂതൻ എന്നാണു് മാലാഖാ എന്ന വാക്കിന്റെ അർത്ഥം. ദൈവം ഇവരെ തന്റെ ഇതര സൃഷ്ടവസ്തുക്കളെ ഭരിക്കുന്നതിനുള്ള ഉപകരണമായും ദൂതന്മാരായും ഉപയോഗിക്കുന്നതു കൊണ്ടാണു് ഈ നാമം അവക്കു് ലഭിച്ചതു്.

ചോ. മാലാഖാമാർ ആരാകുന്നു?

ഉ ബുദ്ധിയും മനസ്സുമുള്ള അരൂപികളാകുന്നു മാലാഖാമാർ.

വി. ഇവക്കു ശരീരമില്ല. നമുക്കുള്ളതുപോലെ ബുദ്ധിയും മനസ്സുമുണ്ടു്.

ചോ. മാലാഖാമാരുടെ ആകൃതിയും രൂപവും എന്തു്?

ഉ. മാലാഖാമാക്കു് ആകൃതിയാകട്ടെ, ഇന്ദ്രിയഗോചരമായ രൂപമാകട്ടേ ഇല്ല. എന്തുകൊണ്ടെന്നാൽ അവർ ശരീരത്തോടുള്ള ബന്ധംകൂടാതെ സ്ഥിതിചെയ്യാൻ സൃഷ്ടിക്കപ്പെട്ട കേവലം അരൂപികളാകുന്നു.

ചോ. മാലാഖാമാരെ എന്തുകൊണ്ടാണു് ഇന്ദ്രിയഗോചരമായ ആകൃതിയിൽ കാണിക്കുന്നതു്?

ഉ. മാലാഖാമാരെ ഇന്ദ്രിയഗോചരമായ ആകൃതിയിൽ കാണിക്കുന്നതു്:— i നമ്മുടെ ഭാവനയുടെ സഹായത്തിനു വേണ്ടിയും ii വി. ലിഖിതങ്ങളിൽ നിന്നു നാം അറിയുന്നതുപോലെ അവർ മനുഷ്യർക്കു പലപ്പോഴും അത്യുപകാരം പ്രത്യക്ഷപ്പെട്ടിട്ടുള്ളതുകൊണ്ടുമാകുന്നു.

ചോ. ദൈവം അവരെ എന്തിനാകുന്നു സൃഷ്ടിച്ചതു?

ഉ. ദൈവം അവരെ സൃഷ്ടിച്ചതു് തന്നെ അറിഞ്ഞു സ്നേഹിച്ചു ശുശ്രൂഷചെയ്തു നിത്യഭാഗ്യം പ്രാപിക്കുന്നതിനാകുന്നു.

സൂചന— ഈലക്ഷ്യപ്രാപ്തിക്കായി ദൈവം അവർക്കു പ്രസാദവരം എന്ന അമൂല്യദാനം സൌജന്യമായി നൽകി.

ചോ. എല്ലാമാലാഖാമാരും ദൈവത്തിനു വിശ്വസ്തരായിനിന്നുവോ?

ഉ. ഇല്ല. ചിലർ വിശ്വസ്തരായി തന്നെ ശുശ്രൂഷചെയ്തുവെങ്കിലും മറ്റുചിലർ അവിശ്വസ്തരായി തന്നോടെതിർത്തു.

വി. മാലാഖാമാർക്കു നിർദ്ദേശിച്ചിരുന്ന പരമലക്ഷ്യം പ്രാപിക്കുന്നതിനുമുമ്പു് അവരെ പരീക്ഷിപ്പാൻ ദൈവം തിരുമനസ്സായി. എന്നാൽ ചിലർ അഹങ്കാരത്താൽ പ്രേരിതരായി, തന്നോടെതിർത്തു. ദൈവം കോപിച്ചു് അവരെ നരക പാതാളത്തിലേയ്ക്കു തള്ളി. ഇങ്ങനെ നരകവാസികളായിത്തീർന്ന മാലാഖാമാരത്രെ പിശാചുക്കൾ. എന്നാൽ മറ്റുചിലർ ദൈവത്തോടു വിശ്വസ്തരായി നിന്നു. അവർ ഇന്നു ദൈവത്തോടുകൂടെ മോക്ഷാനന്ദം അനുഭവിക്കുന്നു. മാലാഖാ എന്നപേരിൽ ഇന്നു് അറിയപ്പെടുന്നതു് വിശ്വസ്തരായ പ്രസ്തുത മാലാഖാമാർ മാത്രമാണു്.

ചോ. മാലാഖാമാർ എങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നു?

ഉ. i സ്രാപ്പേന്മാർ ii ക്രോവേന്മാർ iii ഭദ്രാസനന്മാർ iv അധിപത്യങ്ങൾ v ബലവത്തുക്കൾ vi രാജിതർ vii നാഥകൃത്യർ viii അതിദൂതന്മാർ ix ദൂതന്മാർ എന്നിങ്ങനെയത്രെ മാലാഖാമാർ വിഭജിക്കപ്പെട്ടിരിക്കുന്നതു്.

ചോ. മാലാഖാമാരുടെ ചുമതലകൾ എന്തെല്ലാം?

ഉ. ദൈവത്തെ സ്തുതിക്കുകയും പ്രപഞ്ചഭരണത്തിൽ ദൈവത്തിന്റെ മഹിമാനുസരണം വർത്തിക്കുകയുമത്രെ മാലാഖാമാരുടെ ചുമതലകൾ.

ചോ. കാവൽഭൂതന്മാർ ആരാണു്?

ഉ. മനുഷ്യരെ അവരുടെ ജനനം മുതൽ മരണംവരെ

കാത്തുസൂക്ഷിക്കുന്നതിനു നിയുക്തരായിരിക്കുന്ന മാലാഖാമാരത്രെ കാവൽഭൂതന്മാർ.

ചോ. കാവൽഭൂതന്മാരോടു നമുക്കുള്ള കടമകൾ ഏവ?

ഉ. കാവൽഭൂതന്മാരെ നാം സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യണം. അവരുടെ മദ്ധ്യസ്ഥവും, സഹായവും അഭ്യർത്ഥിക്കണം. അവരുടെ സൽബുദ്ധികളെയും, സൽപ്രേരണകളെയും പിഞ്ചെന്നു നടക്കണം. അവർ വഴിയായി നമുക്കു ലഭിച്ചിട്ടുള്ള ഉപകാരസഹായങ്ങൾക്കായി അവരോടു നന്ദിപറകയും, അവരോടു ഭക്തിയായിരിക്കയും വേണം.

സൂചന. ഒക്ടോബർ 2–ാംനു-യാണ് തിരുസ്സഭ കാവൽഭൂതന്മാരുടെ തിരുനാൾ ഘോഷിക്കുന്നതു്. അതു ഭക്തിപൂർവ്വം ആചരിക്കേണ്ടതാണ്.

പ്രാർത്ഥന— എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖയെ! ദൈവത്തിന്റെ കൃപയാൽ നിന്റെ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന എന്നെ സംരക്ഷിക്കുകയും ഭരിച്ചുനടത്തുകയും എന്റെ ബോധത്തെ തെളിയിക്കുകയും ചെയ്യേണമേ. ആമ്മേൻ.

ദൈവഭടൻ വി. പത്രോസിനെ കാരാഗൃഹത്തിൽ നിന്നു രക്ഷിച്ച സംഭവം പറയാം.

അഗ്രിപ്പാസ് രാജാവു് യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വധിച്ചശേഷം ശെമഓൻ പത്രോസിനെയും ബന്ധിച്ചു കാരാഗൃഹത്തിലാക്കി. പതിനാറു പടയാളികളുടെ കാവലിലത്രെ അയാളെ സൂക്ഷിച്ചിരുന്നതു്. പത്രോസ് ബന്ധിതനായി എന്നു കണ്ടു് സഭ മുഴുവനും അദ്ദേഹത്തിന്റെ മോചനത്തിനായി ഏരിവുള്ള പ്രാർത്ഥനകൾ ദൈവതിരുമുമ്പിൽ ഇടവിടാതെ അർപ്പിച്ചിരുന്നു.

ഇങ്ങനെയിരിക്കയിൽ ഒരു രാത്രി പത്രോസ് ചങ്ങലകളാൽ ബന്ധിതനായി രണ്ടു പടയാളികളുടെ മദ്ധ്യേ നിദ്രചെയ്തായിരുന്നു. വേറെ പടയാളികൾ വാതിൽക്കൽ പാറാവുനിന്നിരുന്നു പിറ്റെദിവസമത്രെ അദ്ദേഹത്തെ യൂദന്മാക്കു് ഏല്പിച്ചുകൊടുക്കുന്നതിനു അഗ്രിപ്പാസ് രാജാവു് ഉദ്ദേശിച്ചിരുന്നതു്.

അപ്പോൾ കർത്താവിന്റെ ദൂതൻ അവന്റെ മേൽഭാഗത്തു പ്രത്യക്ഷനായി. ഉടനെ ഒരു ദിവ്യപ്രകാശം കാരാഗൃഹം മുഴുവനെയും തേജോമയമാക്കിച്ചെയ്തു. മാലാഖാ പത്രോസിന്റെ

വലത്തു ഭാഗത്തു തട്ടി 'എഴുന്നേൽക്കുക' എന്നു പറഞ്ഞു അയാളെ ഉണർത്തി. ഉടനെ ചങ്ങലകൾ തന്റെ കൈകളിൽ നിന്നു താഴെ വീണു. ദൂതൻ തന്നോടു അരകെട്ടി ചെരുപ്പുകൾ ധരിക്കുന്നതിനും മേലങ്കി ധരിച്ചു അയാളെ അനുഗമിക്കുന്നതിനും ആജ്ഞാപിച്ചു.

ശെമഓൻ അയാളുടെ പിന്നാലെ പോയി. അവർ ഒന്നാമത്തെയും രണ്ടാമത്തെയും കാവൽ കടന്നു ഇരുമ്പുവാതിൽക്കൽ എത്തിയപ്പോൾ അതു താനെ അവർക്കായി തുറക്കപ്പെട്ടു. അവർ യാത്ര തുടർന്നു ഒരു തെരുവു കടന്നപ്പോൾ ദൂതൻ പത്രോസിനെ വിട്ടുപോയി. അപ്പോൾ മാത്രമേ താൻ സ്വപ്നം കാണുകയല്ലായിരുന്നുവെന്നും, കർത്താവു തന്റെ ദൂതനെ അയച്ചു ഹേറോദേസിൽനിന്നും യൂദന്മാരുടെ ദുരാലോചനകളിൽനിന്നും തന്നെ രക്ഷിച്ചുവെന്നും പത്രോസ് ഗ്രഹിച്ചുള്ളൂ.

IV

ദുഷ്ടാത്മാക്കൾ.

ചോ. ദുഷ്ടാത്മാക്കൾ അഥവാ പിശാചുക്കൾ ആരാകുന്നു?

ഉ. ദൈവത്തോടു മത്സരിച്ചു പാപം ചെയ്തതിനാൽ ശിക്ഷിക്കപ്പെട്ട നരകപാതാളത്തിൽ തള്ളപ്പെട്ട മാലാഖാമാരത്രെ ദുഷ്ടാത്മാക്കൾ അഥവാ പിശാചുക്കൾ.

വി. സൃഷ്ടാവിനെതിരായി മത്സരിച്ച മാലാഖാമാരുടെ മേൽ ദൈവനീതിയുടെ പ്രതികാരം മിന്നൽപിണർപോലെ വീണു. ദൈവം അവരെ സ്വർഗ്ഗത്തിൽനിന്നു ബഹിഷ്കരിച്ചു നരകപാതാളത്തിൽതള്ളി. ദൈവം നേരിട്ടല്ലാ അതു ചെയ്തതു. പ്രത്യുത വിശ്വസ്തരായിനിന്ന മാലാഖാമാർ വഴിയത്രെ.

ഇതിനെക്കുറിച്ചു വി. യോഹന്നാൻ വെളിപാടാഗമത്തിൽ പറയുന്നതു ഇങ്ങനെയാണു്. "ആ സമയത്തിൽ ആകാശത്തിൽ ഒരു മഹായുദ്ധം നടന്നു. മിഖായേലും തന്റെ മാലാഖാമാരും ഘോരപ്പാമ്പിനെതിരായി പോരാടി. ഘോരസർപ്പവും അവന്റെ അനുചരന്മാരായ മാലാഖാമാരും മിഖായേലിനും അവന്റെ കൂട്ടുകാർക്കും എതിരായി യുദ്ധംചെയ്തു. അവരെ ഇവർ പരാജിതരാക്കി അവരുടെ സ്ഥാനം പിന്നെ ആകാശത്തിൽ കണ്ടതുമില്ല."

ചോ. ശിക്ഷിക്കപ്പെട്ട മാലാഖമാർ എന്തു പാപമാണു ചെയ്തത്.

ഉ. അവർ ചെയ്ത പാപം അഹങ്കാരത്തിനടുത്ത ഒന്നായിരുന്നു.

വി. അവർ സ്വശക്തിയാൽ, ദൈവസഹായംകൂടാതെ പരമലക്ഷ്യം പ്രാപിക്കാമെന്നു കരുതി. അതിനാൽ അവർ സ്വശക്തിയിൽ അതിയായി ശരണപ്പെട്ട എന്ന അഹങ്കാരത്തിനടുത്ത പാപം ചെയ്തു. ഇതു് ഭയങ്കരമായ ഒരു പാപമായിരുന്നു.

സൂചന — ഇതായിരുന്നു ആദ്യത്തെ പാപം. അവരുടെ പാപത്തിനു ശിക്ഷയായി നരകം തൽക്ഷണം സൃഷ്ടിക്കപ്പെട്ടകയും അവർ എല്ലാവരും ഇടിമിന്നൽപോലെ നരകത്തിലേക്കു തള്ളപ്പെട്ടകയും ചെയ്തു.

(അന്ധനടേ)

അനാദിനാഥന്റെ തനയനാകിലും
മനുജനെത്തല്ലും വണങ്ങുകില്ല ഞാൻ.
തകർക്കുമെന്റെ മേൽച്ചുമത്തിട്ടും നരകം
ശകലവുമിനി വഴങ്ങുകില്ല ഞാൻ.
എനിക്കു പിന്നിലായ് വരുന്ന വാനവ–
രനേകരാണവർക്കധീശനായ് സദാ
മുകിൽക്കുലങ്ങൾക്കും കൊടുമുടികൾക്കും
മുകളിലായി ഞാനയ്ക്കുവാണിടും.
സനാതനനൊടു സമാനമായെന്റെ
സിംഹാസനം വാനിലുയർത്തിടും ദൃഢം.

ഫാ. ഫ്ളോറിയൻ സി.ഡി.

ചോ. പിശാചുക്കൾക്കു് നമ്മെ ഉപദ്രവിക്കുവാൻ സാധിക്കുമോ?

ഉ. ദൈവത്തിന്റെ അനുമതിക്കുടാതെ നമുക്കു യാതൊരുപദ്രവവും ചെയ്യുവാൻ അവർക്കു് കഴിയുകയില്ല. എന്നാൽ ദൈവം അനുവദിക്കുന്നപക്ഷം അവർക്കു് നമ്മെ ഉപദ്രവിക്കുവാൻ കഴിയും.

വി. പിശാചിനെ നാം ഭയപ്പെടേണ്ടതില്ല. വി. ആഗസ്തീനോസ് തത്സംബന്ധമായി എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്. "പിശാചു് ചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ട ഒരു പട്ടിക്കുതുല്യനാണു്. അവിവേകമായി അതിന്റെ പക്കലേക്കു് അടുത്തു

ചെല്ലുന്നവരെ മാത്രമെ അതിനു കടിക്കുവാൻ സാധിക്കുകയുള്ളു. ബന്ധിക്കപ്പെട്ട ഒരു നായുടെ കടിയേൽക്കുന്നവൻ മായനാണല്ലൊ. മാംസത്തിന്റെ ദുരാശകളാലോ, ലൌകികസുഖലാഭങ്ങളാലോ, പിശാചിന്റെ വക്കൽ അടുക്കാതിരിക്കുവിൻ. പിശാചിനു കരുക്കുവാനും കോപിക്കുവാനും കഴിയുന്നതല്ലാതെ അവനോടു ചേർന്ന് അടുക്കാത്തവരെ കടിക്കുവാൻ സാധിക്കുന്നതല്ല. വാശീകരണതന്ത്രങ്ങളെ ഉപയോഗിപ്പാനല്ലാതെ ബലംപ്രയോഗിപ്പാൻ അവനു പാടില്ല. നിങ്ങളുടെ സമ്മതത്തെ യാചിച്ചു വാങ്ങിക്കാനല്ലാതെ നിർബന്ധിച്ചു വാങ്ങിപ്പാൻ അവനു അനുവാദമില്ല."

എന്നാൽ ദൈവം അനുവദിക്കുന്നപക്ഷം അവനു നമ്മെ, ഉപദ്രവിക്കുവാൻ കഴിയും. ഇതിനു യോബിന്റെ ചരിത്രം സാക്ഷിയാണു്. ദൈവം കല്പിക്കുന്നു: "മനുഷ്യന്റെ സ്വന്തമായ സകലവസ്തുക്കളും നിന്റെ അധികാരത്തിൻ കീഴ് ഞാൻ തന്നിരിക്കുന്നു; അവന്റെ ദേഹത്തിൽ നീ കൈവയ്ക്കരുതു്."

ചില വിശുദ്ധന്മാരുടെ ചരിത്രത്തിൽ കാണുന്നതുപോലെ പരീക്ഷിക്കുന്നതിനു മാത്രമല്ല ചിലദോഷോപദ്രവം ഏൽപിക്കുന്നതിനുംകൂടെ ദൈവം ചിലപ്പോൾ പിശാചുക്കൾക്കു് അനുവദിക്കാറുണ്ടു്. താദൃശസംഭവങ്ങൾ അപൂർവ്വമായേ നാം കാണുന്നുള്ളു. അതു പലപ്പോഴും പ്രസ്തുത വിശുദ്ധന്മാരുടെ വിശ്വസ്തത, സ്വഭക്തി തീയിലെന്നതുപോലെ പരിശോധിക്കപ്പെടുന്നതിനും ക്രമേണ പവിത്രീകൃതമാകുന്നതിനും അത്രെ.

ചോ. പിശാചു് എന്തുകൊണ്ടാണു് നമ്മെ പാപത്തിനു് പരീക്ഷിക്കുന്നതു്?

ഉ. ദൈവത്തോടുള്ള അവന്റെ കോപവും നമ്മോടുള്ള അവന്റെ അസൂയയും കൊണ്ടത്രെ അവൻ അങ്ങനെ ചെയ്യുന്നതു്.

വി. അവനെ സ്വർഗ്ഗത്തിൽനിന്നു തള്ളിക്കളഞ്ഞതുകൊണ്ടും നിത്യനരകത്തിൽ അഗ്നിയ ശൃംഖലകളാൽ അവനെ ബന്ധിച്ചതുകൊണ്ടുമാണു് ദൈവത്തോടു് അവൻ ക്രുദ്ധനായിരിക്കുന്നതു്. അവനു നഷ്ടപ്പെട്ട മോക്ഷസിംഹാസനവും കിരീടവും മനുഷ്യനു് കൈവന്നു എന്നുള്ളതാണു് മനുഷ്യനോടുള്ള അവന്റെ അസൂയയ്ക്കു കാരണം.

ചോ. ദൈവം എന്തുകൊണ്ടാണ് ഇപ്രകാരമുള്ള പരീക്ഷകൾ അനുവദിക്കുന്നത്?

ഉ. പരീക്ഷകൾ നമുക്കുണ്ടാകുവാൻ ദൈവം അനുവദിക്കുന്നതിനു് പല ന്യായങ്ങളുണ്ട്. (i) ശത്രുക്കളോടെതിർത്തു് പോരാടുന്നതിനു് പരീക്ഷ നമുക്കു പരിചയം നൽകുന്നു. (ii) ശത്രുക്കളോടു് എതിരിടുന്നതിനുള്ള നമ്മുടെ ബലഹീനതയെ ഗ്രഹിച്ചു് നമ്മിൽ അശേഷവും ആശ്രയിക്കാതെ, സവിനയം ദൈവത്തിൽ ആശ്രയിക്കുന്നതിനു് പരീക്ഷ ഇടയാക്കുന്നു. (iii) നാം പ്രസാദവരത്താൽ പരീക്ഷകളെ ജയിച്ചു് പുണ്യത്തിൽ അഭിവൃദ്ധിപ്പെട്ടു് സ്വർഗ്ഗത്തിൽ വലിയ സമ്മാനങ്ങൾക്കു് അർഹരായി ത്തീരണം എന്നുള്ളതു് ദൈവത്തിന്റെ വേറൊരുദ്ദേശമാണ്.

V

സൃഷ്ടിയുടെ ലക്ഷ്യം.

ദൈവം ഇല്ലായ്മയിൽനിന്നു പ്രപഞ്ചത്തേയും അതിലുള്ള സകല ചരാചരങ്ങളേയും സൃഷ്ടിച്ചു. എന്നാൽ ബുദ്ധിയുള്ള ഏതൊന്നിന്റെയും പ്രവൃത്തിക്കു് ഒരു ഉദ്ദേശമുണ്ടായിരിക്കണം. അതിനാൽ സർവ്വജ്ഞാനമായ ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിലും ഒരു ലക്ഷ്യം അവശ്യം ഉണ്ടായേതീരു. ആ പരമലക്ഷ്യത്തെക്കുറിച്ചാണ് നമുക്കിനി പ്രതിപാദിക്കാനുള്ളതു്.

ചോ. ദൈവം എന്തിനാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതു്?

ഉ. ദൈവം തനിക്കായി അതായതു് തന്റെ മഹത്വത്തിനായി ഈ പ്രപഞ്ചം സൃഷ്ടിച്ചു. "ദൈവം സമസ്തവും തനിക്കായി ഉണ്ടാക്കി" "ഞാൻ അവയെ എന്റെ മഹത്വത്തിനായി സൃഷ്ടിച്ചു"

വി. ഈ പ്രപഞ്ചത്തിൽ വിവിധതരത്തിലുള്ള വസ്തുക്കളെ നമുക്കു കാണാം. അവയുടെ എല്ലാം പരമലക്ഷ്യമാണ് ദൈവം. ദൈവമാണ് സൃഷ്ടിയുടെ ലക്ഷ്യമെന്നു പറഞ്ഞാൽ ദൈവം സൃഷ്ടികളാൽ മഹത്വീകരിക്കപ്പെടേണ്ടവനാണ്; ദൈവമഹത്വമാണു് സൃഷ്ടിയുടെ ലക്ഷ്യം എന്നെല്ലാമാണ് നാം ഗ്രഹിക്കേണ്ടതു്.

ചോ. ദൈവമഹത്വം എന്തിൽ അടങ്ങിയിരിക്കുന്നു?

ഉ. അതു് ദൈവത്തെക്കുറിച്ചുള്ള അറിവിലും സ്നേഹത്തിലും അടങ്ങിയിരിക്കുന്നു.

വി. ഒരാളെ നാം സ്തുതിക്കുകയോ ബഹുമാനിക്കുകയോ ചെയ്യുന്നതു് അയാളെക്കുറിച്ചുള്ള അറിവിനെയും മതിപ്പിനെയും ആസ്പദമാക്കിയാണു്. അപ്രകാരം തന്നെ ദൈവമഹത്വവും, തന്നെക്കുറിച്ചുള്ള അറിവിലും സ്നേഹത്തിലും അധിഷ്ഠിതമത്രെ.

ചോ. സൃഷ്ടികളെല്ലാം ഒരേ വിധത്തിലാണോ ദൈവത്തെ മഹത്വപ്പെടുത്തുന്നതു്?

ഉ. അല്ല, ഓരോസൃഷ്ടിയും അതിന്റെ പ്രകൃതിക്കനുസരിച്ചാണു് ദൈവത്തെ മഹത്വപ്പെടുത്തുന്നതു്.

വി. സൃഷ്ടികൾ പലതരത്തിൽ പെട്ടവയാണു്. ചിലതിനു ബുദ്ധിയുണ്ടു്. ചിലതിനു ബുദ്ധിയില്ല. ഈ രണ്ടിനത്തിൽ പെട്ടവയ്ക്കും ഒരേവിധത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാധിക്കുകയില്ല.

ചോ. ബുദ്ധിയില്ലാത്തവ എങ്ങനെയാണു് ദൈവത്തെ മഹത്വപ്പെടുത്തുന്നതു്.

ഉ. ദൈവം മഹത്വീകരിക്കപ്പെടുന്നതിനു സഹായിച്ചുകൊണ്ടത്രെ അവ ദൈവത്തെ മഹത്വപ്പെടുത്തുന്നതു്.

വി. ബുദ്ധിയില്ലാത്തവയ്ക്കു് ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും സാദ്ധ്യമല്ല. എന്നാൽ അവയിൽ പ്രത്യക്ഷപ്പെടുന്ന പൂർണ്ണതകൾ ദൈവ പരിപൂർണ്ണതകളുടെ പ്രതിച്ഛായയാകയാൽ അവയുടെ അസ്തിത്വം തന്നെ ദൈവത്തിനു മഹത്വകാരണമാണു്. ഈ അർത്ഥത്തിൽ ആകാശഗോളങ്ങൾ ദൈവമഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടു് നഭോമണ്ഡലത്തിൽ ചുറ്റിക്കറങ്ങുന്നു എന്നു പറയാം. അഗാധമേറിയ മഹാസമുദ്രം അതിന്റെ അലകൾകൊണ്ടു് ദൈവശക്തിയേയും മഹത്വത്തേയും അത്യുച്ചത്തിൽ ഉൽഘോഷിക്കുകതന്നെ ചെയ്യുന്നു. വേണ്ടാ, ഏറ്റവും നിസ്സാരങ്ങളായ പുല്ലുപുഷ്പാദികളും ദൈവസൃഷ്ടിഗാനങ്ങൾ ആലപിച്ചുകൊണ്ടത്രെ മന്ദമാരുതനിൽ നൃത്തം ചെയ്യുന്നതു്.

ക്രൂടാതെ അവ ബുദ്ധിയുള്ള സൃഷ്ടികൾക്കു് ദൈവപൂർണ്ണതകളെ പ്രതിബിംബിച്ചു കാണിക്കുന്ന ദൃഷ്ടാന്തമത്രെ. പോരെങ്കിൽ അവ ബുദ്ധിയുള്ളവയെ അസ്തിത്വത്തിൽ സംരക്ഷിക്കുന്നതിനും, വികസിപ്പിക്കുന്നതിനും സഹായിക്കുന്നു. ഇങ്ങനെ ബുദ്ധിയുള്ളവ ദൈവത്തെ അറിയുന്നതിനും, സ്നേഹിക്കുന്നതിനും പലതരത്തിൽ സഹായിച്ചുകൊണ്ടു് അവ ദൈവമഹത്വം സാധിക്കുന്നു.

ചോ. ബുദ്ധിയുള്ള സൃഷ്ടികൾ എങ്ങനെയാണ് ദൈവത്തെ മഹത്വപ്പെടുത്തുന്നത്?

ഉ. മറ്റുള്ളവർ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു സഹായിച്ചുകൊണ്ടും അവർതന്നെ ദൈവത്തെ അറിഞ്ഞ് സ്നേഹിച്ചുകൊണ്ടും ആണ് ബുദ്ധിയുള്ളവ ദൈവത്തെ മഹത്വപ്പെടുത്തുന്നത്.

വി. മനുഷ്യരും, അവരുടെ അസ്തിത്വവും പ്രവൃത്തികളും വഴിയായി മറ്റു ദൃശ്യവസ്തുക്കളെക്കാൾ ഉപരിയായ വിധത്തിൽ ദൈവപൂർണ്ണതകളെ വിളിച്ചറിയിക്കുന്നുണ്ട്. ആയതിനാൽ അവരും ബുദ്ധിയില്ലാത്തവയെപ്പോലെ, തന്നെയല്ല, അതിൽ ശ്രേഷ്ഠമായ വിധത്തിൽ ദൈവസ്തുതിക്ക് സഹായിക്കുന്നു.

ഇതിനുംപുറമേ, ബുദ്ധിയുള്ളവയ്ക്ക് ദൈവത്തെ അറിഞ്ഞും സ്നേഹിച്ചുംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാധിക്കും. ഇതാണ് ബുദ്ധിയുള്ളവയുടെ പ്രധാന ലക്ഷ്യം. അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിൽ തന്നെയാണല്ലോ സാക്ഷാൽ ദൈവമഹത്വം അടങ്ങിയിരിക്കുന്നതും.

ചോ. ദൈവമഹത്വത്തിനു പുറമെ, ബുദ്ധിയുള്ളവയ്ക്ക് വേറെ വല്ല ലക്ഷ്യവും ഉണ്ടോ?

ഉ. ഉണ്ട്. ഇത് സ്വർഗ്ഗസൗഭാഗ്യം പ്രാപിക്കുക എന്നുള്ള ലക്ഷ്യമാകുന്നു.

വി. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിൽ ദൈവത്തിനുള്ള പ്രധാന ഉദ്ദേശം തന്റെ മഹത്വമാണെന്ന് മുൻ പ്രസ്താവിച്ചുവല്ലോ. സച്ചിനന്മയായ ദൈവമാകട്ടെ തന്റെ നന്മയിൽ മറ്റുള്ളവരെക്കൂടെ ഭാഗഭാക്കുകളാക്കുവാൻ ആഗ്രഹിക്കുന്നു! എന്നാൽ ദൈവത്തിന് ഒരു സൃഷ്ടിക്ക് നൽകാവുന്നതിൽ ഏറ്റവും വലിയ നന്മ പ്രസ്തുത സൃഷ്ടി തന്നെമുഖമുഖമായി കണ്ടാനന്ദിക്കുന്നതിനു കൃപചെയ്യുക എന്നതാണ്. അതുകയാൽ നാം നിത്യഭാഗ്യം പ്രാപിക്കണമെന്നുള്ളത് സൃഷ്ടികർമ്മത്തിന്റെ വേറൊരു ഉദ്ദേശ്യമാണ്. എന്നാൽ നാം ഇങ്ങനെ നിത്യസൗഭാഗ്യം കൈവരിച്ച് ദൈവത്തെ എന്നെന്നേക്കും അറിഞ്ഞു സ്നേഹിക്കുമ്പോൾ അതുവഴിയായിത്തന്നെ സൃഷ്ടിയുടെ പരമാന്ത്യമായ ദൈവമഹത്വം സാധിക്കുന്നു.

VI

ദൈവപരിപാലന

ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും അതിലുള്ള ഓരോന്നിനും അതിന്റെ സ്വഭാവത്തിനു തക്കതായ ലക്ഷ്യം നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് തൃപ്തനായില്ല. പ്രപഞ്ചികവസ്തുക്കളിൽ ഓരോന്നിനെയും താൻ ഭരിക്കുകയും അവയുടെ നിർദ്ദിഷ്ട ലക്ഷ്യത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഈ ഉദ്ദേശപ്രവൃത്തിയെ അത്രെ ദൈവപരിപാലന എന്നു നാം പറയുന്നത്. സൃഷ്ടികർമ്മത്തോടും അതിന്റെ ലക്ഷ്യത്തോടും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന ഈ വിഷയത്തെക്കുറിച്ചാണ് ഇനി നാം വിചിന്തനം ചെയ്യേണ്ടത്.

ചോ. ദൈവപരിപാലന എന്നാൽ എന്ത്?

ഉ. സൃഷ്ടികൾ ഓരോന്നിനെയും അതിന്റെ പ്രകൃതിക്കനുസരണമായി ഭരിച്ച് അതിന്റെ ലക്ഷ്യത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ദൈവപ്രവൃത്തിക്കത്രെ ദൈവപരിപാലന എന്നു പറയുന്നത്.

വി. പ്രാപഞ്ചിക വസ്തുക്കളെല്ലാം ഒരു തരത്തിലുള്ളതല്ല. അവയുടെ എല്ലാം ലക്ഷ്യവും ഒന്നല്ല. അതിനാൽ വ്യത്യസ്തമായ വിധത്തിലാണ് ദൈവം അവയെ ഓരോന്നിനേയും ഭരിച്ചുനടത്തുന്നത്. ബുദ്ധിയും സ്വാതന്ത്ര്യവും ഉള്ളവയെ സ്വതന്ത്രമായി നടത്തി അവയുടെ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നു ദൈവം ബുദ്ധിയില്ലാത്തവയെ, പ്രകൃതിനിയമാനുസരണം താൻ തന്നെ കൈപിടിച്ചു നടത്തിയാലെന്നപോലെ അവയുടെ ലക്ഷ്യത്തിലേയ്ക്കു നയിച്ചുകൊണ്ടിരിക്കുന്നു.

ചോ. ദൈവം എല്ലാ വസ്തുക്കളെയും പരിപാലിക്കുന്നുണ്ടോ?

ഉ. ദൈവം എല്ലാറ്റിനേയും പരിപാലിക്കുന്നുണ്ട്.

വി. ദൈവപരിപാലനയെക്കുറിച്ച് ദിവ്യരക്ഷകൻ പ്രസ്താവിച്ചിട്ടുള്ളതിൽനിന്ന് ഇത് വ്യക്തമായി കാണാവുന്നതാണ്. "ആകാശത്തിലെ പറവകളെ നോക്കുവിൻ! അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ശേഖരിക്കുന്നുമില്ല. സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് അവയെ പോറ്റുന്നു . . . വസ്ത്രത്തെപ്പറ്റിയും നിങ്ങൾ എന്തിനു വിചാരപ്പെടുന്നു. വയലിലെ ശോശന്ന

കൾ എങ്ങനെ വളരുന്നു എന്നു പരിശോധിക്കുവിൻ. അവ അധ്വാനിക്കുന്നില്ല നൂൽ നൂക്കുന്നുമില്ലല്ലൊ. ശ്ലോമോൻ പോലും അവന്റെ മഹത്വങ്ങളിൽതന്നെയും അവയിൽ ഒന്നുപോലെ അലങ്കരിക്കപ്പെട്ടിരുന്നില്ല, എന്ന് ഞാൻ നിങ്ങളോട പറയുന്നു. (മത്താ. 6—26, 28, 29)

ചോ. ദൈവ പരിപാലനയുടെ പ്രവൃത്തികൾ ഏവ?

ഉ. ദൈവ പരിപാലനയുടെ പ്രവൃത്തികൾ സംരക്ഷണം, ക്രമീകരണം, ഭരണം എന്നിവയാകുന്നു.

വി. സംരക്ഷണം മുഖ്യ ദൈവ പരിപാലനയിൽ പെട്ടതല്ല. എങ്കിലും അതിനോട ഗാഢമായ ബന്ധമുള്ളതാണ്.

ചോ. ദൈവ പരിപാലനയുടെ ഫലങ്ങൾ ഏവ?

ഉ. ദൈവ പരിപാലനയുടെ ഫലമായി ദൈവത്തിന്റെ അറിവും സമ്മതവും കൂടാതെ യാതൊന്നും ലോകത്തിൽ നടക്കുന്നില്ല.

വി. ലോകത്തിൽ നടക്കുന്നതെല്ലാം ദൈവമറിയുന്നു. അവയിൽ ചിലതു് നന്മയും ചിലതു് തിന്മയും അത്രെ. നന്മയായിട്ടുള്ളവയെ താൻ മനസ്സാകുന്നു എങ്കിലും തിന്മയായിട്ടുള്ളവയെ താൻ അനുവദിക്കുക മാത്രമാണു ചെയ്യുന്നതു്. തിന്മയിൽ താൻ ഇങ്ങനെ അനുകൂലിക്കുന്നതു മനുഷ്യസ്വാതന്ത്ര്യത്തെ തടയാതിരിക്കുന്നതിനാണ്. എന്നാൽ പലപ്പോഴും താൽശതിന്മകളെത്തന്നെ, നമ്മുടെ നന്മയ്ക്കായി പ്രയോജകീഭവിപ്പിക്കുന്നതു് ദൈവ പരിപാലനയുടെ കൃപാപൂർണ്ണമായ ഒരു പ്രവൃത്തി വിശേഷമാണ്.

രണ്ടാം ഭാഗം.

രക്ഷകനായ ദൈവം.

ത്രീത്വത്തിലെ ഒന്നാം ആളായ ബാവായേയും തനിക്കു അരോപിക്കപ്പെട്ടുന്ന സൃഷ്ടി കർമ്മത്തേയുംകുറിച്ചു് പ്രതിപാദിച്ചുകഴിഞ്ഞു. ഇനി നമ്മുടെ ചിന്താവിഷയമാകേണ്ടതു് പുത്രൻതമ്പുരാനെയും, തന്റെ പ്രവൃത്തികളെയും അവയ്ക്കുസംബന്ധമായി നില്ക്കുന്ന സംഗതികളെയും കുറിച്ചാണു്.

പുത്രൻ തമ്പുരാൻ മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനാണു്. രക്ഷാകർമ്മം തനിക്കു് സ്വകീയവുമാണു്. അതുകൊണ്ടാണു് ഈ ഭാഗത്തിനു്, രക്ഷകനായ ദൈവം എന്നു സംജ്ഞനല്കിയിരിക്കുന്നതു്. ദൈവസുതനിൽ രക്ഷാകർമ്മത്തോടു് ബന്ധപ്പെട്ടിരിക്കുന്ന ചില സംഗതികൾക്കുടെയുണ്ടു്. അവയാണു് മനുഷ്യന്റെ ഉത്ഥാപനം, പരീക്ഷണം, അധഃപതനം, ഉത്ഥാപനം എന്നിവ. മനുഷ്യാവതാരരഹസ്യം രക്ഷാകർമ്മത്തോടു് ഗാഢബന്ധമുള്ളതത്രെ. അതിനാൽ അവയെപ്പറ്റി അനുക്രമമായി പ്രതിപാദിക്കുന്നു.

I

ഉത്ഥാപനം (Elevation)

ചോ. മനുഷ്യന്റെ ഉത്ഥാപനം എന്നാൽ എന്തു്?

ഉ. മനുഷ്യവർഗ്ഗത്തിന്റെ ആദി മാതാപിതാക്കന്മാരായ ആദത്തേയും ഹവ്വായേയും അവർ വഴിയായി സകല മനുഷ്യരെയും സ്വഭാവത്തിനു മേൽപ്പെട്ട ഒരു അവസ്ഥയിലേക്കു് ഉയർത്തിയതിനെ അത്രെ ഉത്ഥാപനം എന്നു പറയുന്നതു്.

വി. ദൈവം മനുഷ്യനെ സ്വഭാവികമായ എല്ലാ നന്മകൾകൊണ്ടും നിറച്ചു. എന്നാൽ അതുകൊണ്ടു് താൻ തൃപ്തനായില്ല. മനുഷ്യനു് സ്വശക്തിയാൽ പ്രാപിക്കുന്നതിനോ അർഹിക്കുന്നതിനോ സാധിക്കാത്ത അനവധി നന്മകളും ദൈവം അവനുനൽകി. ഇങ്ങനെയാണു് ദൈവം മനുഷ്യനെ സ്വാഭാവികാവ

സ്ഥയിൽനിന്ന് അതി വിശിഷ്ടമായ ഒരു സ്വഭാവാതീതമണ്ഡല ത്തിലേക്ക് ഉയർത്തിയതു്.

ചോ. സ്വഭാവാതീതാവസ്ഥ എന്തിൽ അടങ്ങിയിരി ക്കുന്നു?

ഉ. ദൈവത്തെ അടിമുഖമായി കണ്ടറിഞ്ഞു സ്നേഹിക്കുക എന്ന പരമലക്ഷ്യത്തിലും, ഈ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗമായ പ്ര സാദവരത്തിലും അടങ്ങിയിരിക്കുന്നു.

വി. മനുഷ്യന് അവന്റെ സ്വാഭാവിക ശക്തികൊണ്ടു്, ദൈവത്തെ അടിമുഖമായി ദർശിക്കുന്നതിനോ തത്തുല്യമായി സ്നേഹിക്കുന്നതിനോ സാധ്യമല്ല. എന്നാൽ ദൈവം തന്റെ സ്നേ ഹാധിക്യത്താൽ, ഈ മഹാഭാഗ്യത്തിനു് മനുഷ്യനെ ക്ഷണിക്ക വാൻ ചിത്തമായി. അതു് അവന്റെ പരമലക്ഷ്യമായും താൻ നി ർദ്ദേശിച്ചു. ഇതു് മനുഷ്യന്റെ സ്വാഭാവിക ശക്തികൊണ്ടു് പ്രാ പിക്കാവാൻ കഴിയുന്ന ഒന്നല്ല. അതുകൊണ്ടാണു് അതിനെ സ്വ ഭാവാതീതം എന്നു വിളിക്കുന്നതു്.

എന്നാൽ ഏതെങ്കിലും ഒരു ലക്ഷ്യം പ്രാപിക്കുന്നതിനു് ത ക്കമാർഗ്ഗങ്ങൾ കൂടാതെ കഴികയില്ല. ലക്ഷ്യം സ്വഭാവാതീതമാണെ ങ്കിൽ മാർഗ്ഗവും സ്വഭാവാതീതമായേതീരൂ. ഈദൃശ സ്വഭാവാതീ തമാർഗ്ഗമായിട്ടാണു് മനുഷ്യനു് പ്രസാദവരം നൽകിയതു്.

ചോ. ദൈവം സ്വഭാവാതീത ദാനങ്ങൾക്കു പുറമേ, മറ്റുവല്ല ദാനങ്ങളും ആദിമാതാപിതാക്കന്മാർക്കു നൽകിയിട്ടുണ്ടോ?

ഉ. ഉണ്ടു്. പ്രസ്തുത ദാനങ്ങൾ ബുദ്ധിക്കു് ഇന്ദ്രിയങ്ങൾ അധീനമായിരിക്കുക എന്നുള്ളതും, മരണമില്ലായ്മയും, സകല ദു: ഖാരിഷ്ടതകളിൽ നിന്നുള്ള ഒഴിവും, അവരുടെ സ്ഥിതിക്കു തക്കവി ധത്തിലുള്ള അറിവും ആയിരുന്നു.

സൂചന:— പ്രസ്തുത ദൈവികദാനങ്ങൾ ആദത്തിൽനിന്നു് അയാളുടെ സകല സന്തതികളിലേയ്ക്കും പ്രസരിക്കണമെന്നായിരു ന്നു ദൈവത്തിന്റെ ആദ്യനിശ്ചയം.

II

പരീക്ഷണം

ചോ. പരീക്ഷണം എന്നാൽ എന്തു്?

ഉ. ദൈവം ആദത്തിന്റെ വിശ്വസ്തതയെ മനസ്സിലാ

ക്കുവാൻ വേണ്ടി നടത്തിയ പരിശോധനയ്ക്കു തെ പരീക്ഷണം എ
ന്നുപറയുന്നതു്.

വി. ദൈവം മനുഷ്യനു് അവന്റെ സ്വാഭാവിക ശക്തി
ക്കു മേൽപെട്ട ഒരു ലക്ഷ്യം നിർദ്ദേശിച്ചു. ഈ ലക്ഷ്യപ്രാപ്തി
പ്പുകയുമായ മാർഗ്ഗമായി അവനു് പ്രസാദവരവും നൽകി. പ്രസ്തു
ദൈവദാനങ്ങൾ ഉപയോഗിച്ചു കൊണ്ടു് ലോകത്തിൽ ജീവി
ച്ചശേഷം അവനെ സ്വർഗ്ഗത്തിലേക്കു എടുക്കുകയും, അവനു് നൽ
കിയിരുന്ന ദാനങ്ങൾക്കു അവന്റെ സന്താനങ്ങളെയും അവകാ
ശികളാക്കുകയും ചെയ്യണം എന്നായിരുന്നു ദൈവനിശ്ചയം. എ
ന്നാൽ ഇതിനു് ഒരു വ്യവസ്ഥകൂടെ ദൈവം നിശ്ചയിച്ചു. ആ വ്യ
വസ്ഥ ആദം നിറവേറ്റുമോ ഇല്ലയോ എന്നറിവാൻ ദൈവം ചെ
യ്ത പരിശോധനയെത്തു പരീക്ഷണമെന്നു പറയുന്നതു്.

ചോ. ദൈവം എങ്ങനെയാണു് ഈ പരീക്ഷണം നട
ത്തിയതു്?

ഉ. ഒരു കല്പന കൊടുത്തുകൊണ്ടു്.

ചോ. ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാർക്കു്
കൊടുത്ത കല്പന എന്തായിരുന്നു?

ഉ. "ദൈവമായ കർത്താവു് ആദത്തോടു കല്പിക്കുകയും
അരുളിചെയ്യുകയും ചെയ്തു. തോട്ടത്തിലുള്ള എല്ലാ വൃക്ഷങ്ങളിൽ
നിന്നും ധാരാളമായി നീയും ഭക്ഷിക്കാം. എന്നാൽ നന്മതിന്മയു
ടെ അറിവിന്റെ വൃക്ഷത്തിൽനിന്നു് നീ ഭക്ഷിക്കരുതു്. എന്തെ
ന്നാൽ നീ അതിൽനിന്നു ഭക്ഷിക്കുന്ന നാളിൽ നിശ്ചയമായും മരി
ക്കും." (സൃഷ്ടി. 2–10, 17)

വി. ദൈവം കൊടുത്ത ഈ പ്രമാണം ലംഘിച്ചാൽ
വരുന്ന ശിക്ഷയും അനുസരിച്ചാൽ ഉണ്ടാകുന്ന ഫലവും കൂടെ
ദൈവം അവർക്കു് അറിയിച്ചുകൊടുത്തിട്ടുണ്ടായിരുന്നു.

III

അധഃപതനം.

ചോ. നമ്മുടെ ആദിമാതാപിതാക്കൾ ദൈവ കല്പനാ
നുസരണം വർത്തിച്ചുവോ?

ഉ. ഇല്ല; അവർ ദൈവകല്പനയെ ലംഘിച്ചു് പാപം
ചെയ്തു.

സൂചന:— ഇതാണു് രണ്ടാമത്തെ പാപം.

ചോ. ആദം എങ്ങനെയാണ് പാപത്തിൽ വീണത്?

ഉ. പിശാചിനാൽ വഞ്ചിക്കപ്പെട്ട ഹവ്വായുടെ വാക്കുകൾ കേട്ടാണ് ആദം പാപം ചെയ്തത്.

വി. മനുഷ്യനെ ദൈവം തന്റെ ഛായയിൽ സൃഷ്ടിച്ചതും, തന്നെ അഭിമുഖമായി ദർശിക്കുക എന്ന ഒരു മഹോന്നത ലക്ഷ്യം അവന് നിർദ്ദേശിച്ചതും, ദൈവത്തിന്റെ നിത്യശത്രുവായപിശാചിന് തീരെ രസിച്ചില്ല. അതുകൊണ്ട് അവന് നഷ്ടപ്പെട്ട മോക്ഷസിംഹാസനത്തിന്മേൽ ഉപവിഷ്ടനാകുന്നതിന് മനുഷ്യനെ ഒരുനാളും അനുവദിക്കുകയില്ലെന്ന് അവൻ ശപഥം ചെയ്തു, അതിനുവേണ്ട ശ്രമം തുടങ്ങി.

ആദം വിലക്കപ്പെട്ട കനിതിന്ന് ദൈവ കല്പനയെ ലംഘിച്ചാൽ തന്റെ ഉദ്യമം സഫലമാകുമെന്നറിഞ്ഞ് കായ്സിദ്ധിക്കായി അവൻ ഹവ്വായെ സമീപിച്ച് സംഭാഷണത്തിലേർപ്പെട്ടു. അവൾ അപ്പോൾ തോട്ടത്തിലെ പഴങ്ങൾ നോക്കി നടക്കുകയായിരുന്നു. സംഭാഷണമദ്ധ്യേ നന്മ തിന്മയുടെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് മരണശിക്ഷയിൻ കീഴ് ദൈവംവിലക്കിയിട്ടുണ്ടെന്ന് ഹവ്വാ പ്രസ്താവിച്ചു. ഈ തരം നോക്കി പിശാച് അവളുടെ അഹംകാരത്തെ തട്ടിയുണർത്തുന്നതിനായി അവർ മരിക്കയില്ലെന്നും നേരെ മറിച്ച് അവർ അതിൽനിന്നും ഭക്ഷിക്കുന്ന ദിവസം അവരുടെ കണ്ണുകൾ തുറക്കപ്പെട്ട് ദൈവത്തെപ്പോലെ ആകുമെന്നും കള്ളം പറഞ്ഞു.

ദൈവത്തെപ്പോലെ ആകുമെന്ന് കേട്ട് സന്തോഷിച്ച് ഹവ്വാ വിലക്കപ്പെട്ട പഴം പറിച്ചതിന്നു; അവളുടെ ഭർത്താവിനും കൊടുത്തു. ഭാര്യയെ അതുപേക്ഷിപ്പെടുത്താതിരിക്കുവാൻ അവനും അതു വാങ്ങി ഭക്ഷിച്ചു. ഇങ്ങനെയാണ് നമ്മുടെ ആദിമാതാപിതാക്കൾ ദൈവകല്പനയെ ലംഘിച്ച് പാപത്തിൽ വീണത്.

ചോ. ആദത്തിന്റേത് എന്തു പാപമായിരുന്നു?

ഉ. ആദത്തിന്റെ പാപം അഹംകാരത്തിന്നടുത്ത പാപമായിരുന്നു.

വി. ആദം ദൈവത്തെപ്പോലെ ആകണമെന്ന് വിചാരിച്ചു. അതായത് പരിമിതനായ മനുഷ്യൻ അപരിമിതനായ തന്റെ സ്രഷ്ടാവിനെപ്പോലെ ആകുവാൻ ആഗ്രഹിക്കുന്നു. അഹങ്കാരത്തിന്റെ പാരമ്യം നോക്കണം!

ചോ. ആദം ചെയ്ത പാപത്തിന്റെ ഫലങ്ങളേവ?

ഉ. i ആദത്തിനും അവന്റെ സന്തതികൾക്കും പ്രസാദവരവും ദൈവപുത്രസ്ഥാനവും നഷ്ടപ്പെട്ടു.

ii ദൈവം അവന് നൽകിയിരുന്ന അമർത്യത നഷ്ടപ്പെട്ടതിനാൽ മനുഷ്യൻ മരണത്തിന്നധീനനായി.

iii ഭോഗേച്ഛാപരമായ പ്രലോഭനങ്ങൾ അനിയന്ത്രിതമായിഭവിച്ചു.

iv പറുദീസായിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടു.

v സ്രഷ്ടാവിന്നെതിരായി മനുഷ്യൻ വർത്തിച്ചതിനാൽ സൃഷ്ടികൾ അവനോടെതിർത്തു.

vi. ഇന്നു നാം ലോകത്തിൽ കാണുന്ന വഞ്ചനം, പട, വസന്ത മുതലായ എല്ലാകഷ്ടാർഷ്ടതകൾക്കും ആദത്തിന്റെ പാപമാണ് മൂലകാരണം. ലോകാരംഭം മുതൽ ലോകാവസാനം വരെ ആവിർഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യകോടികൾ മൃതിയടയുന്നതെങ്കിൽ അതിന്റെ കാരണവും ഇതുതന്നെ. "ഒരുമനുഷ്യൻമൂലം പാപവും തൻമൂലം മരണവും ലോകത്തിൽവന്നു" എന്നാണ് പ്രേഷിതൻ പറയുന്നത്.

ചോ. ആദം ചെയ്ത പാപത്തിന് ദൈവം വല്ല പ്രതിവിധിയും നിർദ്ദേശിച്ചുവോ?

ഉ. ആദത്തേയും അവന്റെ സന്തതികളേയും പാപത്തിൽനിന്ന് സമുദ്ധരിക്കുവാൻ ഒരു രക്ഷകനെ ദൈവം വാഗ്ദാനം ചെയ്തു.

vi. മാലാഖാമാരിൽ പാപം ഉണ്ടായ ഉടനെ ദൈവം യാതൊരു അനുഗ്രഹവുംകൂടാതെ അവരെയെല്ലാം നരകത്തിൽ ശിക്ഷിച്ചുകളഞ്ഞു. ഒരു മൺപാത്രം മാത്രമായ മനുഷ്യനോട് താൻ കരുണാപൂർവ്വം വർത്തിച്ചു. അവൻ നിരാശനായി തീരാതിരിപ്പാൻ ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു.

IV

ഉത്ഭവപാപം

ചോ. ഉത്ഭവപാപം അഥവാ ജന്മപാപം എന്താണ്?

ഉ. ആദിമാതാപിതാക്കന്മാരുടെ പാപത്തിന്റെ ശിക്ഷയായി നമുക്ക് അവകാശമായി ലഭിക്കുന്ന പാപമത്രെ ഉത്ഭവപാപം.

വി. ആദത്തിന്റെ വിശ്വസ്തതയെ പരീക്ഷിക്കുന്നതിന്ന് ദൈവം കൊടുത്ത കല്പന ലംഘിച്ചാൽ അതിന്റെ ദുഷ്ഫലങ്ങൾ അവനെ മാത്രമല്ല അവന്റെ സന്തതികളെയും ബാധിക്കുമെന്ന് ദൈവം വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ആദം പാപം ചെയ്തു. തൽമൂലം ദൈവത്തിന്റെ വ്യവസ്ഥാനുസരണം നമ്മിൽ ശേഷിച്ചിരിക്കുന്ന പാപമാണ് ഉത്ഭവ പാപം.

ചോ. ഇതിനെ ഉത്ഭവപാപം എന്ന് വിളിക്കുന്നതെന്തുകൊണ്ട്?

ഉ. ഇത് നാം ഓരോരുത്തരുടെയും ഉത്ഭവത്തിലും ഉത്ഭവം മുഖാന്തിരവും നമ്മെ ബാധിക്കുന്നതുകൊണ്ടാണ് ഇതിനെ ഉത്ഭവ പാപം എന്ന വിളിക്കുന്നത്.

വി. സ്വഭാവക്രമത്തിൽ ഒരു ശിശു അമ്മയുടെ ഉദരത്തിൽ ഉൽഭൂതമാകുന്ന ക്ഷണത്തിൽ ഈ പാപം അതിനെ ബാധിക്കുന്നു. ദൈവം ആരെയെങ്കിലും പ്രത്യേകം ഒഴിവാക്കാത്ത പക്ഷം ആദത്തിന്റെ സന്താനങ്ങളെയെല്ലാം ഇതു ബാധിക്കും.

ചോ. ഉത്ഭവപാപം എന്തിൽ അടങ്ങിയിരിക്കുന്നു?

ഉ. ആദത്തിന്റെ പാപം നിമിത്തം അവനിൽനിന്ന് നമുക്ക് പരമ്പരയായി ലഭിക്കുന്ന മനുഷ്യസ്വഭാവം വരപ്രസാദരഹിതവും ദുർവ്വാസനകൾക്കും മരണത്തിനും അജ്ഞതയ്ക്കും പീഡകൾക്കും വിധേയവുമായി നമുക്ക് ലഭിക്കുന്നു എന്നതിൽ അടങ്ങിയിരിക്കുന്നു.

ചോ. ഉത്ഭവദോഷത്തിന്റെ നശീകരഫലങ്ങൾഏവ?

ഉ. ഉത്ഭവദോഷത്തിന്റെ നശീകരഫലങ്ങൾ:– വരപ്രസാദം പൊയ്പോയതും, സ്വർഗ്ഗം നഷ്ടപ്പെട്ടതും, അറിവില്ലായ്മയും തിന്മയിലേക്കുള്ള ചായ്വിലും, ഈ ജീവിതത്തിലെ സകല അരിഷ്ടതകളും മരണവുമാകുന്നു.

ചോ. ഉത്ഭവപാപം സകല മനുഷ്യരെയും ബാധിക്കുമോ?

ഉ. എല്ലാം മനുഷ്യരേയും ഉത്ഭവ പാപം ബാധിക്കും.

വി. വരുവാനിരിക്കുന്ന രക്ഷകന്റെ യോഗ്യതകളെ കണ്ടുകൊണ്ടു് തന്റെ മാതാവാകുവാനിരിക്കുന്ന വി. കന്യകമറിയം ഉത്ഭവപാപത്തിൽ വീഴാതിരിക്കുവാൻ ദൈവം കൃപചെയ്തു. ദൈവപുത്രനായ ഈശോ ഉത്ഭവപാപരഹിതനാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ചോ. എങ്ങനെയാണു് ഉത്ഭവപാപത്തിൽനിന്നും നമുക്കു മോചനം ലഭിക്കുന്നതു്?

ഉ. മാമ്മോദീസാ വഴിയായിട്ടാണു് നമുക്കു് ഉത്ഭവപാപത്തിൽനിന്നു് മോചനം ലഭിക്കുന്നതു്.

V

രക്ഷകൻ

ചോ. അധഃപതിച്ച മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനു് ദൈവം എന്തുചെയ്തു?

ഉ. അധഃപതിച്ച മനുഷ്യവർഗ്ഗത്തെ ഒരു രക്ഷകൻ വഴിയായി സമുദ്ധരിക്കുണമെന്നു് ദൈവം തീർച്ചയാക്കി.

വി. ആദത്തെ പറുദീസായിൽനിന്നു് ബഹിഷ്കരിക്കുന്നതിനുമുമ്പുതന്നെ ദൈവം നമുക്കു് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. എന്നാൽ നാലായിരം വർഷങ്ങൾ കഴിഞ്ഞശേഷം മാത്രമാണു് ഈ രക്ഷകൻ പ്രത്യക്ഷപ്പെട്ടതു്. ഈ കാലമെല്ലാം രക്ഷകന്റെ ആഗമനത്തിനു് മനുഷ്യവർഗ്ഗത്തെ ദൈവം സജ്ജീകരിക്കയായിരുന്നു. ആദത്തോടു ചെയ്തിരുന്ന വാഗ്ദാനം പിതാപിതാക്കളായ അബ്രാഹം, ഇസഹാക്കു്, യാക്കോബു, ദാവീദു മുതലായവരോടു് നവീകരിക്കപ്പെട്ടു, ഇവരെല്ലാം രക്ഷകന്റെ വരവിനായി അത്യാശയോടെ പാർത്തിരുന്നു.

ചോ. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ തിരിച്ചറിയുന്നതിനു് എന്തുമാർഗ്ഗമാണു് മനുഷ്യർക്കുണ്ടായിരുന്നതു്?

ഉ. അനേക പ്രവാചകന്മാർ വഴിയായി രക്ഷകന്റെ ഗോത്രം, ജനനസ്ഥലം, ആഗമനസമയം, ജനനം, തന്റെ ജീവിതം, താൻ പ്രസംഗിക്കുവാനിരിക്കുന്ന ദേവാലയം, താൻ സഹിക്കുവാനിരുന്ന പീഡകൾ, മരണം എന്നിവ സംബന്ധിച്ചു് ദൈ

വം നൽകിയിരുന്ന വിവിധ അടയാളങ്ങളായിരുന്നു രക്ഷകനെ തിരിച്ചറിയുന്നതിന് മനുഷ്യർക്കുണ്ടായിരുന്ന മാർഗ്ഗം.

പി. ദീർഘദർശികൾ രക്ഷകനെക്കുറിച്ച് അനേക സംഗതികൾ അതി വിശദമായും വിപുലമായും ദീർഘദൃഷ്ട്യാ കണ്ട രേഖപ്പെടുത്തുകയുണ്ടായി. അവർ പലപ്പോഴും രക്ഷകനെ വിവിധ സാദൃശ്യങ്ങളിലാണ് ജനങ്ങൾക്ക് ചിത്രീകരിച്ചു കാണിച്ചിരുന്നത്.

സൂചന. ദീർഘദർശികൾ– വരുവാനിരിക്കുന്ന സംഗതികളെ മുൻകൂട്ടികണ്ട് അറിയിക്കുന്നതിനുള്ള പ്രത്യേക വരം പ്രാപിച്ചിട്ടുള്ളവരാണ് ദീർഘദർശികൾ. ഇവരിൽ പ്രമുഖന്മാർ ഇസയ്യാസ്, ഏറമ്യാസ്, എസ്സെക്കിയേൽ, ദാനിയേൽ എന്നിവരത്രെ. ഇവരുടെ പ്രാമാന്യത്തിനു കാരണം അവരുടെ ദീർഘദർശനങ്ങൾ എത്രയും സ്പഷ്ടവും അതിവിപുലവും ആയിരുന്നു എന്നതാണ്.

ചോ. പഴയ നിയമത്തിൽ രക്ഷകനെക്കുറിച്ചുള്ള പ്രധാന സാദൃശ്യങ്ങൾ ഏവ?

ഉ. പഴയനിയമത്തിൽ രക്ഷിതാവിനെക്കുറിച്ചുള്ള മുഖ്യ സാദൃശ്യങ്ങൾ:– നിർദ്ദോഷിയായ ആബേൽ, പ്രധാന ആചാര്യനായ മെൽക്കിസ്ദേക്ക്, ഇസഹാക്കിന്റെ ബലി, സഹോദരന്മാരാൽ വിൽക്കപ്പെട്ട യൌസേഫ്, യൌനാൻ ദീർഘദർശി, പെസഹാ, ചെമ്മരിയാട്ടിൻകുട്ടി, മരുഭൂമിയിൽ മുശയാൽ ഉയർത്തപ്പെട്ട പിച്ചള സർപ്പം എന്നിവയായിരുന്നു.

ചോ. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ ആരായിരുന്നു?

ഉ. ഈശോമിശിഹാ.

VI

ഈശോമിശിഹാ

ചോ. ഈശോമിശിഹാ ആരാകുന്നു?

ഉ. ഈശോമിശിഹാ, മനുഷ്യനായ പുത്രൻ തമ്പുരാനാകുന്നു. "വചനം മാംസമായി നമ്മിൽവസിച്ചു" (യോഹ. 1–14)

വി. ഈശോമിശിഹാ ദൈവമാണ്, മനുഷ്യനുമാണ്. ദൈവം മനുഷ്യനായ സംഭവത്തിന്നു മനുഷ്യാവതാരം എന്നാണ് പറയുക.

ചോ. ഈശോമിശിഹാ ദൈവമാണോ?

ഉ. ഈശോമിശിഹാ ദൈവമാകുന്നു. എന്തുകൊണ്ടെന്നാൽ താൻ ദൈവമാകുന്നു എന്നു പ്രസ്താവിക്കുകയും അനേകം അത്ഭുതങ്ങൾകൊണ്ട് അതു സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. "ആദിയിൽ വചനം ഉണ്ടായിരുന്നു. ഈ വചനം ദൈവത്തോടുകൂടിയിരുന്നു. ദൈവമായിരുന്നു ഈ വചനം." (യോ. 1–1.)

വി. മിശിഹാ, താൻ ദൈവമാണെന്നു പ്രസ്താവിക്കുക മാത്രമല്ല, ഈ പ്രസ്താവനയെ അനേകം അത്ഭുതങ്ങളാൽ തെളിയിക്കുകയും ചെയ്തിട്ടുണ്ട്. മിശിഹാ വെള്ളം വീഞ്ഞാക്കി, ഭാവികാര്യങ്ങളെ പ്രവചിച്ചു, രോഗികളെ സുഖപ്പെടുത്തി, മരിച്ചവരെ ഉയിർപ്പിച്ചു, കോപിച്ചു കടലിനെ ശാസിച്ചു ശാന്തമാക്കുകയും ചെയ്തു. സർവ്വോപരി താൻ ഇന്ന വിധത്തിൽ മൂന്നു അടയുമെന്നും മൂന്നാംനാൾ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്ക്കുമെന്നും പ്രവചിക്കുകയും സംഗതികൾ അപ്രകാരംതന്നെ സംഭവിക്കുകയും ചെയ്തു.

ചോ. ഈശോമിശിഹാ മനുഷ്യനാണോ?

ഉ. അതേ ഈശോമിശിഹാ മനുഷ്യനാകുന്നു. എന്തുകൊണ്ടെന്നാൽ നമുക്കുള്ളതുപോലെ തനിക്കും ഒരാത്മാവും ശരീരവും ഉണ്ടായിരുന്നു.

വി. മിശിഹാ ഒരു ചരിത്രപുരുഷനാണ്. താൻ മേരി സുതനായി ഗോശാലയിൽ പിറക്കുകയും മുപ്പത്തിമൂന്നുവർഷം ഇഹത്തിൽ ജീവിക്കുകയും യൂദായിൽ ചുറ്റിനടന്നു പ്രസംഗിക്കുകയും അവസാനം കുരിശിൽ തൂക്കപ്പെട്ടു മരിക്കുകയുംചെയ്തു. താൻ ആത്മശരീരങ്ങളോടുകൂടിയ ഒരു മനുഷ്യനെപ്പോലെ ഭക്ഷിച്ചു; കായക്ലേശങ്ങൾ അനുഭവിച്ചു; ദുഃഖാരിഷ്ടതകൾ സഹിച്ചു; മരണം കൈവരിച്ചു. അതിനാൽ താൻ മനുഷ്യനായിരുന്നു എന്നതിനു സന്ദേഹമില്ല.

ചോ. ദൈവം എങ്ങനെയാണ് മനുഷ്യനായത്?

ഉ. ദൈവം മനുഷ്യനായതു മനുഷ്യാവതാരംവഴിയാണ്.

ചോ. മനുഷ്യാവതാരം എന്നാൽ എന്തു?

ഉ. പരിശുദ്ധ ത്രീത്വത്തിലെ രണ്ടാംആളായ പുത്രൻ തമ്പുരാൻ കൂദാശക്കുശായുടെ പ്രവൃത്തിയാൽ പരിശുദ്ധകന്യക മറിയത്തിന്റെ തിരുവുദരത്തിൽനിന്നു നമുക്കുള്ളതുപോലെ ഒരു

ത്മാവോട്കൂടെ ശരീരമെടുത്തു് മനുഷ്യനായി ത്തീർന്നവനാണ് മനുഷ്യാവതാരം.

വി. ഈശോമിശിഹായുടെ ശരീരത്തെ ഉരുവാക്കുന്നതിലും ആത്മാവിനെ സൃഷ്ടിക്കുന്നതിലും പരിശുദ്ധ ത്രീത്വത്തിലെ മൂന്നാളുകളും ഒന്നിച്ചുപ്രവർത്തിച്ചു. എന്നാൽ വിശുദ്ധ വേദഗ്രന്ഥശായാലെ ജനിപ്പിക്കപ്പെട്ട എന്നുപറയുന്നതു് ദിവ്യപുത്രന്റെ മനുഷ്യാവതാരം നമ്മുടെയും സ്നേഹത്തിന്റെയും, ഒരു പ്രവൃത്തിയാകുന്നതുകൊണ്ടും നമ്മുടെയും സ്നേഹത്തിന്റെയും പ്രവൃത്തികൾ പരിശുദ്ധാത്മാവിയുടെ പ്രവൃത്തികളായി പറയപ്പെടുന്നതുകൊണ്ടുമാകുന്നു.

ചോ. ഈശോമിശിഹാ എന്ന വാക്കിന്റെ അർത്ഥമെന്തു്?

ഉ. ഈശോ എന്നതിനു് രക്ഷകനെന്നും, മിശിഹാ എന്നതിനു് പൂശപ്പെട്ടവനെന്നുമാണ് അർത്ഥം.

ചോ. മനുഷ്യനായ ദൈവസുതനെ എന്തുകൊണ്ടാണ് ഈശോമിശിഹാ എന്നു വിളിക്കുന്നതു്?

ഉ. ദൈവസുതൻ പാപത്തിൽനിന്നും നിത്യനരകത്തിൽനിന്നും, മനുഷ്യവർഗ്ഗത്തെ സമുദ്ധരിച്ചതിനാൽ ഈശോയെന്നും, തന്റെ ദൈവത്വംകൊണ്ടു് മനുഷ്യത്വത്തെ അഭിഷേകിച്ചതിനാൽ മിശിഹാ എന്നും വിളിക്കപ്പെട്ടുന്നു.

വി. രാജാക്കന്മാരും പുരോഹിതന്മാരും ദിവ്യദർശികളും പൂശപ്പെട്ടിരുന്നു. ഈശോയിലാവട്ടെ ഈ പൂശൽ ഏറ്റവും ദിവ്യമായ വിധത്തിലത്രെ നടന്നതു്. എന്തുകൊണ്ടെന്നാൽ തന്റെ മനുഷ്യസ്വഭാവം ദൈവത്വത്താൽ പൂശപ്പെട്ടു. അതുകയാൽ താൻ ഏറ്റവും ഉന്നതമായ വിധത്തിൽ രാജാവും പുരോഹിതനും ദിവ്യദർശിയുമത്രെ. മാത്രമല്ല, ഈ പൂശൽവഴിയായി മനുഷ്യസ്വഭാവം ഏറ്റവും ശ്രേഷ്ഠമായ ഒരു പദത്തിലേക്കു് ആരോപിക്കപ്പെടുകയും ചെയ്തു.

ചോ. ദൈവസുതനു് മനുഷ്യാവതാരംവഴിയായി ദൈവസ്വഭാവം നഷ്ടപ്പെട്ടുവോ?

ഉ. ഇല്ല; ദൈവമായിരുന്ന താൻ മനുഷ്യനുമായി എന്നല്ലാതെ, തനിക്കു് ദൈവസ്വഭാവം നഷ്ടപ്പെട്ടിട്ടില്ല.

ചോ. ഈശോമിശിഹായിൽ എത്ര അളുകളുണ്ടു്?

ഉ. ഈശോമിശിഹായിൽ ഏക ആൾ മാത്രമെ ഉള്ളു അത് ദൈവാളമാണ്.

ചോ. മിശിഹായിൽ എത്ര സ്വഭാവങ്ങളുണ്ട്?

ഉ. മിശിഹായിൽ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നിങ്ങനെ ഇരുസ്വഭാവം ഉണ്ട്.

ചോ. മിശിഹായിൽ ഏക ആളും ഇരുസ്വഭാവവുമുണ്ടെന്ന് എങ്ങനെയാണ് നാം അറിയുന്നത്?

ഉ. മിശിഹായിൽ ഒരാളും രണ്ടുസ്വഭാവവും ഉണ്ടെന്ന വിശ്വാസം അഥവാ വെളിപാടുവഴിയായിട്ടാണ് നാം അറിയുന്നത്.

ചോ. ഏക ആളിൽ ഇരുസ്വഭാവങ്ങൾ എങ്ങനെ സ്ഥിതിചെയ്യുന്നു എന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുമോ?

ഉ. ഇത് പൂർണ്ണമായി ഗ്രഹിക്കുവാൻ സാദ്ധ്യമല്ല. ഇത് ഒരു മഹാരഹസ്യമാണ്.

വി. ഏക ദൈവസ്വഭാവത്തിൽ എങ്ങനെയാണ് മൂന്നു ദൈവാളകൾ സ്ഥിതിചെയ്യുന്നത് എന്ന് ഗ്രഹിക്കുവാൻ നമുക്കു സാധിക്കയില്ല. അപ്രകാരംതന്നെ ഏക ആളിൽ ഇരുസ്വഭാവങ്ങൾ സ്ഥിതി ചെയ്യുന്നതെങ്ങനെ എന്നു ഗ്രഹിക്കുന്നതിനും നമുക്ക് കഴിയുകയില്ല.

ഇവ രണ്ടുമാണ് നമ്മുടെ വിശ്വാസത്തിന്റെ തലപ്പെട്ടരഹസ്യങ്ങൾ. i ദൈവത്തിന്റെ ഏകത്വവും ത്രീത്വവും ii വചനാൽതമ്പുരാന്റെ മനുഷ്യാവതാരവും പങ്കുപ്പാട്ടം കുരിശുമരണവും മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പും.

ചോ. ഈശോമിശിഹായിൽ എത്ര മനസ്സുണ്ട്?

ഉ. ഈശോമിശിഹായിൽ രണ്ടു മനസ്സുണ്ട്. അവയിൽ ഒന്ന് ദൈവികവും മറ്റത് മാനുഷികവും ആകുന്നു.

ചോ. മിശിഹായിൽ എത്രതരം പ്രവൃത്തികൾ ഉണ്ട്?

ഉ. മിശിഹായിൽ ദൈവീകവും മാനുഷികവും എന്നിങ്ങനെ രണ്ടുതരം പ്രവൃത്തികളുണ്ട്.

വി. മിശിഹായിൽ ദൈവീകവും മാനുഷികവും എന്ന് ഇരുസ്വഭാവമുള്ളതുപോലെതന്നെ ദൈവീകവും മാനുഷികവും എന്ന് ഇരുതരം പ്രവൃത്തികളുമുണ്ട്. എന്നാൽ പ്രവൃത്തികളെല്ലാം ആളിനാണല്ലോ നാം ആരോപിക്കുന്നത്. ഈശോയിലാവട്ടെ, ആൾ ഒന്നേ ഉള്ളു. അത് ദൈവാളമാണ്. അകയാൽ തന്റെ

പ്രവൃത്തികളെല്ലാം ദൈവയാളിന്റെ പ്രവൃത്തികളായിത്തീരുന്നു. തൻമൂലം പ്രസ്തുത പ്രവൃത്തികൾക്കെല്ലാം അനന്തയോഗ്യതയും കൈവരുന്നു.

ചോ. മനുഷ്യവതാരംമൂലം മിശിഹായുടെ സ്വഭാവത്തിനു് എന്തെല്ലാം വിശേഷങ്ങളാണ് ലഭിച്ചിട്ടുള്ളതു്?

ഉ. മിശിഹായുടെ ആത്മാവു് ദൈവസ്വഭാവവുമായുള്ള ബന്ധം വഴിയായി പ്രസാദവരത്തിന്റെ കേന്ദ്രമായിത്തീർന്നു. തന്റെ ബുദ്ധി ദിവ്യജ്ഞാനത്താൽ പരിപൂർണ്ണമാക്കപ്പെട്ടു. മിശിഹായുടെ മാനുഷികമനസ്സു സ്വതന്ത്രമായതും എന്നാൽ പാപത്തിൽ വീഴുവാൻ നിവൃത്തിയില്ലാത്തതുമായി. മിശിഹായുടെ മനുഷ്യസ്വഭാവം മാനുഷിക ദുർവികാരങ്ങൾക്കു് വിധേയമായിരുന്നില്ല; എന്നല്ല, അതു് ആരാധനാർഹവുമായി.

ചോ. ദൈവസുതൻ എന്തിനാണു് മനുഷ്യനായതു്?

ഉ. നമ്മെ പാപത്തിൽനിന്നും മരണത്തിൽനിന്നും വീണ്ടു രക്ഷിപ്പാൻ.

വി. ദൈവം തോട്ടത്തിൽവച്ചു് നമുക്കു് ഒരു രക്ഷകനെ വാഗ്ദാനംചെയ്തു. അതു് ആദത്തിന്റെ പാപംമൂലം വന്ന നാശങ്ങൾ പരിഹരിച്ചു് മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനാണു്.

ചോ. ഈശോമിശിഹാ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണെന്നു് നാം അറിയുന്നതെങ്ങനെ?

ഉ. ഈശോമിശിഹാ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണെന്നു് നാം അറിയുന്നതു് ദീർഘദർശികളാൽ മുൻകൂട്ടി അറിയിക്കപ്പെട്ട സകലവും തന്നിൽനിറവേറിയതിൽനിന്നാണു്.

VII

രക്ഷാകർമ്മം.

ചോ രക്ഷാകർമ്മം അഥവാ മനുഷ്യരക്ഷ എന്നാൽ എന്തു്?

ഉ. ആദത്തിന്റെ പാപം മൂലം അധഃപതിച്ച മനുഷ്യവർഗ്ഗത്തെ, ഈശോമിശിഹാ തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവും വഴിയായി രക്ഷിച്ച പ്രവൃത്തിയാണു് രക്ഷാകർമ്മം.

ചോ. മനുഷ്യരക്ഷയ്ക്കു് ദൈവസുതൻ മനുഷ്യനാകുവാൻ ആവശ്യമായിരുന്നുവോ?

ഉ. ദൈവനീതിക്കു് തക്ക പരിഹാരം ചെയ്യപ്പെടണ

മെന്നു് ദൈവം തിരുച്ചിത്തമായതിനാൽ മനുഷ്യരക്ഷക്കു് ദൈവസുതൻ മനുഷ്യനാകേണ്ടതു് ആവശ്യമായിരുന്നു.

വി. ആദത്തിന്റെ പാപം ദൈവത്തിനു് അനന്തമായ ഒരു അപമാനത്തെ വരുത്തി. എന്തുകൊണ്ടെന്നാൽ അനന്തനായദൈവത്തോടു ചെയ്യപാപത്തിനു് അനന്തമായ ഒരു തിന്മയുണ്ടു്. അനന്തമായഒരുതിന്മക്കു അനന്തമായ ഒരു പരിഹാരം വേണം. അനന്തമായപരിഹാരം ചെയ്യുന്നതിനു് സർവ്വശക്തനായ ദൈവത്തിനു മാത്രമേ സാധിക്കയുള്ളു. അതുകൊണ്ടാണു് മനുഷ്യരക്ഷയ്ക്കു് ദൈവസുതൻ മനുഷ്യനാകേണ്ട ആവശ്യം നേരിട്ടതു്.

ചോ. കഷ്ടാനുഭവവും ക്രൂശുമരണവും വഴിയല്ലാതെ മിശിഹായ്ക്കു് മനുഷ്യരെ രക്ഷിക്കുവാൻ സാധിക്കുമായിരുന്നുവോ?

ഉ. മനുഷ്യരെ രക്ഷിക്കുന്നതിനു് ക്രൂശുമരണമല്ലാതെ വേറെയും പലമാർഗ്ഗങ്ങൾ ഉണ്ടായിരുന്നു.

വി. മിശിഹാ ദൈവമാണു്. അതുകൊണ്ടു് തന്റെ ഒരു തുള്ളി കണ്ണുനീരോ, ഒരുതുള്ളി രക്തമോ, ഏതെങ്കിലും ഒരു പ്രവൃത്തിയോ നമ്മുടെ വീണ്ടെടുപ്പു സാധിക്കുന്നതിനു് വേണ്ടുവോളം മതിയാകുമായിരുന്നു.

ചോ. മിശിഹാ എങ്ങനെയാണു് മനുഷ്യരക്ഷ സാധിച്ചതു്?

ഉ. ഏറ്റവും കഠോരമായ കഷ്ടാനുഭവങ്ങളും ക്രൂശുമരണവും വഴിയായിട്ടാണു് മിശിഹാ മനുഷ്യരക്ഷ സാധിച്ചതു്.

വി. മുൻപ്രസ്താവിച്ചതുപോലെ മിശിഹായ്ക്കു് ഏറ്റവും നിസ്സാരമായ ഒരു പ്രവൃത്തികൊണ്ടു് നമ്മെ സമ്പന്നരിക്കുമായിരുന്നു എന്നാൽ നീതിക്കു മതിയായതു് തന്റെ സ്നേഹത്തിനു മതിയായില്ല. അതുകയാൽ ഏറ്റവും കഠിനമായ ദുഃഖാരിഷ്ടതകൾ നിറഞ്ഞ ഒരു ജീവിതവും ഏറ്റവും നിഷ്ഠുരമായ പീഡനങ്ങൾ സഹിച്ചുകൊണ്ടുള്ള ഒരു മരണവും താൻ തിരഞ്ഞെടുത്തു. ഇങ്ങനെ ആദ്ധ്യാത്മികമായി മൃതരായിരുന്ന നമുക്കു് നിത്യായുസ്സു് പ്രദാനം ചെയ്കമാത്രമല്ല അതു് ഏറ്റവും സമൃദ്ധിയായി നാം പ്രാപിക്കുന്നതിനു് ഇടവരുത്തുകയും ചെയ്തു.

ചോ. ഈശോമിശിഹാ പാടുപെടുകയും മരിക്കുകയുംചെയ്തതു് മനുഷ്യനെന്ന നിലയിലോ ദൈവമെന്ന നിലയിലോ?

ഉ. ഈശോമിശിഹാ പാടുപെടുകയും മരിക്കുകയും ചെയ്തതു് ദൈവമെന്ന നിലയിലല്ല മനുഷ്യനെന്ന നിലയിലാണു്.

വി. വിശുദ്ധന്മാരുടെയും മാലാഖാമാരുടെയും ആനന്ദ വിഷയമായ ദൈവം പ്രകൃത്യാതന്നെ ദുഃഖത്തിന്റെ നിഴൽ പോലുമില്ലാത്ത പരമാനന്ദമാണനുഭവിക്കുന്നതു്. ആകയാൽ ദൈവമെന്ന നിലയിൽ മിശിഹായ്ക്കു് പാടുപെടുവാൻ കഴിയുകയില്ല.

എന്നാൽ മനുഷ്യപാപത്തിനു് തക്ക പരിഹാരം ചെയ്തു് അവനെ ദൈവത്തോടു രമ്യപ്പെടുത്തുക എന്ന ചുമതല താൻകൈയ്യേറു. അതിനായിട്ടാണു് താൻ അവതീർണ്ണനായതു്. ആകയാൽ മിശിഹാ കഷ്ടപ്പെട്ടു ജീവിക്കയും പാടുപെട്ടു മരിക്കയും ചെയ്തതു് ദൈവമെന്ന നിലയിലല്ല മനുഷ്യനെന്ന നിലയിലത്രെ.

ആകയാൽ ദൈവസുതൻ നമുക്കുവേണ്ടി പാടുപെടുവാനായി നമ്മുടെ സ്വഭാവം സ്വീകരിച്ചു. വളരെ കഷ്ടതകൾ സഹിച്ചു് മരിച്ചുകൊണ്ടു് നമ്മുടെ സ്വഭാവത്തെ സ്വർഗ്ഗത്തോളം ഉയർത്തി.

ചോ. മിശിഹായുടെ പാടുപീഡകൾക്കു് എത്രമാത്രം യോഗ്യതയാണെന്നുള്ളതു്?

ഉ. മിശിഹായുടെ പാടുപീഡകൾക്കു് അനന്തമായ യോഗ്യതയുണ്ടു്.

വി. ഒരു പ്രവൃത്തിക്കുള്ള യോഗ്യതയുടെ മാനദണ്ഡം അതു ചെയ്യുന്ന ആളിന്റെ ശ്രേഷ്ഠതയാണു്. മിശിഹാ ദൈവമാകയാൽ തന്റെ എല്ലാ പ്രവൃത്തികളും ദൈവപുത്രന്റെ പ്രവൃത്തികൾ തന്നെ. തൽഫലം അവയ്ക്കു് അനന്തയോഗ്യതയുണ്ടു്. ആകയാൽ തന്റെ ഏതെങ്കിലും ഒരു പ്രവൃത്തിക്കു് ഈ ലോകത്തെ മാത്രമല്ല വേറെയും ഒരു നൂറായിരം ലോകങ്ങളെ രക്ഷിക്കുന്നതിനു കഴിയും. അതു അനന്തമാണു് തന്റെ പാടുപീഡകളുടെയോഗ്യത.

ചോ. ഈശോമിശിഹാ എല്ലാവർക്കും വേണ്ടിയാണോ മരിച്ചതു്.

ഉ. അതെ, ഈശോമിശിഹാ എല്ലാമനുഷ്യർക്കും വേണ്ടിയാണു് മരിച്ചതു്. "എല്ലാ മനുഷ്യർക്കും വേണ്ടി വിണ്ടെടുപ്പുവിലയായി തന്നെത്തന്നെ നൽകി" (1 തിമോ. 2–6)

വി. ഒന്നാമത്തെ ആദം മനുഷ്യകുലത്തെ ഒന്നാകെ നാശകൂപത്തിൽ നിപതിപ്പിച്ചെങ്കിൽ രണ്ടാമത്തെ ആദമായ മിശിഹാ സകല മനുഷ്യർക്കുംവേണ്ടി മൃത്യുകൈവരിച്ചുകൊണ്ടു് എല്ലാവരേയും സമുദ്ധരിച്ചു.

ചോ. നാം ഓരോരുത്തരും രക്ഷ പ്രാപിക്കുന്നതിന് ഈശോമിശിഹായുടെ പാടുപീഡകളും മരണവും മാത്രം മതിയോ?

ഉ. പോരാ. രക്ഷപ്പെടുന്നതിന് ഈശോമിശിഹാ നമുക്കുവേണ്ടി മരിച്ചു എന്നുള്ളതു മതിയാകയില്ല. തന്റെ ഉത്ഥാനഭവത്തിന്റെയും മരണത്തിന്റെയും ഫലങ്ങളെ നമുക്ക് ഓരോരുത്തർക്കും ഉപകരിക്കത്തക്കവണ്ണം നാം സ്വായത്തമാക്കണം.

വി. ക്രമാശകൾ വഴിയായിട്ടാണ് മിശിഹായുടെ കഷ്ടാനുഭവങ്ങളുടെ യോഗ്യതകൾ നാം പ്രാപിക്കുന്നത്. അതുകയാൽ ക്രമാശകളെ കൈക്കൊള്ളാതിരിക്കുയോ അവഗണിക്കുകയോ അവയെ അയോഗ്യമായി കൈക്കൊള്ളുകയോ ചെയ്യുന്നതുകൊണ്ട് പലർക്കും മിശിഹായുടെ മരണം നിഷ്ഫലമായിത്തീരുന്നു.

ഇങ്ങനെ ഈശോമിശിഹാ എല്ലാ മനുഷ്യരെയും രക്ഷിക്കാൻവേണ്ടിമരിച്ചു എങ്കിലും എല്ലാവരും രക്ഷപ്പെടുന്നില്ല. ഇതു തന്റെ പങ്കുപ്പാടിന്റെ യോഗ്യതകൾ പരിമിതമായതുകൊണ്ടല്ല പ്രത്യുത മനുഷ്യൻ സ്വാതന്ത്ര്യപ്രിയനായി തന്റെ ക്രമാണങ്ങളെ അനുസരിക്കായ്കകൊണ്ടും താൻ നൽകിയിട്ടുള്ള രക്ഷയുടെ വാം വഴികളെ പ്രയോഗിക്കാത്തതുകൊണ്ടുമാണ്.

ചോ. മിശിഹാ പാടുപെട്ടു മരിച്ച കാലം, സ്ഥലം, വിധം ഇവ ഏതു?

ഉ. മിശിഹാ പാടുപെട്ടു മരിച്ചകാലത്തു യൂദായിലെ റോമൻ ഗവർണ്ണർ പന്തിയോസ് പീലാത്തോസും യൂദരാരുടെ പ്രധാനാചാര്യൻ കയ്യാപ്പായുമായിരുന്നു. കയ്യാപ്പാ ദൈവസുതനായ ഈശോ മരണാർഹനാണെന്നു പ്രസ്താവിച്ചു. പീലാത്തോസ്, തന്നെ കുരിശുമരണത്തിനു വിധിക്കയും ചെയ്തു.

താൻ മരിച്ച സമയം യൂദന്മാർ പെസഹാ ഘോഷിച്ചിരുന്ന അവസരമായിരുന്നു. ദൈവം മെസ്രേൻകാരുടെ കടിഞ്ഞൂൽ സന്താനങ്ങളെ നിഗ്രഹിച്ചു, ഇസ്രായേൽ ജനത്തെ പറോന്റെ അടിമത്വത്തിൽനിന്നു രക്ഷിച്ചതിന്റെ സ്മരണ കൊണ്ടാടുകയും ഉപകാരസ്മരണയായി പെസഹാ ചെമ്മരിയാട്ടിൻകുട്ടിയെ ബലിയിടുകയും ചെയ്യുന്ന അവസരമാണല്ലോ. പെസഹാക്കാലം. ഈ അവസരത്തിൽ തന്നെയാണ് ലോകപാപത്തെ സംഹരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ ഈശോ പിശാചി

ന്റെയും നരകത്തിന്റെയും അടിമത്തത്തിൽനിന്ന് നമ്മെ രക്ഷിക്കുവാൻ കുരിശിന്മേൽ ബലിയർപ്പിക്കപ്പെട്ടതു്.

ആദം ഏദൻ തോട്ടത്തിൽവച്ചു് വിലക്കപ്പെട്ട കനി തിന്നു് മനുഷ്യവർഗ്ഗത്തെ അധഃപതിപ്പിച്ചു. മിശിഹാ മനുഷ്യോദ്ധാരണാർത്ഥമുള്ള തന്റെ പാടുപീഡകളെ ഗദസമാൻ തോട്ടത്തിൽവച്ചു സമാരംഭിച്ചു. ഗദസമാൻ തോട്ടവും ഓറ്റുവും പട്ടണവും ഗാഗുൽത്താ മലയും തന്റെ തിരുരക്തത്താൽ നനക്കപ്പെട്ടു. കുറ്റക്കാരുടെ കൊലശിക്ഷ നടത്തിവന്നിരുന്ന സ്ഥലമായിരുന്നു ഗാഗുൽത്താ. ഈ സ്ഥലത്തുവച്ചു് താൻ കുറ്റക്കാരിൽ ഏറ്റവും വലിയ കുറ്റക്കാരനെപ്പോലെ രണ്ടു കള്ളന്മാരുടെ മദ്ധ്യേ ആകാശവും ഭൂമിയും സാക്ഷികളായി ഇടവിതാനത്തിൽ ഉയർത്തപ്പെട്ടു. സമയം ഏതാണ്ടു് ഉച്ചയായിരുന്നു. മൂന്നു മണിക്കൂറോളം കുരിശാകുന്ന ബലിപീഠത്തിന്മേൽ കിടന്ന ദിവ്യകുഞ്ഞാട്ടു് അസഹനീയമായ വേദനകൾ സഹിച്ചു. അവസാനം തന്നെക്കുറിച്ചു എഴുതപ്പെട്ടതെല്ലാം, നിത്യപിതാവു തന്നിൽനിന്നാവശ്യപ്പെട്ടതെല്ലാം, ചെയ്തീർത്തു എന്ന അർത്ഥത്തിൽ "എല്ലാം നിറവേറി" എന്നരുളിച്ചെയ്തുകൊണ്ടു നിത്യപിതാവിന്റെ തൃക്കരങ്ങളിൽ തന്റെ പാവനമായ ആത്മാവിനെ കയ്യാളിച്ചു.

ചോ. മിശിഹായുടെ മരണത്തെത്തുടർന്നു നടന്ന സംഭവങ്ങൾ ഏവ?

ഉ. മരണശേഷം മിശിഹായുടെ ആത്മാവു് പാതാളങ്ങളിൽ ഇറങ്ങുകയും മൂന്നാം നാൾ മരിച്ചവരിൽനിന്നു് ഉയിർക്കയും നാല്പതാംനാൾ സ്വർഗ്ഗത്തിലേയ്ക്കു കരേറുകയും ചെയ്തു.

വി. മിശിഹായുടെ വരവിനുമുമ്പു് നീതിമാന്മാരായി മരിച്ചവരുടെ ആത്മാക്കൾ, മിശിഹാമൂലമുള്ള വീണ്ടെടുപ്പിനെ പ്രതീക്ഷിച്ചുകൊണ്ടു് വസിച്ചിരുന്ന സ്ഥലത്തെയാണു് പാതാളം എന്നപദംകൊണ്ടു് നാം നിർദ്ദേശിക്കുന്നതു്.

ചോ. മിശിഹാ എന്തിനാണു് പാതാളത്തിലേയ്ക്കു് ഇറങ്ങിയതു്?

ഉ. ആദത്തിന്റെ പാപംമൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗവാതിൽ തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവും വഴിയായി തുറക്കപ്പെട്ടു എന്ന സന്തോഷവർത്തമാനം അവിടെയുള്ള നീതിമാന്മാരെ അറിയിക്കുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനും വേണ്ടിയാണു്.

വി. ആദത്തിന്റെ പാപംനിമിത്തം മനുഷ്യവർഗ്ഗത്തിന്നു് ഒന്നാകെ സ്വർഗ്ഗം അടയ്ക്കപ്പെട്ടുപോയി. ഒന്നാമത്തെ ആദത്തിന്റെ പാപത്താൽ വന്നനാശത്തെ പരിഹരിക്കുന്നതിന്നു് ലോകത്തിൽ പ്രത്യക്ഷപ്പെട്ട രണ്ടാമത്തെ ആദമാണു് മിശിഹാ. താൻ തന്റെ മരണത്താൽ മോക്ഷവാതിൽ തുറക്കുകയും മനുഷ്യവർഗ്ഗത്തിന്റെ കടിഞ്ഞൂലായി ആദ്യം അതിൽ പ്രവേശിക്കയും ചെയ്തു.

ചോ. മിശിഹാ എന്തിനാണു് മരിച്ചവരിൽനിന്നു് ഉയത്തതു്?

ഉ. മിശിഹാ മരിച്ചവരിൽനിന്നു ഉയത്തതു്, തന്റെ ദൈവികത്വത്തെ സ്ഥിരപ്പെടുത്തുന്നതിനും വരുവാനിരിക്കുന്ന നമ്മുടെ ഉയിർപ്പിനു് മാതൃകയും അച്ചാരവും മാതൃകയും ആകുന്നതിനും ആണു്.

വി. മരിച്ചു അടക്കപ്പെട്ടിട്ടു മൂന്നാംദിവസമാണു് താൻ മഹാ പ്രതാപത്തോടെ ഉയത്തെഴുന്നേറ്റതു്. മിശിഹാ തന്റെ ഉയിർപ്പിനെ മൂന്നാംദിവസംവരെ ദീർഘിപ്പിക്കുവാൻ തിരുമനസ്സായതു് അവിടുന്നു മരിച്ച എന്നുള്ള സംഗതിയെ യാതൊരുസംശയവുംകൂടാതെ തെളിയിച്ചുകാണിപ്പാൻവേണ്ടിയായിരുന്നു.

ചോ. മിശിഹാ തന്റെ ഉയിർപ്പിനുശേഷം നാല്പതുദിവസം ഭൂമിയിൽ താമസിച്ചതു എന്തുകൊണ്ടു്?

ഉ. മിശിഹാ തന്റെ ഉയിർപ്പിന്റെശേഷം സ്വർഗ്ഗാരോഹണത്തിനുമുമ്പു് നാല്പതുദിവസം ഭൂമിയിൽ താമസിച്ചതു്, താൻ സാക്ഷാൽ ഉയത്തെഴുന്നേറ്റു എന്നു പല പ്രകാരമുള്ള അത്ഭുതങ്ങളാൽ തെളിയിക്കുന്നതിനും, ശ്ലീഹന്മാരെ പിന്നെയും പരിപ്പിച്ചു്, അവരെ വിശ്വാസസത്യങ്ങളിൽ സ്ഥിരപ്പെടുത്തുന്നതിനും ആയിരുന്നു.

ചോ. മിശിഹാ സ്വർഗ്ഗാരോഹണം ചെയ്തതു എന്തുകൊണ്ടു്?

ഉ. മിശിഹാ സ്വർഗ്ഗാരോഹണം ചെയ്തതു്, i. താൻ തന്റെ മരണത്താൽ അർഹിച്ച തന്റെ രാജ്യത്തെ അധീനപ്പെടുത്തുന്നതിനും ii. നമുക്കു് മഹിമയുടെ സ്ഥാനം തയ്യാറാക്കുന്നതിനും iii. പിതാവിന്റെ പക്കൽ നമ്മുടെ മദ്ധ്യസ്ഥനായി നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും iv. തന്റെ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ യാത്രയാക്കുന്നതിനുംവേണ്ടിയായിരുന്നു.

സ്വർഗ്ഗത്തിലേക്ക് കരേറിയ മിശിഹാ ഇനിയും ലോകത്തിലേക്ക് വരുമോ?

ഉ. ഉവ്വ്. ലോകാവസാനത്തിൽ നല്ലവരേയും പാപികളേയും വിധിക്കുന്നതിനായി മഹാ പ്രഭയോടെ താൻ ലോകത്തിൽവീണ്ടുംവരും. "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടിവരുവാനിരിക്കുന്നു. അപ്പോൾ ഓരോ മനുഷ്യനും അവന്റെ പ്രവൃത്തികൾക്കനുസരിച്ചു അവൻ പ്രതിഫലം നൽകും." (മത്താ. 16– 27)

1 മറിയത്തിരുനാൾ.

(മാർച്ച് 25–ാംനു)

ഈ തിരുനാളിൽ നാം അനുസ്മരിക്കുന്നത് മനുഷ്യാവതാരത്തെ സംബന്ധിച്ച പ്രാരംഭനടപടികളാണ്. ദൈവം അനാദി മുതൽ പുത്രൻതമ്പുരാന്റെ മാതാവായി തിരഞ്ഞെടുത്തിരുന്ന പരിശുദ്ധകന്യകമറിയത്തിന്റെ പക്കലേയ്ക്ക് ഗബ്രിയേൽമലാഖയെ അയയ്ക്കുന്നു. ഈ ദിവ്യദൌത്യത്തിന്റെ ഉദ്ദേശമെന്ത്? അത് ദൈവസുതൻ മറിയത്തിന്റെ ഉദരത്തിൽ അവതീർണ്ണനാകാനിരിക്കുന്നുവെന്ന് അവളെ അറിയിച്ച് അവൾ അതിനു സമ്മതംനൽകുമോ എന്നറിയുകയായിരുന്നു. വി. ഗബ്രിയേൽവന്ന് പ്രസ്തുത മംഗലവാർത്ത അവളെ അറിയിച്ചു. അവളാകട്ടെ "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" എന്നു പ്രതിവചിച്ച് സമ്മതംനൽകി. തൽക്ഷണം പുത്രൻതമ്പുരാൻ മറിയത്തിന്റെ വിമലഉദരത്തിൽ മനുഷ്യനായി ജനിച്ചു. ഇങ്ങനെ പുത്രൻതമ്പുരാൻ മനുഷ്യനായതും പരിശുദ്ധകന്യകമറിയം ദേവമാതാവായിത്തീർന്നതുമായ മഹനീയ സംഭവങ്ങളാണ് ഈ സുദിനത്തിൽ നടന്നത്. അതുകൊണ്ട് ഈ പരമരഹസ്യങ്ങളെ നന്ദിയോടും സ്നേഹത്തോടും സ്മരിച്ചുകൊണ്ടുവേണം നാം ഈ തിരുനാൾ ആഘോഷിക്കുവാൻ. നമുക്കുവേണ്ടി മനുഷ്യവേഷം ധരിച്ച പുത്രൻതമ്പുരാനോടുള്ള സ്നേഹവും നന്ദിയും ദൈവമാതാവായ പരിശുദ്ധ മറിയത്തോടുള്ള സ്നേഹബഹുമാനാദരങ്ങളും ഈ ദിവസത്തിൽ വിശേഷവിധിയായി നമ്മിൽ ഉദിച്ചുയരേണ്ടതാണ്– ഇതു കടമുള്ള ഒരു തിരുനാളാണ്.

2 പിറവിത്തിരുനാൾ

(ഡിസംബർ 25-ാംനാൾ)

മനുഷ്യാവതാരം ചെയ്ത ദൈവസുതൻ പരി. കന്യകമറിയത്തിൽനിന്ന് ബേസ്ലഹേം തൊഴുക്കുട്ടിൽ പിറന്ന മഹൽസംഭവമാണ് പിറവിത്തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നത്. മനുഷ്യാവതാരത്തോടനുബന്ധിച്ച ഏറ്റവും സുരണീയമായ സംഭവമാണിത്. നാ. കർത്താവു പിറന്ന ദിവസം ഒരു പുതിയ നക്ഷത്രം പ്രത്യക്ഷപ്പെടുകയും, ദൈവദൂതന്മാർ "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സമാധാനം, മനുഷ്യർക്ക് നല്ലശരണം" എന്നു പാടി സന്തോഷകാഹളം മുഴക്കുകയും ചെയ്തു.

ഈ തിരുനാളിനു ഒരുക്കമായി ആഗമനകാലവും ഇരുപത്തഞ്ചുനോയമ്പും പെരുനാളിനു തലേദിവസം ഒരു നേരവും നിശ്ചയിച്ചിരിക്കുന്നു. ആഗമനകാലം എന്നറിയപ്പെടുന്ന നാലു ആഴ്ചവട്ടങ്ങൾ നാലായിരംവർഷം പൂർവ്വപിതാക്കൾ രക്ഷകനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നതിന്റെ അനുസ്മരണയാണ്. ഈ തിരുനാൾ ഏതുദിവസംവന്നാലും മാംസവർജ്ജനം ഉണ്ടായിരിക്കുന്നതല്ല. അന്നു പാതിരായ്ക്കു ദേവാലയങ്ങളിൽ ആഘോഷമായ കർമ്മങ്ങൾ നടത്തപ്പെടുന്നു. ഈ സുദിനത്തിൽ വൈദികർക്കല്ലാവർക്കും മൂന്നു ദിവ്യപൂജകൾ അർപ്പിക്കുന്നതിനു അനുവാദമുണ്ട്. ഈ മൂന്നു ദിവ്യപൂജകൾ നാ. കർത്താവിന്റെ മൂന്നു പിറവികളെയാണ് അനുസ്മരിപ്പിക്കുന്നത്. 1. അനാദിയിൽ നിത്യപിതാവിൽനിന്നുള്ള തന്റെ ജനനം. 2. കാലത്തിന്റെ തികവിൽ മേരീസുതനായി ഗോശാലയിൽവച്ചുള്ള തന്റെ പിറവി. 3. പ്രസാദവരം വഴിയായി നാം ഓരോരുത്തരുടെയും ആത്മാക്കളിൽ വസിക്കുന്ന തന്റെ ജനനം.

ഒരു ശിശുവിന്റെ ജനനത്തിൽ കുടുംബാംഗങ്ങൾക്കും ഒരു രാജകുമാരന്റെ പിറവിയിൽ രാജ്യവാസികൾക്കും ഉള്ള മനഃസ്ഥിതിയോടുകൂടിവേണം നാം ഈ തിരുനാൾ ആഘോഷിക്കുവാൻ. ഈ സുദിനത്തിൽ നമ്മുടെ രക്ഷകനും, ഗുരുവും, രാജാവും, നാഥനും, കർത്താവുമായി പിറന്നിരിക്കുന്ന തന്നോടു നമുക്കുള്ള സ്നേഹം ശതഗുണീഭവിക്കേണ്ടതാണ്. ക്രൂശതെയും നമുക്ക് ഒരു മാതൃകതരുന്നതിനുവേണ്ടിയുമല്ലൊ താൻ മനുഷ്യവേഷം ധരിച്ചു നമ്മുടെ ഇടയിൽ പ്രത്യക്ഷനായതു. അതുകൊണ്ടു ഈ ശുഭദിവസ

രത്തിൽ പുൽക്കൂട്ടിൽ ഗാഗുൽത്തായവരെയും തന്നെ അനുഗമിക്കുവാൻ കഴിയുന്നതും യത്നിക്കുന്നതാണെന്ന് പ്രതിജ്ഞചെയ്ത് അതിനെ പുൽക്കൂട്ടിലെ ദിവ്യ ഉണ്ണിയുടെ പാദാരവിന്ദങ്ങളിൽ സവിനയം സമർപ്പിക്കണം.

ഇത് കടമുള്ള ഒരു ദിവസമാണെന്നു മാത്രമല്ല തിരുസ്സഭ ഏറ്റവും ആഹ്ലാദത്തോടെ കൊണ്ടാടുന്ന ഒരു മഹാദിനവുമാണ്. "സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന ഒരു മഹാസന്തോഷം നിങ്ങളെ ഞാൻ അറിയിക്കുന്നു." എന്നാണല്ലൊ ദൈവദൂതൻ ആട്ടിടയന്മാരോട് അരുളിച്ചെയ്തത്. അതെ, ഈ ക്രിസ്തുമസ്സ് ദിനം സകല മനുഷ്യർക്കും ഒരു സന്തോഷദിവസമാണ്.

3 ഛേദനാചാരത്തിരുനാൾ.

ജനുവരി 1-ാംനു

ഛേദനാചാരത്തിരുനാൾ ജനുവരി ഒന്നാംതീയതി ആഘോഷിക്കപ്പെടുന്നതിനാൽ ഈ സുദിനം നവവത്സരാരംഭവുമാണല്ലൊ.

പഴയനിയമത്തിൽ ദൈവം അബ്രാഹത്തോട് ചെയ്ത വാഗ്ദാനത്തിനു മുദ്രയായി അയാളുടെ എല്ലാ സന്തതികളെയും ചേലാകർമ്മം ചെയ്യണമെന്നു ദൈവം കല്പിച്ചു. അന്നുമുതൽ ഇസ്രായേൽജനം ഈ നിയമാനുസരണം വർത്തിച്ചുവന്നു. ഈശോമിശിഹാ അബ്രാഹത്തിന്റെ വംശത്തിൽ ജനിച്ചതിനാൽ ഈ നിയമത്തിനു വിധേയനാകുവാൻ തിരുച്ചിത്തമായി. ഈ സുദിനത്തിലത്രേ താൻ നിയമാനുസരണം ചേലാകർമ്മം ചെയ്യപ്പെട്ടതും ഈശോ എന്ന തിരുനാമം വിളിക്കപ്പെട്ടതും.

നിയമദാതാവായ താൻ ഈ നിയമത്തിനു വിധേയനാകേണ്ടതായ യാതൊരാവശ്യവും ഇല്ലായിരുന്നു. എങ്കിലും എളിമയുടെയും വിധേയത്വത്തിന്റെയും സമാതീതമായ നമുക്കു കാണിച്ചുതരുന്നതിനും സർവ്വോപരി ഛേദനാചാരത്തിൽ നിവൃത്തിക്കപ്പെടുന്ന ചടങ്ങുകൾ വഴിയായി തന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശം ലോകത്തിനു വെളിപ്പെടുത്തുന്നതിനും താൻ ചിത്തമായി. വാസ്തവത്തിൽ ചോര ചിന്തിക്കൊണ്ടുള്ള ഛേദനാചാരകർമ്മം, താൻ തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവും വഴിയായി മനുഷ്യരക്ഷ സാധിക്കുവാൻ സമാഗതനായിരിക്കുന്നു എന്ന് പ്രത്യക്ഷ

മാക്കുകയാണു ചെയ്യുന്നു. ഈ അവസരത്തിൽ താൻ സ്വീകരിച്ച രക്ഷകൻ എന്നർത്ഥമുള്ള ഈശോ എന്ന തിരുനാമവും തന്റെ ദിവ്യാഗമനത്തിന്റെ ഉദ്ദേശത്തെ പ്രസ്പഷ്ടമാക്കുന്നതാണ്. ഈ തിരുനാളിൽ ഈശോ സ്വീകരിച്ച തിരുനാമവും തന്നിൽ നിവ്വഹിക്കപ്പെട്ട ചേലാകർമ്മവും വഴിയായി താൻനിവ്വഹിപ്പാനിരുന്ന മനുഷ്യരക്ഷഎന്ന മഹോന്നത ജോലി ഒരുവിധത്തിൽ "ചാഞ്ജ്" ചെയ്കയാണ് ചെയ്യുന്നു.

രക്ഷകനോടുള്ള സ്നേഹം, ഈശോ എന്ന തിരുനാമത്തോടുള്ളഭക്തി എന്നിവയാണ് ഈ സുദിനത്തിൽ തിരുസ്സഭ നമ്മിൽ നിന്നാവശ്യപ്പെടുന്നത്— ഇതു കടമുള്ള ഒരു തിരുനാളാണ്.

ഈ തിരുനാൾ നവവത്സരാരംഭദിനം ക്രിയാകയാൽ നവവർഷം ശുഭമായി പര്യവസാനിക്കുന്നതിന് വേണ്ട അനുഗ്രഹങ്ങൾ നാം ഇന്നു പ്രത്യേകം യാചിക്കണം. ക്രിസ്തൊ പുത്തനാണ്ടിൽ ആത്മികവും ശാരീരികവും ആയ എല്ലാ ആപത്തുകളിൽ നിന്നും നമ്മെ കാത്തു രക്ഷിക്കുന്നതിന് പ്രാർത്ഥിക്കയും വേണം. നവവത്സരം മുഴുവൻ നന്നായി ചെലവഴിക്കുന്നതിന് ശ്രമിക്കുന്നതാണെന്നു പ്രതിജ്ഞചെയ്യു നമുക്കുവേണ്ടി രക്തംചിന്തിയ ഉണ്ണിയീശോയുടെ തിരുപ്പാദങ്ങളിൽ സമർപ്പിക്കേണ്ടതാണ്.

കാലങ്ങൾ അതിവേഗം കടന്നു പോകുന്നുവെന്നു പുതുനാണ്ടു നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ അവസരത്തിൽ സമയത്തിന്റെ വിലയേയും ദൈവം അതു നമുക്കു പ്രദാനം ചെയ്തതിന്റെ ഉദ്ദേശത്തേയും കുറിച്ചു ഓർക്കുന്നതും നല്ലതാകുന്നു. മരണസമയത്തിന്റെ അനിശ്ചിതാവസ്ഥ സമയത്തോടനുബന്ധിച്ച ഒരു സംഗതിയാണ്. ഏവം വിധങ്ങളായ സംഗതികളെക്കുറിച്ചുള്ള ഗൌരവമായ ചിന്തയോടു കൂടിവേണം നാം നവവത്സരം ആരംഭിക്കുവാൻ.

4 ദനഹാതിരുനാൾ

(ജനുവരി 6—ാം നു-)

ദനഹാ എന്ന പദത്തിന്റെ അർത്ഥം പ്രസദ്ധീകരണം അഥവാ പ്രത്യക്ഷീകരണം എന്നാണ്. അവതിർണ്ണനായ ദൈവസുതൻ തന്റെ ദൈവത്വത്തെ ലോകത്തിനു പ്രത്യക്ഷീകരിച്ച സുദിനമായതുകൊണ്ടത്രെ ഇതിന് കത്താവിന്റെ ദനഹാ എ

ന്നുപറയുന്നതു്. ദിവ്യരക്ഷകൻ തന്റെ ദൈവത്വം പലപ്പോ ഴും പ്രത്യക്ഷമാക്കിയിട്ടുണ്ടു്. അവയിൽ പ്രധാനപ്പെട്ടവ മൂന്നാ ണു്. . കിഴക്കുനിന്നുവന്ന ജ്യോതിശാസ്ത്രജ്ഞന്മാർക്കു് ദിവ്യഉണ്ണി തന്റെ ദൈവത്വത്തെ വെളിപ്പെടുത്തി. 2. കാനായിലെ ക ല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കി പകർത്തിയ മിശിഹായുടെ അത്ഭുതവും തന്റെ ദൈവത്വത്തിന്റെ പ്രത്യക്ഷീകരണമാ കുന്നു. 3. മിശിഹാ യോർദ്ദാൻ നദിയിൽവച്ചു് വി. യോഹ ന്നാൻ മാംദാനായിൽനിന്നു് മാമ്മോദീസാ സ്വീകരിച്ച അവസര ത്തിൽ "എനിക്കു പ്രസാദിച്ച എന്റെ പ്രിയപുത്രൻ ഇവനാകു ന്നു." എന്ന സ്വർഗ്ഗത്തിൽനിന്നുണ്ടായ ദിവ്യവാണിയും തന്റെ ദൈവത്വത്തെ പ്രത്യക്ഷമാക്കുന്നു. തിരുസ്സഭ അതിന്റെ ഓരോ വിഭാഗങ്ങളിലായി ഒന്നാമതിരുന്നാൾ ദിവസത്തിൽ ഈ മൂന്നു പ്രത്യക്ഷീകരണങ്ങളെയും അനുസ്മരിക്കുന്നു.

കൽദായ റീത്തുകാർ ഈ തിരുനാളിൽ ന. കത്താവി ന്റെ മാമ്മോദീസായുടെ അവസരത്തിൽ നടന്ന പ്രത്യക്ഷീകര ണത്തെയാണു് അനുസ്മരിക്കുന്നതു്. അതുകൊണ്ടു കൽദായ റീത്തു കാരുടെയിടയിൽ ഈ തിരുനാളിനു് രാക്കുളിപ്പെരുന്നാൾ അഥ വാ ന. കത്താവിന്റെ മാമ്മോദീസാത്തിരുനാൾ എന്നുകൂടി പേ രുണ്ടു് — ഇതു് കടമുള്ള ഒരു തിരുനാളാണു്.

മിശിഹാ മാമ്മോദീസാമുങ്ങി കരയ്ക്കു കയറുകയിൽ സ്വ ർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവു് പ്രാവുപോ ലെ തന്റെമേൽ ഇറങ്ങുകയും ചെയ്തു. മാത്രമല്ല "എനിക്കു പ്രസാ ദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു" എന്ന പറയു ന്നതും സ്വർഗ്ഗത്തിൽനിന്നുണ്ടായി. ഇങ്ങനെ സ്വപുത്രനെ ക്കുറിച്ചു സാക്ഷിക്കുന്ന സ്വർഗ്ഗസ്ഥനായ പിതാവും, അവതീർണ്ണനാ യപുത്രനും പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധാ ത്മാവും യോർദ്ദാൻ നദീതീരത്തിൽ സമ്മേളിക്കയുണ്ടായല്ലൊ. അതുകൊണ്ടു നമ്മുടെ കർത്താവിന്റെ ദൈവത്വത്തിലും പരിശുദ്ധ ത്രീത്വമെന്ന പരമരഹസ്യത്തിലുമുള്ള നമ്മുടെ വിശ്വാസത്തെ ദൃഢമാക്കുന്നതിനു് ഏറ്റം പറ്റിയ ഒരവസരമാണിതു്. ഈ സു ദിനത്തിൽ ബാവ, പുത്രൻ, റൂഹാദക്കുദശാ എന്നീമൂന്നു് ദൈവ ങ്ങളോടും നമുക്കുള്ള സ്നേഹത്തെയും കൃതജ്ഞതയെയും പ്രദർശി പ്പിക്കയും പാപികളോടു കലർന്നു് പാപികളുടെ സ്ഥാനം സ്വീ

കരിച്ച് പാപസംഹാരകനായ ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ നാം ആരാധിക്കുകയും വേണം.

5 പെസഹാവ്യാഴാഴ്ച

വി. കുർബാനയുടെ സ്ഥാപനവും, നാ. കർത്താവിശോമി ശിഹായുടെ കഷ്ടാനുഭവങ്ങളുടെ പ്രാരംഭ ഘട്ടങ്ങളും തിരുസ്സഭ ഇന്നേദിവസം നമ്മെ ഓർമ്മിപ്പിക്കുന്നു.

വി. കുർബാനഎന്ന ബലിയുടെയും ക്രൂശായുടെയും സ്ഥാപനത്തെ അനുസ്മരിപ്പിക്കുന്നതിനത്രെ വി. കുർബാനയുടെ പ്രദക്ഷിണവും പരസ്യാരാധനയും നടത്തുന്നത്.

പെസഹാ വ്യാഴാഴ്ച നടത്തപ്പെടുന്ന വേറൊരു തിരുക്കർമ്മം പാദക്ഷാളന ശുശ്രൂഷയാണ്. ഇതു നാ. കർത്താവു അവസാന അത്താഴത്തിൽവച്ചു പരസ്നേഹത്തിന്റെയും സേവനത്തിന്റെയും വിനയത്തിന്റെയും സജീവമായ മാതൃക നമുക്കു തരുന്നതിനായി തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിനെ നമ്മെ ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ പീഡാനുഭവഘട്ടങ്ങളെ നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതിനാണ് ദിവ്യപൂജാനേരത്തു് ഇടമണിമുതൽ മരമണി ഉപയോഗിക്കുന്നതു്. ഗദസേമൻ തോട്ടത്തിലെ രക്തവിയർപ്പു്, ദ്രോഹിയായ യൂദാസ്കരിയോത്തായുടെ ചുംബനം മുതലായ ഏറ്റവും ദാരുണമായ സംഭവങ്ങളുടെ സ്മരണ ദുഃഖസൂചകമായ ദേവാലയഗാനങ്ങൾ നമ്മിൽ ഉദയം ചെയ്യിക്കുന്നു.

ഈദൃശ ചിന്തകളോടുകൂടെ നാം ഈ ദിവസം ദേവാലയത്തിൽ പോയി അവിടെ നടത്തപ്പെടുന്ന എല്ലാ ഭക്തകൃത്യങ്ങളിലും പങ്കുകൊള്ളുകയും കുമ്പസാരിച്ചു വി. കുബ്പാന സ്വീകരിക്കുകയും വി. കുർബാനയുടെ പ്രദക്ഷണത്തിൽ സംബന്ധിക്കുകയും വേണം. പെസഹാ വ്യാഴാഴ്ച പകലും രാത്രിയും നടത്തപ്പെടുന്ന ആരാധനയിൽ സംബന്ധിക്കുന്നതിനു് ഉത്സാഹിക്കേണ്ടതാണ്.

പെസഹാ വ്യാഴാഴ്ച ഒരു കടമുള്ള ദിവസമല്ല. അതു് സ്നേഹത്തിന്റെ ഒരു ദിവസമത്രെ. മിശിഹായുടെ നേരെയുള്ള സ്നേഹവും, താൻ സഹിച്ച അപമാനങ്ങളെയും പാടുപീഡക

ളെയും കുറിച്ചുള്ള സഹതാപവും നമ്മിൽ വേണ്ടതുപോലെ സ്ഥ
ലംപിടിക്കുന്നുവെങ്കിൽ നാം ഈ ദിവസം ഭക്തിപൂർവ്വം ആചരി
ക്കുമെന്നതിനു സംശമില്ല.

6. ദുഃഖവെള്ളി

ഏറ്റം ഹൃദയസ്പർശകവും നമ്മോട് ഏറ്റവും ഗാഢമായ
വിധത്തിൽ ബന്ധിക്കപ്പെട്ടതുമായ ഒരു മഹാസംഭവമാണ് തിരു
സ്സഭ ഇന്നേദിവസം നമ്മുടെ കൺമുമ്പിൽ ചിത്രീകരിക്കുന്നത്.
ഇത് ഓർശ്ലം പട്ടണത്തിലും ഗാഗുൽത്താ മലയിലുംവച്ച് ന. ദി
വ്യരക്ഷകൻ അഭിനയിച്ച കഷ്ടാനുഭവവും കുരിശുമരണവുമെന്ന
ശോകാന്തനാടകത്തിന്റെ അവസാനരംഗങ്ങളല്ലാതെ മറ്റൊ
ന്നുമല്ല. ദീനാനുകമ്പയാൽ പ്രേരിതനായി താൻ സ്വരക്തം
കൊണ്ട് നമ്മുടെ പാപവ്യാധികളെ കഴുകി ശുദ്ധിവരുത്തി. ക
ഠിനപീഡകൾ സഹിച്ച് നമ്മുടെ പാപങ്ങൾക്കു പരിഹാരംചെ
യ്തു. നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നതിനായി സ്വജീവനെ
കുരിശാകുന്ന ബലിപീഠത്തിന്മേൽ താൻ അർപ്പിച്ചു. ഈവക സം
ഗതികളെയും അവയുടെ സാഹചര്യങ്ങളെയും ഉരുക്കഴിത്തോട്ടക്ര
ടിധ്യാനിക്കുന്നതിനാണ് ദുഃഖത്തിന്റെ ഈ ദിവസം നാം വി
നിയോഗിക്കേണ്ടത്.

ഈ ദിവസം ദേവാലയത്തിൽ നടത്തപ്പെടുന്ന തിരുക
ർമ്മങ്ങൾ, നമ്മുടെ ഹൃദയത്തിൽ സ്നേഹം, ഭക്തി, മനസ്താപം മുത
ലായ വികാരങ്ങളെ ഉളവാക്കുന്നതിനും മേല്പറഞ്ഞ സംഭവങ്ങള
ടെയും സത്യങ്ങളുടെയും സ്മരണ നമ്മിൽ അങ്കുരിപ്പിക്കുന്നതി
നും പര്യാപ്തങ്ങളാണ്.

മനുഷ്യരക്ഷ എന്ന പരമരഹസ്യത്തെയും ന. കർത്താവീ
ശോമിശിഹായുടെ പീഡാനുഭവങ്ങളെയും കുറിച്ച് നാം വിശേഷ
വിധിയായി ചിന്തിക്കേണ്ടതിനുള്ള ഒരവസരം വേറെയില്ല. മിശി
ഹായോടുള്ള സ്നേഹം, തന്റെ കഷ്ടാനുഭവങ്ങളോടുള്ളഭക്തി,
അവയ്ക്കു കാരണമായ നമ്മുടെ പാപങ്ങളോടുള്ള വെറുപ്പ് എ
ന്നിവ നമ്മുടെ ഹൃദയത്തിൽ ഏറ്റവും ആഴമായി പതിയേണ്ടവ
യാണ്. എന്നാൽ ഇതുകൊണ്ടുമാത്രം നാം രക്ഷപ്പെട്ടുകയില്ല. നി
ത്യരക്ഷ സാധിക്കുന്നതിന് നമ്മുടെ രക്ഷകനോടടുത്തു, തന്നെ

സ്നേഹിച്ചു് തന്റെ രക്ഷണിയ വേലയുടെ ഫലങ്ങൾ നല്ല ജീവിതം വഴിയായി നമ്മുടേതാക്കണം.

ദുഃഖവെള്ളിയാഴ്ചയും കടമുള്ള ദിവസമല്ല. അതുദുഃഖിക്കുന്നതിനും സഹതപിക്കുന്നതിനും സ്നേഹിക്കുന്നതിനും പശ്ചാത്തപിക്കുന്നതിനുംഉള്ള ദിവസമാണു്. അതു കണ്ണുനീരിനും നെടുവീർപ്പിനുമുള്ള അവസരമായിരിക്കണമെന്നാണു് തിരുസ്സഭയുടെ അഭിലാഷം. തിരുസ്സഭാമാതാവിന്റെ ആഗ്രഹാനുസരണം ഇതിനെ നാം ആചരിക്കുമെങ്കിൽ അതിൽനിന്നു് നമുക്കു് അനവധി ആദ്ധ്യാത്മിക നന്മകൾ കൈവരുന്നതാണു്.

7. ഉയിർപ്പുഞായർ.

കഠോരപീഡകൾ സഹിക്കുകയും അപമാനകരമായ മരണം കൈവരിക്കുകയും ചെയ്തു, ന. കർത്താവീശോമിശിഹായുടെ മഹിമ പ്രതാപത്തോടുകൂടിയ ഉത്ഥാനമാണു് ഉയിർപ്പു തിരുനാൾ ദിവസം നാം അനുസ്മരിക്കുന്നതു്.

ഈ തിരുനാൾ നമുക്കു് ഏറ്റം സന്തോഷാവഹമായ ഒരു ദിവസമാണു്. എന്തുകൊണ്ടെന്നാൽ ന. കർത്താവിന്റെ ഉയിർപ്പു് നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടിസ്ഥാനമത്രെ. "മിശിഹാ ഉയിർത്തില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാകുന്നു" എന്നു പറയത്തക്കവണ്ണം ഈ സംഭവം നമ്മുടെ വിശ്വാസത്തിന്റെ അസ്തിവാരമാണു്. വിശേഷിച്ചു മിശിഹായുടെ ഉയിർപ്പു് വരുവാനിരിക്കുന്ന നമ്മുടെ ഉയിർപ്പിന്റെ അച്ചാരവും മാതൃകയുമാണല്ലൊ.

സൂര്യോദയത്തിനു മുമ്പാണു് ദിവ്യരക്ഷകൻ മരണത്തെ ജയിച്ചു് ശവകുടീരത്തിൽനിന്നു പ്രതാപത്തോടുകൂടെ ഉയിർത്തെഴുനേറ്റതു്. ഈ ദിവസത്തിൽ അത്ഭുതമായ ദിവ്യപൂജയും മറ്റു ദേവാലയകർമ്മങ്ങളും പ്രഭാതത്തിനുമുമ്പായി തുടങ്ങുന്നതിനുള്ള കാരണം ഇതാണു്. ശ്ലീഹന്മാരും ഭക്തസ്ത്രീകളും കർത്താവിന്റെ കബറിടം സന്ദർശിക്കാൻപോയ സംഭവത്തെയാണു് ഈ ദിവസം നാം നടത്തുന്ന പ്രദക്ഷിണം നമ്മുടെ സ്മരണയിൽ കൊണ്ടുവരുന്നതു്. തിരുസ്സഭ ഈ സംഭവത്തിൽ അനന്യഭരിതയായി കീർത്തനങ്ങൾ പാടുന്നു. ത്രികാലജപങ്ങൾ ഈ ദിവസംമുതൽ പരിശുദ്ധത്രീത്വത്തിന്റെ തിരുനാൾവരെ നിന്നുകൊണ്ടു ജപിക്കുവാൻ

ഉപദേശിക്കുന്നു. 'പരലോകരാജസ്ത്രീയെ' എന്നു തുടങ്ങുന്ന ജപമാലയും ഈ കാലഘട്ടത്തിലേയ്ക്കുള്ള ത്രികാലജപമായി അവൾ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ന. കർത്താവിന്റെ ഉയിർപ്പു നമ്മുടെ ഉയിർപ്പിന്റെ അച്ചാരമാകുന്നു. ആകയാൽ ന. കർത്താവിനെപ്പോലെ മഹിമയോടെ ഉയിർക്കുവാൻ വേണ്ട അനുഗ്രഹം തന്നോട്ട് നാം ഈ അവസരത്തിൽ അപേക്ഷിക്കണം. പീഡകളുടെയും മരണത്തിന്റെയും ശേഷം മാത്രമാണ് മിശിഹാ ഉയിർത്തത്. ആകയാൽ തന്നോടുകൂടെ ഉയിർക്കണമെങ്കിൽ തന്നോടുകൂടെ പീഡകൾ സഹിക്കണം, തന്നോടുകൂടെ മരിക്കണം. ഈ മരണം പാപങ്ങളോടും ദുർഗുണങ്ങളോടുമുള്ള നിരന്തരവും കഠിനതരവുമായ പോരാട്ടം വഴിയായി മാത്രമേ സാധിക്കുകയുള്ളു. ഈ ദുശ്ചിന്തകളോടുകൂടിയാണ് ഈ തിരുനാൾ നാം ഘോഷിക്കേണ്ടതു്.

8 സ്വർഗ്ഗാരോഹണം

ന. കർത്താവു മരിച്ചുവരിൽനിന്നു ഉയർന്നശേഷം നാല്പതു ദിവസം ഭൂമിയിൽ കഴിച്ചുകൂട്ടി. ഈ കാലഘട്ടത്തിൽ തന്റെ രക്ഷണീയവേലയോടനുബന്ധിച്ച വേലകളെയെല്ലാം താൻ പൂർത്തിയാക്കി. തിരുസ്സഭയുടെ സ്വഭാവം, ഘടന ഭരണം, ക്രമാശകൾ എന്നിവയെ സംബന്ധിച്ച് വേണ്ട ഉദ്ബോധനങ്ങൾ തന്റെ ശിഷ്യന്മാർക്കു നൽകി. ഇങ്ങനെ തന്റെ വേലയെല്ലാം പൂർത്തിയാക്കിയശേഷം മഹിമപ്രതാപത്തോടുകൂടെ സ്വർഗ്ഗത്തിലേയ്ക്കു എഴുന്നള്ളുകയും തന്റെ പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുകയും ചെയ്യുന്നു. ഈ വക സംഭവങ്ങളാണ് ഇന്നത്തെ നമ്മുടെ ചിന്താവിഷയം. ന. കർത്താവിന്റെ ഉയർപ്പിന്റെ ശേഷം നാല്പതാം ദിവസം വ്യാഴാഴ്ചയാണ് ഈ തിരുനാൾ ഘോഷിക്കുന്നതു്. ഇതു കടമുള്ള ദിവസമാണ്.

മിശിഹാ പീഡകൾ സഹിച്ച് പാപങ്ങൾക്കു പരിഹാരം ചെയ്കയും, മനുഷ്യവർഗ്ഗത്തിന്നടയ്ക്കപ്പെട്ട മോക്ഷവാതിൽ തുറന്ന് ആദ്യമായി അതിൽ പ്രവേശിക്കുകയും ചെയ്തു. നമുക്കു സ്ഥലമൊരുക്കുന്നതിനാണ് പോകുന്നതെന്ന് താൻ പ്രസ്താവിച്ചിട്ടുള്ളതും നമുക്കു എന്തുതന്നെ ആശ്വാസജനകമത്രെ. പാപികളായ നമുക്കുവേണ്ടി മദ്ധ്യസ്ഥജോലി നിർവ്വഹിച്ചുകൊണ്ടാണ്

മിശിഹാ നിത്യപിതാവിന്റെ വലത്തുഭാഗത്തു് എഴുന്നെള്ളിയിരിക്കുന്നതു്.

തന്റെ മഹിമപ്രതാപത്തിനു നാം ഔഹരിക്കാരാകുവാൻ മിശിഹാ അഭിലഷിക്കുന്നു. നമ്മുടെ പാപമുറിവുകളെ സുഖപ്പെടുത്തുവാൻ താൻ മുറിവുകൾ ഏറ്റു. നമുക്കു മോക്ഷമുടി നൽകുവാൻ താൻ മൽമുടി സ്വീകരിച്ചു. നമുക്കു് നിത്യജീവനുണ്ടാകുവാൻ താൻ സ്വജീവനെ ബലിയിട്ടു.

ആകയാൽ മിശിഹായെ അനുകരിച്ചു ജീവിച്ചു് മിശിഹായുടെ മഹത്വത്തിൽ ഭാഗഭാക്കുകളാകുവാൻ നമുക്കു് യത്നിക്കാം. ലോകായോധനത്തിൽ നമുക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്യുവാൻ സന്നദ്ധനായി മിശിഹാ കാത്തിരിക്കുന്നു. തന്നിൽ നമ്മുടെ ശരണമെല്ലാം ഉറപ്പിച്ചു് ലോകത്തോടും പാപത്തോടും നമുക്കു് സമരം നടത്താം, സഹിക്കാം, മരിക്കാം—മോക്ഷമുടി, നിത്യഭാഗ്യം നമ്മുടേതായിരിക്കും.

9 വി. കുർബാന

നാം കർത്താവു വി. കുർബാന സ്ഥാപിച്ച ദിവസമായ പെസഹാ വ്യാഴാഴ്ച സ്നേഹത്തിന്റെ ഈ രഹസ്യത്തെക്കുറിച്ചുള്ള സുരണ തിരുസ്സഭയിൽ ആരംഭകാലം മുതൽ ആചരിച്ചുവരുന്നു. എന്നാൽ, പിൽക്കാലങ്ങളിൽ യഥാർത്ഥസാന്നിദ്ധ്യത്തിനെതിരായ പല അബദ്ധോപദേശങ്ങൾ പ്രചരിപ്പിക്കുവാൻ ചിലർ കൂടുമിടികൾ നടത്തി. ഇതിനു പരിഹാരമായിട്ടും വി. കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ദിവ്യരക്ഷകനോടുള്ള നമ്മുടെ സ്നേഹവും സ്തോത്രവും കൃതജ്ഞതയും പ്രത്യക്ഷീകരിക്കുന്നതിനുമാണ് 13–ാം ശതാബ്ദത്തിൽ ഈ തിരുനാൾ സ്ഥാപിച്ചതു്. ഉത്ഥാനമുള്ള തിരുനാളാണ്.

വി. കുർബാനയുടെ സ്തുതിക്കായി ഒരു തിരുനാൾ കൊണ്ടാടണമെന്നു് ജൂലിയാന എന്ന കന്യക വഴിയായിട്ടു ദൈവം അറിയിച്ചു. 1246–ൽ ആദ്യമായി ഫ്റാൻസിൽ ഈ തിരുനാൾ ആഘോഷിക്കപ്പെട്ടു. പരിശുദ്ധത്രീത്വത്തിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന വ്യാഴാഴ്ച ഈ തിരുനാൾ കൊണ്ടാടുന്നതിനാണ് നിശ്ചയിച്ചതു്. 1264–ൽ നാലാം ഉർബാനോസ് മാർപ്പാപ്പാ തിരുസ്സഭ മുഴുവനിലും ഈ തിരുനാൾ കൊണ്ടാടേണ്ടതാണെന്നു ആ

ജ്ഞാപിക്കുകയും ഏതാണ്ട് 50 വർഷത്തിനുശേഷം 5–ാം ക്ലെമൻസ്. മാപ്പാപ്പാ ഈ നിശ്ചയത്തെ ഉറപ്പിക്കുകയും ചെയ്തു.

വി. കുർബാനയിൽ മിശിഹാ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്നുവെന്നുള്ള വിശ്വാസസത്യമാണ് നാം ഈ തിരുനാളിൽ അനുസ്മരിക്കുന്നത്. അതിനാൽ ഈ തിരുനാളിൽ വി. കുർബാനയിലുള്ള നമ്മുടെ വിശ്വാസത്തെയും ഭക്തിയെയും നാം ഉജ്ജ്വലിപ്പിക്കണം. വി. കുർബാന കാണുന്നതിലും സ്വീകരിക്കുന്നതിലും ഉള്ള നമ്മുടെ അനാസ്ഥയും മന്ദതയും നാം പരിഹരിക്കണം. ദൈവത്തിന്റെ അനന്തബോധജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും അത്യുത്തമപ്രവൃത്തിയായ വി. കുർബാനയോടുള്ള ഭക്തി ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രമായിരിക്കുന്നതിനാൽ ഈ ഭക്തിയിൽ അനുദിനം വർദ്ധിച്ചുവാൻ നാം പരിശ്രമിക്കണം.

10 തിരുഹൃദയത്തിരുനാൾ

മനുഷ്യാവതാരം വഴിയായി ഈശോയുടെ മനുഷ്യസ്വഭാവം ആരാധനാർഹമായിത്തീർന്നു. അതുകൊണ്ടാണ് ഈശോയുടെ തിരുഹൃദയവും ആരാധനയ്ക്കു പാത്രമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ഹൃദയം സ്നേഹത്തിന്റെ ചിഹ്നമാണല്ലൊ. അതുകൊണ്ട് അനന്തസ്നേഹത്താൽ നമ്മെ സ്നേഹിക്കുകയും നമ്മുടെ നേരെയുള്ള സ്നേഹത്താൽ കുത്തിത്തുറക്കപ്പെടുകയും ചെയ്ത ദിവ്യഹൃദയം സർവദാ ആരാധനീയമത്രെ.

ഈ തിരുഹൃദയത്തെ അതു അർഹിക്കുന്നവിധത്തിൽ ബഹുമാനിക്കണമെന്നുള്ള തന്റെ ആഗ്രഹത്തെ ഈശോ പതിമ്മൂന്നാം നൂറ്റാണ്ടിൽ വി. ജൽത്രുദിനെ അറിയിച്ചു. എന്നാൽ ഈ ഭക്തിയ്ക്ക് സാക്ഷാൽ രൂപവും ചൈതന്യവും പ്രചുരപ്രചാരവും കൈവന്നത് 17–ാം നൂറ്റാണ്ടിലാണ്. വി. മറിയം അൽക്കോക്കിനെയത്രെ ഈശോ തന്റെ തിരുഹൃദയഭക്തിയുടെ പ്രേഷിതയായി തെരഞ്ഞെടുത്തത്. ഇവൾ വഴിയായിത്തന്നെയാണ് തിരുഹൃദയഭക്തർക്ക് താൻ 12 വിശേഷവരങ്ങൾ വാഗ്ദാനം ചെയ്തതും. തിരുഹൃദയത്തിന്റെ സ്തുതിക്കായി ഒരു തിരുനാൾ ഘോഷിക്കണമെന്നും അത് വിശുദ്ധകുർബാനയുടെ തിരുനാളിന്റെ 8–ാം ദിനം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച ആയിരിക്കണമെന്നും താൻ ആജ്ഞാപിച്ചതനുസരിച്ച് തിരുസ്സഭ പ്രസ്തുത ദിനം ഈശോയുടെ

തിരുഹൃദയത്തിരുനാൾ ഘോഷിക്കുന്നു. ഈ തിരുനാൾ ദിവസം ഈശോയുടെ അനന്തസ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുകയും താൻ അനുഭവിക്കുന്ന നിന്ദാപമാനങ്ങൾക്ക് പരിഹാരം ചെയ്യുകയും വേണം. മിശിഹായെ നാം സ്നേഹിക്കണം. തന്നെ നാം അനുകരിക്കണം. ഇങ്ങനെയാണ് ഈശോയുടെ തിരുഹൃദയത്തിരുനാൾ നാം ഘോഷിക്കേണ്ടത്.

വാഗ്ദാനങ്ങൾ—1. "ഈ എന്റെ ഭക്തന്മാക്ക് അവരുടെ അന്തസ്സിനാവശ്യമായിരിക്കുന്ന സകല വരപ്രസാദങ്ങളെയും ഞാൻ നൽകും. 2. അവരുടെ കുടുംബത്തിൽ ഞാൻ സമാധാനം കൊടുക്കും. 3. അവരുടെ സകല അരിഷ്ടതകളിലും അവരെ ഞാൻ ആശ്വസിപ്പിക്കും. 4. അവരുടെ ജീവിതകാലത്തിലും പ്രത്യേകം മരണനേരത്തിലും അവർക്ക് ഞാൻ അഭയസ്ഥാനമായിരിക്കും. 5. അവരുടെ പ്രവൃത്തികളിലെല്ലാം ധാരാളമായി അനുഗ്രഹങ്ങൾ ഞാൻ കൊടുക്കും. 6. പാപികൾക്ക്, എന്റെ ഹൃദയം അനുഗ്രഹത്തിന്റെ ഉറവയും സമുദ്രവുമായിരിക്കും. 7. മന്ദജീവിതത്തിലിരിക്കുന്ന ആത്മാക്കൾ ഭക്തിയിൽ ശ്രേഷ്ഠന്മാരായിത്തീരുന്നവരാകും. 8. ശ്രേഷ്ഠന്മാരായിട്ടു ജീവിച്ചുവരുന്നവർ അതിശീഘ്രത്തിൽ വലിയ പുണ്യപൂർണ്ണത പ്രാപിക്കും. 9. എന്റെ ഹൃദയത്തിന്റെ സ്വരൂപം സ്ഥാപിക്കുകയും വണങ്ങുകയും ചെയ്യുന്ന കുടുംബങ്ങളെ ഞാൻ ധാരാളമായി അനുഗ്രഹിക്കും. 10. എല്ലാ ഹൃദയകാഠിന്യക്കാർക്കും, ഏറ്റവും കഠിനമായ ഹൃദയങ്ങളെപ്പോലും ഇളക്കുന്നതിനുള്ള വരം ഞാൻ നൽകും. 11. ഈ ഭക്തിയെ വർദ്ധിപ്പിക്കാൻ പ്രയാസപ്പെടുന്നവരുടെ പേർ എന്റെ ഹൃദയത്തിൽ എഴുതപ്പെടും, ഒരിക്കലും മായിക്കപ്പെടുന്നതല്ല. 12. ഒമ്പതു മാസക്കാലത്തേയ്ക്കു മുടങ്ങാതെ ഓരോ മാസത്തിന്റെ ഒന്നാം വെള്ളിയാഴ്ചതോറും വി. കുർബാന കൈക്കൊള്ളുന്നവർക്ക് അവർ മരിക്കുന്നതിനു മുമ്പ് തങ്ങളുടെ പാപങ്ങളുടെ മേൽ ഉത്തമമനസ്താപം കിട്ടും. അവർ എന്റെ ഇഷ്ടപ്രസാദംക്രൂടാതെയും വി. കുദാശകളെ കൈക്കൊള്ളാതെയും മരിക്കയില്ല. അവരുടെ അന്ത്യകാലമായ മരണനേരത്ത് എന്റെ ഹൃദയം അവരുടെ ഭദ്രമായ സങ്കേതമായിരിക്കുകയും ചെയ്യും."

11. മിശിഹായുടെ രാജത്വത്തിരുനാൾ.

(ഒക്ടോബർ അവസാനത്തെയാഴ്ച)

ഈ തിരുനാൾ സ്ഥാപിച്ചത് നിത്യസ്മരണയർഹനായ 11-ാംപിയൂസു മാർപ്പാപ്പായാണ്. തിരുമനസ്സുകൊണ്ട് 1925 ഡിസംബർ 31-ാംനു- Quas Primas എന്ന ഒരു സുപ്രസിദ്ധമായ ചാക്രികലേഖനം വഴിയായി മിശിഹായുടെ രാജത്വത്തെക്കുറിച്ചു ലോകത്തെ ഉദ്ബോധിപ്പിക്കുകയും മിശിഹാരാജന്റെ തിരുനാൾ ഏർപ്പെടുത്തുകയുംചെയ്തു.

അന്നു മുതലാണ് ഈ സുദിനം ആഘോഷപൂർവ്വം ലോകത്തിൽ എങ്ങുംകൊണ്ടാടുവാൻ തുടങ്ങിയതു്. ഘോഷയാത്രകൾ, പൊതുയോഗങ്ങൾ, മുതലായ ബാഹ്യഭക്തിപ്രകടനങ്ങൾ വഴിയായും മിശിഹാ രാജനെ എല്ലാവരും ബഹുമാനിച്ചുവരുന്നു.

പീലാത്തോസിന്റെ അരമനയിൽവച്ചു് "നീ രാജാവാകുന്നുവോ" എന്ന ചോദ്യത്തിനു് "അതെ" എന്നായിരുന്നല്ലോ തന്റെ മറുപടി. മിശിഹാ ദൈവവും മനുഷ്യനുമാണ്. ദൈവമെന്നനിലയിലുള്ള തന്റെ രാജ്യം എല്ലാവരും സമ്മതിക്കും. എന്നാൽ ഈ തിരുനാളിന്റെ വിഷയം മനുഷ്യനെന്നനിലയിൽക്കൂടെയും തനിക്കു കൈവന്നിട്ടുള്ള രാജത്വമാണ്. മനുഷ്യനെന്ന നിലയിലും തന്റെ സ്രഷ്ടസ്ഥനായ പിതാവിൽനിന്നു് എല്ലാ മനുഷ്യരെയും അവരുടെ പരമാന്ത്യത്തിലേയ്ക്കു നയിക്കുന്നതിനുള്ള സമസ്ത അധികാരവും, തനിക്കു ലഭിച്ചിരിക്കുന്നു. വ്യക്തികളും കുടുംബങ്ങളും സമുദായങ്ങളും, രാഷ്ട്രങ്ങളും, മിശിഹായുടെ രാജത്വത്തെ അംഗീകരിക്കുകയും മിശിഹാരാജനും തന്റെ പ്രതിനിധികൾക്കും മാറു തിരുസ്സഭാധികാരികൾക്കും വിധേയരായി ജീവിക്കേണ്ടതുമത്രെ. മിശിഹാരാജന്റെ രാജ്യം തിരുസ്സഭയാകുന്നു. മിശിഹാരാജനെക്കുറിച്ചുള്ള മേൽക്കാണിച്ച സത്യങ്ങൾ നമ്മിൽ വേരുന്നി ഫലം ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള ഒരു നല്ല അവസരമാണിതു്.

VIII

പരിശുദ്ധ കന്യകമറിയം

ഭൂലോകദോഷങ്ങളെ നീക്കുന്ന ചെമ്മരിയാട്ടിൻകുട്ടിയായ ദിവ്യരക്ഷകനെ, ഗർഭം ധരിച്ചു് പ്രസവിച്ചതും പാലൂട്ടി വള

ത്തിയതും പരിശുദ്ധകന്യകമറിയമാണ്. അവൾ രക്ഷകന്റെ അമ്മയാണ്. തൻമൂലം അവളെ സഹരക്ഷക എന്നും സംബോധന ചെയ്യാറുണ്ട്. ആകയാൽ രക്ഷകനായ ദൈവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ രണ്ടാംഭാഗം ഉപസംഹരിക്കുന്നതിനു മുൻപായി പരിശുദ്ധകന്യകമറിയത്തെക്കുറിച്ചുകൂടെ അല്പം വിചിന്തനംചെയ്യുന്നതു യുക്തമെന്നു കരുതുന്നു.

ചോ. പരിശുദ്ധ കന്യകമറിയം ആരാണ്?

ഉ. പരിശുദ്ധകന്യകമറിയം ദേവമാതാവാണ്.

ചോ. പരിശുദ്ധ കന്യകമറിയത്തെ ദേവമാതാവെന്ന് വിളിക്കുന്നതെന്തുകൊണ്ട്?

ഉ. ദൈവസുതനായ നമ്മുടെ കർത്താവീശോമിശിഹായെ, ഗർഭംധരിച്ചു പ്രസവിച്ചതിനാലാണ് അവളെ ദേവമാതാവെന്നു വിളിക്കുന്നതു്.

വി. നമ്മെ ഗർഭം ധരിച്ചു പ്രസവിച്ച സ്ത്രീയെ നാം നമ്മുടെ അമ്മയെന്നു വിളിക്കുന്നു. എന്നാൽ പരിശുദ്ധകന്യകമറിയം ഗർഭംധരിച്ചു പ്രസവിച്ചതു് ദൈവസുതനെയാണ്. മറിയത്തിന്റെ മാംസരക്തങ്ങളിൽനിന്ന്, പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മിശിഹായുടെ തിരുശരീരം ഉരുവാക്കപ്പെട്ടു. ആകയാൽ മറിയം ദൈവമാതാവാണ്.

ചോ. പരിശുദ്ധമറിയത്തിനു ദൈവംനൽകിയ വിശേഷദാനങ്ങൾ ഏവ?

ഉ. പരിശുദ്ധമറിയത്തിനു് ദൈവം നൽകിയ ദാനങ്ങൾ അമലോത്ഭവവും പാപരാഹിത്യവുമാണ്

ചോ. നിത്യകന്യകയായ മറിയത്തെ അമലോത്ഭവ, എന്നു പറയുന്നതു് എന്തുകൊണ്ട്?

ഉ. പരിശുദ്ധ കന്യകമറിയം ഉത്ഭവപാപം കൂടാതെ സ്വമാതാവിന്റെ ഉദരത്തിൽ ഉരുവാക്കപ്പെട്ടതിനാൽ അത്രെ അവളെ നാം അമലോത്ഭവയെന്നു പറയുന്നതു്.

വി. ആദത്തിന്റെ പാപംമൂലം അയാളുടെ സന്താനപരമ്പരകളെല്ലാം, ജന്മപാപത്തോടുകൂടെ ജനിക്കുന്നു. ഇതു് നിർഭാഗ്യവശാൽ എല്ലാ മനുഷ്യരുടെയും അവകാശമായിത്തീർന്നിട്ടുള്ള ഒന്നാണ്. എന്നാൽ പരിശുദ്ധ കന്യകമറിയം മാത്രം പ്രസ്തുത പാപലേശം സ്പർശിക്കാത്തവളായി ജനിച്ചു. ഇതു് അവളിൽനിന്നും പിറക്കുവാനിരുന്ന രക്ഷകന്റെ യോഗ്യതകളെ

മുൻകൂട്ടിക്കണ്ടുകൊണ്ടും അവൾ ദൈവമാതാവായി അനാദിമുതൽ നിശ്ചയിക്കപ്പെട്ടിരുന്നതുകൊണ്ടും ആകുന്നു.

ചോ. പരിശുദ്ധ കന്യകമറിയം കന്യകയാകുന്നു എന്നു പറയുന്നതു് എന്തുകൊണ്ടു്?

ഉ. അവൾ തന്റെ കന്യാത്വത്തിനു് യാതൊരുഭംഗവും വരുത്താതെ, അത്ഭുതകരമായ വിധത്തിൽ ദൈവപുത്രനെ ഗർഭം ധരിച്ചു പ്രസവിച്ചതുകൊണ്ടാണു്.

വി. ഒരു സ്ത്രീക്കു് ഒരേസമയം കന്യാത്വവും, മാതൃത്വവും കൈവരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ദൈവം പരിശുദ്ധ കന്യകമറിയത്തെ, ഈ രണ്ടു് അമൂല്യദാനങ്ങളാലും അനുഗ്രഹിച്ചു. ഇങ്ങനെ "കന്യക ഗർഭംധരിച്ചു പുത്രനെ പ്രസവിക്കും, എന്നുള്ള ഏശയ്യായുടെ ദീർഘദർശനം അവളിൽ അന്വർത്ഥമായി.

ചോ. പരിശുദ്ധ കന്യകമറിയത്തെ വ്യാകുലമാതാവെന്നു് വിളിക്കുന്നതെന്തുകൊണ്ടു്?

ഉ. നമ്മുടെ കർത്താവീശോമ്ശിഹാ കഴിഞ്ഞാൽ ഏറ്റവും അധികം പീഡകൾ ദൈവത്തെക്കുറിച്ചും നമ്മുടെ രക്ഷയെപ്രതിയും ഏറ്റവും പരിപൂർണ്ണമായി സാധിച്ചതുകൊണ്ടാണു് അവളെ വ്യാകുലമാതാവെന്നു വിളിക്കുന്നതു്.

സൂചനഃ— ഇതുകൊണ്ടുതന്നെയാണു് പരിശുദ്ധ കന്യകമറിയത്തെ സഹരക്ഷക എന്നു് വിളിക്കുന്നതു്. ക്രൂശാതെ കുരിശിൻ മുവട്ടിൽവച്ചാണല്ലൊ ദിവ്യരക്ഷകൻ അവളെ നമുക്കു അമ്മയായി കല്പിച്ചുനൽകിയതു്. ആ സന്ദർഭത്തിൽ അവൾ വ്യാകുലക്കടലിൽ നീന്തിത്തുടിക്കുകയായിരുന്നു. അതുകയാൽ വ്യാകുലമാതാവു് പ്രത്യേകമായ വിധത്തിൽ നമ്മുടെ അമ്മയാകുന്നു. ഈ അമ്മയെ എല്ലാ സംഗതികളിലും പ്രത്യേകിച്ചു് സഹനത്തിൽ നമ്മുടെ മാതൃകയും ആദർശവുമായി നാം സ്വീകരിക്കണം.

ചോ. മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നാൽ എന്തു്?

ഉ. മറിയം മരണശേഷം മാംസരക്തങ്ങളോടുകൂടെ സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെട്ടു. ഈ സംഭവത്തെയാണു് മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നു പറയുന്നതു്.

വി. മനുഷ്യർ മരിക്കുമ്പോൾ അവരുടെ ആത്മാക്കൾ ശരീരങ്ങളിൽനിന്നു് വേർപെടുന്നു. പിന്നീടു് പൊതുവിധിയുടെ സമയത്താണു് ആത്മശരീരങ്ങൾ സംയോജിപ്പിക്കപ്പെടുക. എന്നാൽ

ദിവ്യരക്ഷകനോട് തന്റെ മാതാവിനെയും അനുരൂപയാക്കുവാൻ വേണ്ടി കാലവിളംബമെന്യേ അവൾ മരിച്ചവരിൽനിന്നുയിർക്കുന്നതിനും ആത്മശരീരങ്ങളോടുകൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനും ദൈവം തിരുച്ചിത്തമായി.

ചോ. പരിശുദ്ധകന്യകമറിയത്തിന്നു ദൈവം നൽകിയ ദാനങ്ങളിൽവച്ചു ഏറ്റവും വലിയദാനം ഏതാണ്?

ഉ. ദൈവമാതൃത്വമാണു മറിയത്തിനു ദൈവം നൽകിയ ദാനങ്ങളിൽ ഏറ്റവും അമൂല്യമായതു്.

വി. ദൈവം അവളെ തന്റെ മാതാവായി തെരഞ്ഞെടുത്തതുകൊണ്ടാണു് അവൾക്കു് ഇതരദാനങ്ങൾ എല്ലാം നൽകപ്പെട്ടതു്.

ചോ. മറിയം നമ്മുടെ മാതാവാണോ?

ഉ. അതേ മറിയം നമ്മുടെ മാതാവാകുന്നു.

വി. മ്ശിഹാ നമ്മുടെ സഹോദരനാകയാൽ തന്റെ അമ്മ നമ്മുടെ അമ്മയുമാണു്. കുരിശിൻമുവട്ടിൽ വച്ചു് ദിവ്യരക്ഷകൻ അവളെ നമ്മുടെ മാതാവും, നമ്മെ അവളുടെ മക്കളും ആക്കി കല്പിച്ചതിനാലും അവർ നമ്മുടെ മാതാവാകുന്നു.

ചോ. മറിയത്തിന്റെനേരെ ഭക്തിയായിരിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്ന ന്യായങ്ങൾ ഏവ?

ഉ. മറിയത്തിന്റെനേരെ ഭക്തിയായിരിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്ന ന്യായങ്ങളിൽ ചിലതു് താഴെ കാണിക്കുന്നു. 1. അവൾ ദൈവമാതാവാകുന്നു. 2. അവൾ നമ്മുടെ അമ്മയാകുന്നു. 3. സംരക്ഷകയാകുന്നു. 4. വരപ്രസാദം പ്രദാനംചെയ്യുന്നവളാകുന്നു. 5. അവളുടെനേരെയുള്ള ഭക്തി നമ്മുടെ നിത്യരക്ഷയുടെ അടയാളമാകുന്നു.

1 [illegible]

(സെപ്റ്റംബർ 8-ാം തീ)

തിരുസ്സഭ സാമാന്യമായി ആരുടെയും പിറവിത്തിരുനാൾ ഘോഷിക്കാറില്ല. ഇതിനു് കാരണം എല്ലാമനുഷ്യരും ഉത്പത്തിദോഷത്തോടെ പിറക്കുന്നു എന്നതത്രെ. എന്നാൽ തിരുസ്സഭ കർത്താവിന്റെയും അമലോത്ഭവയായ കന്യകമറിയത്തിന്റെയും അമ്മയുടെ ഉദരത്തിൽവച്ചുതന്നെ വിശുദ്ധീകരിക്കപ്പെട്ട വി. യോഹന്നാൻ

മാംദാനായുടെയും പിറവിത്തിരുനാളുകൾ ഘോഷിക്കുന്നുണ്ട്. അതു ഏറ്റവും ന്യായപൂർവ്വമാണല്ലൊ. മാതാവിന്റെ പിറവിത്തിരുനാൾ കടമുള്ള ഒന്നാണ്.

പാപരഹിതമായ അവളുടെ ഉത്ഭവമാണ് മാതാവിന്റെ പിറവിയെ ഇത്ര പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നത്. രാജാക്കന്മാരും രാജ്ഞികളും അവരുടെ ജന്മനക്ഷത്രദിനം ഘോഷിക്കുന്നതു സുവ്യ സാധാരണമാണല്ലൊ. അങ്ങനെയെങ്കിൽ ദൈവമാതാവും പരലോകത്തിന്റെയും ഭൂലോകത്തിന്റെയും രാജ്ഞിയുമായപരിശുദ്ധ കന്യകമറിയത്തിന്റെ പിറവി അസാമാന്യ ഭക്തിയോടും ആഘോഷത്തോടുംകൂടെ ആചരിക്കേണ്ടതല്ലയൊ. ഈ തിരുനാളിൽ പാപരഹിതയായി ജനിച്ച നമ്മുടെ അമ്മയെ നാം അനുമോദിക്കണം. അവളെപ്പോലെ പാപരഹിതരായി ജീവിക്കാൻ യത്നിക്കുന്നുണ്ടെന്നു അവളോടു വാഗ്ദാനം ചെയ്യണം. പുത്രനിൽവിശേഷമായ സ്നേഹത്തോടെ അവളെ സ്നേഹിക്കുകയും അവളുടെ മദ്ധ്യസ്ഥത്തിൽ നമ്മെ ഭരമേല്പിക്കുകയും വേണം.

ക്രിസ്താബ്ദം 1200—നു മുമ്പു തുടങ്ങിതന്നെ ഈ തിരുനാൾ ആചരിക്കപ്പെട്ടുവന്നിരുന്നു എന്നതിനു ചരിത്രരേഖകൾ ഉണ്ട്. 683ൽ വി. സെർജിയൂസ് മാർപ്പാപ്പാ മാതാവിന്റെ ഒരു പ്രധാന തിരുനാളായി ഇതിനെ അംഗീകരിക്കുകയും വിശ്വാസികൾ ഇതു ആചരിച്ചുവരികയും ചെയ്തു.

2 മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ

(ആഗസ്റ്റ് 15 ാംനു)

മാതാവിന്റെ മരണം ഉയിർപ്പ് സ്വർഗ്ഗത്തിലേയ്ക്കുള്ള കരേറ്റം ഈ മൂന്നു സംഗതികളാണ് ഈ തിരുനാളിൽ അനുസ്മരിക്കപ്പെടുന്നത്. മാതാവിന്റെ തിരുനാളുകളിൽ ഇതു ഏറ്റവും പ്രധാനപ്പെട്ടതാകുന്നു. ഇതു കടമുള്ള ദിവസമത്രെ.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകമറിയം ഭാഗ്യമായി മരിച്ചുയിർത്തു സ്വർഗ്ഗത്തിലേക്കു കരേറിയതുപോലെ അവളുടെ അയോഗ്യമക്കളായ നാമും അവളുടെ യോഗ്യതകൾ വഴിയായി ഭാഗ്യമരണം പ്രാപിച്ചു സ്വർഗ്ഗപ്രാപ്തി അടയുന്നതിനുള്ള അനുഗ്രഹം ഇന്നേദിവസം പ്രത്യേകമായി നാം യാചിക്കണം. ഇതു നമുക്കു പ്ര

ത്യാശിക്കാവുന്നതിൽ ഏറ്റവും വലിയ ദാനമാണ്. എന്നാൽ ഈ ദാനം നമ്മുടെ ജീവിതത്തെ ആശ്രയിച്ചിരിക്കുമെന്നു നമുക്കറിയാം. ആകയാൽ നന്മരണം പ്രാപിക്കുന്നതിന് യോഗ്യരാകത്തക്കവണ്ണം ജീവിക്കുന്നതിനുള്ള അനുഗ്രഹമത്രെ ഈ അമ്മയോട് ഈ സുദിനത്തിൽ പ്രത്യേകം നാം യാചിക്കേണ്ടത്.

ഈ തിരുനാൾ നാലാം ശതാബ്ദം തുടങ്ങി തിരുസ്സഭയിൽ ആചരിച്ചുവരുന്നു. എന്നാൽ അത്രയും തീയതിയിലല്ലായിരുന്നു. പിന്നീട് വിശ്വവിശ്രുതനായ കാൾമാൻ ചക്രവർത്തിയുടെ വാഴ്ചക്കാലത്തിൽ ഇത് ഒരു കടമുള്ളതിരുനാളായി ആചരിക്കണമെന്നും തിരുനാൾദിനം ആഗസ്റ്റ് 15—ാംനു- ആയിരിക്കണമെന്നും നിശ്ചയിച്ചു. ഇന്നാൾവരെ അങ്ങനെ നടന്നുവരികയും ചെയ്യുന്നു.

3 അമലോത്ഭവത്തിരുനാൾ
(ഡിസംബർ 8-ാംനു-)

പരിശുദ്ധ കന്യകമറിയത്തിന്റെ ആത്മാവ് തന്റെനിർമ്മല ശരീരത്തോട് യോജിക്കപ്പെട്ട മാത്രയുടെ ജ്ഞാപകം കൊണ്ടാടുന്നതിനാണ് തിരുസ്സഭ ഈ സുദിനം ഘോഷിക്കുന്നത്. തിരുസ്സഭ ഈ സംഗതിയിൽ ഇത്ര ഔത്സുക്യം പ്രദർശിപ്പിക്കുന്നതിന് പ്രത്യേക കാരണമുണ്ട്. മനുഷ്യാത്മാവ് മാതാവിന്റെ ഉദരത്തിൽവച്ച് അതിന്റെ ശരീരത്തോട് സംയോജിക്കപ്പെടുന്നമാത്രയിൽ ആദത്തിന്റെ പാപഫലമായി ആ ശിശു ഉത്ഭവപാപകറയാൽ മലിനമാക്കപ്പെടുന്നു. എന്നാൽ ഈ വിപത്തിൽനിന്നു പ. കന്യകമറിയം സംരക്ഷിക്കപ്പെട്ടു. ഇതാണ് തിരുസ്സഭയുടെ സന്തോഷത്തിനുള്ള കാരണം. ഇതിൽ നാമും സന്തോഷിക്കണം. എന്തുകൊണ്ടെന്നാൽ നാം പാപികളാണെങ്കിലും നമ്മുടെ അമ്മ പാപകറ തീണ്ടാത്തവളാണ്. ആകയാൽ ഈ അവസരത്തിൽ നാം അവളെ അനുമോദിക്കയും ഇത്ര അമൂല്യമായ ദാനം നമ്മുടെ അമ്മയ്ക്കു പ്രദാനംചെയ്തദൈവകൃപയെ കൊണ്ടാടുകയും ചെയ്യേണ്ടതാണ്.

മാതാവ് ഉത്ഭവപാപരഹിതയായി ജനിച്ചു. അവൾ ഉത്ഭവപാപത്തിൽനിന്നു മാത്രമല്ല കർമ്മപാപത്തിൽനിന്നുകൂടെയും വിമുക്തയാണ്. എന്നാൽ പരി. ദൈവജനനിയെപ്പോലെ ഉത്ഭവപാപരഹിതരായി ജനിപ്പാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ ദൈ

വസഹായത്താൽ കമ്മപാപത്തിൽനിന്ന് ഒഴിഞ്ഞു ജീവിക്കുന്നതി
ന നമുക്ക സാധിക്കും. ഇതിനുള്ള അനുഗ്രഹം മാതാവിന്റെ അ
മലോത്ഭവത്തെക്കുറിച്ചു അവളുടെ അയോഗ്യമക്കളായ നമുക്ക്
തരുവാൻ കൃപയുണ്ടാകണമെന്ന ഈ അമ്മയോട നമുക്കപേക്ഷി
ക്കാം.

ഇതു കടമുള്ള ഒരു തിരുനാളാണ്. ഡിസംബർ എട്ടാം തി
യതിയാണ് ഭാഗ്യസ്മരണർഹനായ ഒമ്പതാം പിയൂസ് മാപ്പാപ്പാ
ക്രിസ്താബ്ദം 1854-ൽ റോമാപുരിയിൽ വച്ചിക്കാൻ ദേവാലയ
ത്തിൽ വച്ചു മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമാ
യി പ്രഖ്യാപനം ചെയ്തത്.

4 വി. യൌസേഫ്

വി. യൌസേപ്പുപിതാവു് പരിശുദ്ധ കന്യകമറിയത്തിന്റെ
ന്യായമായ ഭർത്താവും മാംസമായ വചനത്തിന്റെ കാവൽക്കാരനും
വളർത്തുപിതാവുമാണ്. വി. യൌസേപ്പ് ദാവീദുരാജാവിന്റെ
ഗോത്രത്തിലാണ് ജനിച്ചത്. നീതിമാനെന്ന ഏകവാക്കുകൊണ്ടാ
ണ് സുവിശേഷകൻ അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ വർണ്ണിക്കു
ന്നത്. വിവേകം, ദാരിദ്ര്യം സ്നേഹം, കന്യാവ്രതം, വിനയം മുത
ലായ പുണ്യങ്ങൾ ഈ സിദ്ധനിൽ വിശേഷവിധിയായി പ്രശോ
ഭിച്ചിരുന്നു. തച്ചുവേലക്കാരനായി അറിയപ്പെട്ടിരുന്ന നസ്രായപിതാവ്
രാജഗോത്രത്തിൽപ്പെട്ടവനും തിരുക്കുടുംബത്തിന്റെ പാലകനു
മായിരുന്നുവെന്നോർത്താൽ തന്റെ ആത്മാവിനെ അലങ്കരിച്ചി
രുന്ന വിനയം നമുക്കു ഗ്രഹിക്കുവാൻ കഴിയും.

ദിവ്യരക്ഷകൻ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതി
നുമുമ്പ് ഈ സിദ്ധൻ, ഈശോയാലും മറിയത്താലും പരിസേവിത
നായി ഇഹലോകവാസം വെടിഞ്ഞു. ആയതുകൊണ്ടാണ് ഈ പി
താവിനെ നല്ലമരണത്തിന്റെ മദ്ധ്യസ്ഥനായി തിരുസ്സഭ നിശ്ചയി
ച്ചാരാധിക്കുന്നത്.

തിരുക്കുടുംബത്തിന്റെ പരിപാലകനായി പരിശുദ്ധ ത്രിത്വ
ത്താൽ നിയമിക്കപ്പെട്ട ഈ പിതാവിനെ, ദൈവസുതനെ തീററി
പ്പോററുകയും ആപത്തുകളിൽ സംരക്ഷിക്കുകയും ചെയ്തതു തന്നെ.
സാർവ്വത്രികസഭയുടെ പൊതുമദ്ധ്യസ്ഥനായി 9-ാം പീയൂസ് മാപ്പാ
പ്പാ പ്രഖ്യാപനം ചെയ്തതും ഏററവും ന്യായപൂർവ്വമാണല്ലോ.

ഈ പിതാവിന്റെ സ്മൃതിക്കായിട്ട് തിരുസ്സഭ രണ്ട് തിരുനാളുകൾ കൊണ്ടാടുന്നുണ്ട്. ഒന്ന് തന്റെ മരണത്തിരുനാളും മറ്റേത് മദ്ധ്യസ്ഥത്തിരുനാളുമത്രെ. മരണത്തിരുനാൾ മാർച്ച് 19-നും മദ്ധ്യസ്ഥത്തിരുനാൾ ഉയർപ്പുകഴിഞ്ഞുവരുന്ന മൂന്നാം ഞായറാഴ്ചയുമാണ് ആഘോഷിക്കുന്നത്.

പരിശുദ്ധകന്യകമറിയം കഴിഞ്ഞാൽ വിശുദ്ധികൊണ്ടും വല്ലഭംകൊണ്ടും ദൈവത്തിരുമുമ്പിൽ ഏറ്റവും ശക്തിയുള്ള മദ്ധ്യസ്ഥൻ വി. യൌസേപ്പു പിതാവാണെന്നുള്ളതിനു സംശയമില്ല. ഈ സിദ്ധനോട് പ്രസ്തുത തിരുനാൾദിവസങ്ങളിൽ സഭയുടെ പൊതുനന്മയ്ക്കായും നമ്മുടെ നാട്ടിന്റെയും അതിലെ ഓരോ കുടുംബത്തിന്റെയും നന്മയ്ക്കായും നാം പ്രാർത്ഥിക്കണം. നമ്മെയും നമുക്കുള്ള സമസ്തവും ഈ സ്വർഗ്ഗീയമദ്ധ്യസ്ഥനു ഭരമേല്പിക്കുകയും പരിശുദ്ധമായി ജീവിക്കുന്നതിനും നല്ലമരണം വഴിയായി സ്വർഗ്ഗത്തിൽ ചെന്നു ചേർന്ന് തന്നോടുകൂടെ ദൈവാനുഗ്രഹങ്ങളെ നിത്യമായി പാടുന്നതിനും ഇടയാക്കണമെന്ന് ഈ നല്ലപിതാവിനോട് അപേക്ഷിക്കയും വേണം.

മൂന്നാം ഭാഗം

വിശുദ്ധീകരിക്കുന്ന ദൈവം

ശ്രീതപ്പത്തിലെ ആദ്യത്തെ രണ്ടാളുകളെക്കുറിച്ചും അവരുടെ പ്രവൃത്തികളെക്കുറിച്ചും നാം പ്രതിപാദിച്ചുകഴിഞ്ഞു. ഇനി നമുക്ക് ചിന്തിക്കുവാനുള്ളത് മൂന്നാം ആളായ പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. തന്നെ വിശുദ്ധീകരിക്കുന്ന ദൈവമെന്നു നാം വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ താൻ, മ്ശിഹായുടെ കഷ്ടാനുഭവങ്ങളും കുരിശുമരണവും വഴിയായി സിദ്ധിച്ചിട്ടുള്ള അനഘ നിക്ഷേപങ്ങളായ കൃപാവരം നമ്മിൽ ചിന്തിക്കൊണ്ട്, നമ്മെ വിശുദ്ധീകരിക്കുന്നു.

വരപ്രസാദം നമ്മിലേയ്ക്കു പ്രവഹിക്കുന്നതു പ്രധാനമായി മ്ശിഹാ സ്ഥാപിച്ചിട്ടുള്ള ഏഴു ക്രമാശകൾ വഴിയായിട്ടാണ്. അതുകയാൽ പരിശുദ്ധാത്മാവായ വിശുദ്ധീകരിക്കുന്ന ദൈവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ വരപ്രസാദം, ക്രമാശകൾ എന്നീ രണ്ടുസംഗതികളാണ് നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതു്.

I

വരപ്രസാദം

ചോ. വരപ്രസാദം എന്നാൽ എന്തു്?

ഉ. ബുദ്ധിയുള്ള സൃഷ്ടികൾ അവരുടെ പരമാന്ത്യമായ നിത്യായുസ്സു പ്രാപിക്കുന്നതിനു് ദൈവം അവക്കു നൽകുന്ന സ്വഭാവാതീതമായ ആ സൗജന്യദാനമാണ് വരപ്രസാദം.

വി. വരപ്രസാദത്തിനു് പ്രസാദവരം, കൃപാവരം, ഈശ്വരപ്രസാദം എന്നിങ്ങനെ അനേകം പേരുകൾ ഉണ്ടു്.

ദൈവം മാലാഖാമാരെയും മനുഷ്യരെയും ശൂന്യാവസ്ഥയിൽനിന്നു് സൃഷ്ടിക്കുകയും അവക്കു നിരവധി സ്വാഭാവികവരങ്ങൾ പ്രദാനം ചെയ്കയുംചെയ്തു. എന്നാൽ അതുകൊണ്ടുമാത്രം താൻ

തുപോലായില്ല. അവരുടെ പ്രകൃതിക്കു മേല്പെട്ട ഒരു ലക്ഷ്യത്തിലേക്കു അവരെ ഉയർത്തുവാൻ താൻ തിരുച്ചിത്തമായി. തൻമൂലം അവർക്ക് സ്വഭാവാതീതമായ ഒരു ലക്ഷ്യം താൻ നിർദ്ദേശിച്ചു. ലക്ഷ്യം സ്വഭാവത്തിനു മേൽപ്പെട്ടതാണെങ്കിൽ തൽപ്രാപിക്കുള്ള മാർഗ്ഗങ്ങളും സ്വഭാവാതീതമായിരിക്കാതെ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ലക്ഷ്യവും അതിനുള്ള മാർഗ്ഗവും തമ്മിൽ രഞ്ജിപുണ്ടായിരിക്കണം എന്നതു് യുക്തിതന്നെ. നമ്മെ പഠിപ്പിക്കുന്നു. ഇങ്ങനെ ദൈവം ഏതുസ്ഥിതിയിലേക്കു് നമ്മെ ഉയർത്തിയോ ആ സ്ഥിതി പ്രാപിക്കുന്നതിനുള്ള മാർഗ്ഗമായി സദയം കല്പിച്ചരുളിയതാണു് പ്രസാദവരം.

പ്രസാദവരം ദൈവത്തിന്റെ ഒരു സൌജന്യദാനമാണു്. നമ്മെ സ്വഭാവാതീതമായ ഒരു ലക്ഷ്യത്തിലേക്കുയർത്തുന്നതിനും പ്രസാദവരം വഴിയായി പ്രസ്തുത ലക്ഷ്യത്തിലേയ്ക്കു നമ്മെ അനയിക്കുന്നതിനും ദൈവം കടപ്പെട്ടവനല്ല.

ചോ. വരപ്രസാദം എത്രതരമുണ്ടു്?

ഉ. ശുദ്ധീകരവരപ്രസാദം പ്രേരകവരപ്രസാദം എന്നിങ്ങനെ വരപ്രസാദങ്ങൾ രണ്ടുതരമുണ്ടു്.

ചോ. ശുദ്ധീകരവരപ്രസാദം എന്നാൽ എന്തു്?

ഉ. ശുദ്ധീകരവരപ്രസാദം എന്നതു് നമ്മുടെ ആത്മാവിന്റെ കാതലിൽ സ്ഥിതിചെയ്യുന്നതും, നമ്മെ സ്വഭാവാതീതപ്രവൃത്തികൾ ചെയ്യുന്നതിനു് പ്രാപ്തരാക്കുന്നതും ദൈവസ്വഭാവത്തിൽ ഭാഗഭാക്കുകളാക്കുന്നതുമായ ഒരു ഗുണമാണു്.

സൂചന:— ശുദ്ധീകരവരപ്രസാദത്തിനു് കൃപാവരാവസ്ഥ, വിശുദ്ധീകരണവരപ്രസാദം, നീതി, നീതീകരിക്കുന്ന വരപ്രസാദം എന്നിങ്ങനെ പല പേരുകൾ ഉണ്ടു്.

ചോ. ശുദ്ധീകരവരപ്രസാദത്തിന്റെ ഫലങ്ങൾ ഏവ?

ഉ. 1. പാപത്തെ(ഫലമായ പാപത്തെപോലും) ഉന്മൂലനം ചെയ്യുന്നു. 2. ദൈവസ്വഭാവത്തിനു് ഭാഗഭാക്കുകളാക്കുന്നു. 3. നമ്മെ ദൈവത്തിന്റെ ദത്തുപുത്രരും, സ്നേഹിതന്മാരുമാക്കിചെയ്യുന്നു. 4. നമ്മെ പരിശുദ്ധത്രീത്വത്തിന്റെ ആലയങ്ങളാക്കിത്തീർക്കുന്നു. 5. സ്വർഗ്ഗഭാഗ്യത്തിനു് അവകാശികളാക്കിച്ചെയ്യുന്നു. 6. സ്വർഗ്ഗപ്രാപ്തിക്കുപകരിക്കുന്ന പ്രവൃത്തികൾ ചെയ്വാൻ നാ

മെ പ്രാപ്തരാക്കുന്നു—ഇവയെല്ലാമാണ് വരപ്രസാദത്തിന്റെ ഫലങ്ങൾ.

സൂചനഃ— ഏറ്റവും അല്പമായ വരപ്രസാദംപോലും, അഖിലപ്രപഞ്ചത്തേക്കാളും അമൂല്യമാകുന്നു.

ചോ. ശുദ്ധീകരവരപ്രസാദം നിത്യരക്ഷയ്ക്ക് ആവശ്യമാകുന്നുവോ?

ഉ. ശുദ്ധീകരവരപ്രസാദം നിത്യരക്ഷയ്ക്ക് അവശ്യം ആവശ്യമാണ്.

വി. ശുദ്ധീകരവരപ്രസാദം ആത്മാവിന്റെ ജീവനാണ്. അതില്ലാത്ത ആത്മാവ് മൃതമാണ്. വരപ്രസാദമില്ലാത്തവർ ആരായിരുന്നാലും, ശിശുക്കളായിരുന്നാലും പ്രായപൂർത്തിവന്നവരായിരുന്നാലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ശുദ്ധീകരണവരപ്രസാദം ഇല്ലാതെപോയത് സ്വന്തകുറ്റം മൂലമോ അല്ലാതെയോ എന്നുള്ളതും ഇക്കാര്യത്തിൽ പരിഗണിക്കപ്പെടുകയില്ല. അതുകൊണ്ട് നാം എപ്പോഴും വരപ്രസാദത്തിൽ ജീവിക്കണമെന്നത് ഏറ്റവും പ്രാധാന്യമേറിയ ഒരു സംഗതിയാണ്.

ചോ. ശുദ്ധീകരണവരപ്രസാദം നഷ്ടപ്പെടാമോ?

ഉ. ശുദ്ധീകരണവരപ്രസാദം നമുക്കു നഷ്ടപ്പെടാം. ചാവുദോഷം വഴിയായിട്ടാണ് അതു നഷ്ടപ്പെടുന്നത്.

ചോ. ശുദ്ധീകരണവരപ്രസാദം നഷ്ടപ്പെട്ടാൽ അതു നമുക്ക് എങ്ങനെ വീണ്ടും പ്രാപിക്കും?

ഉ. നല്ലകുമ്പസാരത്താലും, അതിനു സാധിക്കാത്തപ്പോൾ ഉത്തമമനസ്താപത്താലും അതു നമുക്ക് വീണ്ടും പ്രാപിക്കാം.

വി. ഉത്തമമനസ്താപം ഒരു ഒറ്റമൂലികയാണ്. അതുകൊണ്ട് ഏതെങ്കിലും പാപത്തിൽ വീണതായി അറിഞ്ഞാലുടനെ, ഉത്തമമനസ്താപം വഴിയായി അതിൽനിന്ന് മോചനം പ്രാപിക്കുന്നതിനും, വരപ്രസാദം വീണ്ടും ലഭിക്കുന്നതിനും ശ്രമിക്കണം.

ചോ. ശുദ്ധീകരണവരപ്രസാദത്തിൽ വർദ്ധിക്കുന്നതിനു നാം എന്തുചെയ്യണം?

ഉ. ശുദ്ധീകരണവരപ്രസാദത്തിൽ വർദ്ധിക്കുന്നതിനു നാം വിശുദ്ധജീവിയിൽ പങ്കുകൊള്ളുകയും, വി. ക്രമാശകൾ യോഗ്യതാപൂർവ്വം സ്വീകരിക്കുകയും, സൽപ്രവൃത്തികൾ അനുഷ്ഠിക്കുകയും, ക്രിസ്തീയപുണ്യങ്ങളാൽ നമ്മുടെ സ്വഭാവത്തെ സംസ്കരിക്കുകയും വേണം.

ചോ. ശുദ്ധീകരണവരപ്രസാദത്തിൽ വർദ്ധിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന ന്യായം എന്ത്?

ഉ. വരപ്രസാദത്തിന്റെ വർദ്ധനവ് ദൈവമഹത്വത്തെയും നമ്മുടെ മോക്ഷഭാഗ്യത്തെയും വർദ്ധമാനമാക്കിച്ചെയ്യും എന്നുള്ളതാണ്. ഇതിനുള്ള പ്രധാനന്യായം.

വി. "എന്റെ പിതാവിന്റെ വീട്ടിൽ അനേകം സ്ഥലങ്ങളുണ്ട്." എന്നാണല്ലൊ ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളത്. നമ്മുടെ പുണ്യയോഗ്യതകളനുസരണമായിരിക്കും നമ്മുടെ മോക്ഷമഹിമ. നമ്മുടെ പുണ്യയോഗ്യതയുടെ മാനദണ്ഡമാകട്ടെ നാം പ്രാപിച്ചിട്ടുള്ള പ്രസാദവരമാണ്.

ചോ. പ്രേരകവരപ്രസാദമെന്നാലെന്ത്?

ഉ. സ്വഭാവാതീതപ്രവൃത്തികൾ ചെയ്യുന്നതിനു നമ്മുടെ ബുദ്ധിക്കു പ്രകാശവും മനസ്സിനു ശക്തിയും പ്രദാനംചെയ്യുന്ന താൽക്കാലികവും സ്വഭാവാതീതവുമായ ദൈവസഹായമാണ് പ്രേരകവരപ്രസാദം.

വി. ബുദ്ധിയെ പ്രകാശിപ്പിക്കുക, മനസ്സിനെ ശക്തിപ്പെടുത്തുക എന്നിങ്ങനെ രണ്ടു സംഗതികൾ ഇതിൽ അടങ്ങിട്ടുണ്ട്.

ചോ. പ്രേരകവരപ്രസാദം നമുക്ക് അവശ്യമാണോ?

ഉ. പാപരഹിതരായി ജീവിക്കുന്നതിനും, സൽപ്രവൃത്തികൾ ചെയ്യുന്നതിനും, വരപ്രസാദത്തിലുള്ള നിലനിൽപ്പും നല്ലമരണവും പ്രാപിക്കുന്നതിനും പ്രേരകവരപ്രസാദം അവശ്യമാണ്.

ചോ. പ്രേരകവരപ്രസാദം നമുക്ക് എങ്ങനെ ലഭിക്കും?

ഉ. ക്രിയാശകലങ്ങളുടെ സ്വീകരണം, പ്രാർത്ഥന, സൽപ്രവൃത്തികൾ എന്നിവ വഴിയായി നമുക്ക് പ്രേരകവരപ്രസാദം ലഭിക്കും.

ചോ. പ്രേരകവരപ്രസാദം നമ്മിൽനിന്ന് എന്തവശ്യപ്പെടുന്നു?

ഉ. നമ്മുടെ സഹകരണം.

വി. പാപത്തെ പരിവർജ്ജിച്ച്, സൽപ്രവൃത്തികൾ ചെയ്യുന്നതിനു നമ്മിൽ ഉണ്ടാകുന്ന സൽപ്രേരണകളും പ്രേരകവരപ്രസാദമാകുന്നു. നാം ഈ പ്രേരകവരപ്രസാദത്തോടു സഹകരിച്ചു പ്രവർത്തിക്കണം. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയോ നമ്മെ നിർബന്ധിക്കുകയോ ചെയ്യുകയില്ല.

മാത്രമല്ല, അതിനെ നാം അപ്പഴപ്പോൾ ഉപയോഗിക്കാതിരുന്നാൽ അതു് നമുക്കു് എന്നെന്നേക്കും നഷ്ടപ്പെട്ടും. എന്നല്ലാ മറ്റു പ്രേരകവരങ്ങൾ പ്രാപിക്കുന്നതിനു് അതു് വിഘ്നമായിരിക്കുകയും ചെയ്യും. എന്നാൽ അതിനോടു സഹകരിച്ചു പ്രവർത്തിച്ചാൽ നമുക്കു് കൂടുതൽ പ്രേരകവരങ്ങൾ ലഭിക്കുകയും നമ്മുടെ യോഗ്യത വർദ്ധിക്കുകയും ചെയ്യും.

ചോ. യോഗ്യത എന്നാൽ എന്തു്?

ഉ. ദൈവത്തെപ്രതി നാം ചെയ്യുന്ന സൽപ്രവൃത്തികൾക്കു് ദൈവത്തിന്റെ മുമ്പാകെയുള്ള സമ്മാനാർഹതയത്രെ യോഗ്യത.

പന്തക്കുസ്താത്തിരുനാൾ

വിശുദ്ധീകരിക്കുന്ന ദൈവമായ പരിശുദ്ധാത്മാവിനെ അനുസ്മരിച്ചു് തിരുസ്സഭ ഒരു തിരുനാൾ ആചരിക്കുന്നുണ്ടു്. ഇതു് പരിശുദ്ധാത്മാവു് തീനാക്കുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെ മേൽ ഇറങ്ങിയ സംഭവത്തെ അനുസ്മരിപ്പിക്കുന്നു.

ന. കർത്താവീശോമ്ശിഷ്യാ സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണം ചെയ്തുതു് ശ്ലീഹന്മാരോടുകൂടെ എന്നുമിരിക്കുന്നതിനു് പരിശുദ്ധാത്മാവിനെ യാത്രയാക്കാമെന്നു് വാഗ്ദാനം ചെയ്തുകൊണ്ടാണല്ലൊ. ഇന്നാണു് ഈ വാഗ്ദാനം അനുഭ്രമായതു്. ഊട്ടുശാലയിൽ ധ്യാനത്തിലിരുന്ന പരിശുദ്ധ കന്യകമറിയത്തിന്റെമേലും ശ്ലീഹന്മാരുടെമേലും ജ്വലിക്കുന്ന തീനാക്കുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവു് ഇറങ്ങി. അവരെല്ലാം തന്നെറ ദിവ്യദാനങ്ങളാൽ നിറഞ്ഞു.

അന്നുതന്നെ വി. പത്രോസ് പ്രസംഗിച്ചു് അനേകരെ മാനസാന്തരപ്പെടുത്തുകയും തിരുസ്സഭ സ്ഥാപിതമാക്കുകയും ചെയ്തു. അന്നു് വി. ശ്ലീഹന്മാരുടെ മേലിറങ്ങിയ ആ പരിശുദ്ധാത്മാവുതന്നെയാണു് ഇന്നും തിരുസ്സഭയിൽ വസിച്ചു് തിരുസ്സഭാംബികയുടെ അരുമസന്താനങ്ങളെ വിശുദ്ധീകരിച്ചും പരമാനന്ദത്തിലേയ്ക്കു് നയിച്ചുംകൊണ്ടിരിക്കുന്നതു്. പ്രസാദവരത്തിലിരിക്കുന്ന എല്ലാ ആത്മാക്കളിലും പരിശുദ്ധാത്മാവു വസിക്കുന്നുണ്ടു്. തിരുസ്സഭയുടെ ആത്മാവാകുന്നു ഈ പരിശുദ്ധാത്മാവു.

ഇതുയും പറഞ്ഞതിൽനിന്നും തിരുസ്സഭയും അതിന്റെ ഓരോ അംഗവും പരിശുദ്ധാത്മാവിനോടു എത്രമാത്രം കടപ്പെട്ടി

രിക്കുന്നുവെന്നു സ്പഷ്ടമാണല്ലൊ. നാം പരിശുദ്ധാത്മാവിൽനിന്നു പ്രാപിച്ചിട്ടുള്ള നിരവധി ആദ്ധ്യാത്മിക സഹായങ്ങൾക്കു നന്നിപറയുന്നതിനു പന്തക്കുസ്താത്തിരുനാൾ ഏറ്റവും പറ്റിയ അവസരമാണു്. ഇന്നേ ദിവസം പരിശുദ്ധാത്മാവിന്റെ ദിവ്യതോനിപ്പുകൾക്കൊത്തവണ്ണം എന്നും വർത്തിക്കുന്നുണ്ടെന്നു സ്ഥിരപ്രതിജ്ഞ ചെയ്യുന്നതു വളരെ നന്നായിരിക്കും.

II

ക്രൂശാശകലം

i സ്വഭാവം

ചോ. ക്രൂശാശ എന്നാൽ എന്തു്?

ഉ. ആന്തരികമായ വരപ്രസാദത്തെ സൂചിപ്പിക്കുകയും അതിനെ പുറപ്പെടുവിക്കുകയും ചെയ്യുന്നതും മിശിഹായാൽ ശാശ്വതമായി സ്ഥാപിക്കപ്പെട്ടതുമായ ദൃശ്യചിഹ്നമാകുന്നു ക്രൂശാശ.

വി. ക്രൂശാശയായിരിക്കുന്നതിനു് ആവശ്യമുള്ള കാര്യങ്ങൾ മൂന്നാണു്. 1) അതു് മിശിഹായാൽ ശാശ്വതമായി സ്ഥാപിക്കപ്പെട്ടതായിരിക്കണം. 2) ദൃശ്യചിഹ്നമായിരിക്കണം. 3) ആന്തരികമായ വരപ്രസാദം നൽകുന്നതായിരിക്കണം.

ചോ. ക്രൂശാശ മിശിഹായാൽ സ്ഥാപിതമായിരിക്കുണമെന്നു് പറയുന്നതെന്തുകൊണ്ടു്?

ഉ. അദൃശ്യമായ വരപ്രസാദത്തെ ദൃശ്യചിഹ്നവുമായി ഘടിപ്പിക്കുന്നതിനു് മിശിഹായ്ക്കു മാത്രമേ സാധിക്കൂ എന്നതുകൊണ്ടാണു് ക്രൂശാശ മിശിഹായാൽ സ്ഥാപിതമായിരിക്കണം എന്നു് പറയുന്നതു്.

ചോ. ക്രൂശാശ ദൃശ്യചിഹ്നമായിരിക്കണമെന്നു പറയുന്നതു് എന്തുകൊണ്ടാണു്?

ഉ. ക്രൂശാശകളുടെ സ്ഥാപകനായ മിശിഹാ ദൃശ്യചിഹ്നങ്ങളിൽ അവയെ സ്ഥാപിച്ചതുകൊണ്ടും അവയെ മാറ്റുന്നതിനു് യാതൊരുത്തനും അധികാരമില്ലാത്തതുകൊണ്ടുമാണു്.

ചോ. ക്രൂശാശ വരപ്രസാദത്തെ പ്രദാനം ചെയ്യുന്നതായിരിക്കണം എന്നു് പറയുന്നതു് എന്തുകൊണ്ടു്?

ഉ. മിശിഹാ ക്രൂശാശകളെന്ന ദൃശ്യചിഹ്നങ്ങളെ സ്ഥാ

പിച്ചതു് അദൃശ്യമായ വരപ്രസാദം നൽകുന്നതിനായതുകൊണ്ടാണു് ക്രമാശ വരപ്രസാദത്തെ പ്രദാനം ചെയ്യുന്നതായിരിക്കണം എന്നു് പറയുന്നതു്.

ചോ. ക്രമാശകളുടെ ആന്തരികഘടകങ്ങൾ ഏവ?

ഉ. ക്രമാശകളുടെ ആന്തരികഘടകങ്ങൾ കമ്മസാധനം, രൂപം എന്നിങ്ങനെ രണ്ടാണു്.

N. B. കമ്മസാധനം അടുത്തതോ അകന്നതോ ആകാം.

ചോ. അകന്ന കമ്മസാധനം എന്നാൽ എന്തു്?

ഉ. ക്രമാശ പരികമ്മം ചെയ്യുമ്പോൾ ഉപയോഗിക്കുന്ന ഇന്ദ്രിയഗോചരമായ വസ്തുവാണു് അകന്ന കമ്മസാധനം. ഉദാ: .മാമ്മോദീസായിൽ വെള്ളം, സ്ഥൈര്യലേപനത്തിൽ സൈത്തു്.

ചോ. അടുത്ത കമ്മസാധനം എന്നാൽ എന്തു്?

ഉ. അകന്ന കമ്മസാധനത്തിന്റെ ഉപയോഗമത്രെ അടുത്ത കമ്മസാധനം. ഉദാ. മാമ്മോദീസായിലെ വെള്ളമൊഴിക്കൽ, സ്ഥൈര്യലേപനത്തിലെ സൈത്തുപൂശൽ.

ചോ. ക്രമാശകളുടെ രൂപം എന്നാൽ എന്തു്?

ഉ. ക്രമാശകൾ പരികമ്മം ചെയ്യപ്പെടുമ്പോൾ ചൊല്ലുന്ന വാക്കുകളത്രെ ക്രമാശകളുടെ രൂപം.

ii ഫലങ്ങൾ

ചോ. ക്രമാശകളുടെ ഫലങ്ങൾ ഏവ?

ഉ. ക്രമാശകളുടെ ഫലങ്ങൾ വരപ്രസാദവും മുദ്രയുമാണു്. എല്ലാ ക്രമാശകളും മുദ്ര പതിക്കുന്നില്ല.

ചോ. ക്രമാശകളിൽനിന്നും നമുക്കു് ലഭിക്കുന്ന വരപ്രസാദങ്ങൾ ഏവ?

ഉ. ക്രമാശകളിൽനിന്നു് പൊതുവായതും ക്രമാശക്കുത്തതും എന്നിങ്ങനെ രണ്ടുതരം വരപ്രസാദങ്ങൾ നമുക്കു് ലഭിക്കുന്നു.

ചോ. പൊതുവായ വരപ്രസാദം എന്തു്?

ഉ. ക്രമാശവഴിയായോ ക്രമാശസ്വീകരണമേയോ ലഭിക്കുന്ന വരപ്രസാദമത്രെ പൊതുവായ വരപ്രസാദം.

വി. വരപ്രസാദത്തിലിരിക്കുന്നവർ ചെയ്യുന്ന ഓരോ സൽപ്രവൃത്തിയും അവക്കു് കൂടുതൽ വരപ്രസാദം കൈവരുത്തു

ന്ന. താഭശവരപ്രസാദവർദ്ധനവ് ക്രമാശകളുടെ യോഗ്യതാപൂർവ്വ മുള്ള സ്വീകരണം വഴിയായും ലഭിക്കുവുന്നതത്രെ. ഇങ്ങനെ ല ഭിക്കുന്ന വരപ്രസാദത്തെയാണ് പൊതുവായ വരപ്രസാദം എന്നു നാം വിളിക്കുന്നത്.

സൂചന:-- ഈ വരപ്രസാദത്തിനു ഒന്നാമത്തെയും ര ണ്ടാമത്തെയും എന്ന ഒരു ഉൾപ്പിരിവുണ്ട്.

ക്രമാശ സ്വീകരിക്കുന്ന ആൾ വരപ്രസാദരഹിതനായിരുന്നുവെങ്കിൽ അയാൾക്കു ലഭിക്കുന്ന വരപ്രസാദത്തെ ഒന്നാ മത്തേതു എന്നും അയാൾ വരപ്രസാദത്തിലാണ് സ്ഥിതിചെയ്തി രുന്നതെങ്കിൽ അയാൾക്കു ലഭിക്കുന്നതിനെ രണ്ടാം വരപ്രസാദം എന്നും വിളിക്കുന്നു. രണ്ടാം വരപ്രസാദം വരപ്രസാദത്തിന്റെ വർദ്ധനവു മാത്രമാണ്.

ചോ. പ്രത്യേക അഥവാ ക്രമശയ്യുടെത്ത വരപ്രസാദം എന്തു?

ഉ. ക്രമശകൾ വഴിയായി മാത്രം ലഭിക്കുന്നതും, ഓ രോ ക്രമാശയുടെയും ഉദ്ദേശസിദ്ധികായി നൽകപ്പെടുന്നതുമായ വരപ്രസാദമത്രെ ക്രമാശയ്യുടെത്ത വരപ്രസാദം. ഉദാ: വിവാഹ ത്തിൽ ദാമ്പത്യജീവിതത്തിനാവശ്യമായ വരപ്രസാദം.

ചോ. മുദ്ര എന്നാൽ എന്തു?

ഉ. ഒരിക്കലും മായിച്ചുകളവാൻ സാധിക്കാത്തവിധത്തിൽ ചില ക്രമാശകളുടെ സ്വീകരണം വഴിയായി ആത്മാവിൽ പതിയുന്ന ഒരു ആദ്ധ്യാത്മിക അടയാളമാകുന്നു മുദ്ര.

വി. മുദ്ര ആദ്ധ്യാത്മികമായതുകൊണ്ട്, ഇന്ദ്രിയഗോചരമല്ല. അത് ആത്മാവിൽനിന്ന് അതിനെ മായിച്ചുകളയുന്നതിനു ചാവുദോഷത്തിനുപോലും കഴിവില്ല. അതു സുരക്ഷിതമായിരിക്കും. എന്നാൽ നീതിമാന്മാർക്ക് അതു ബഹുമാനത്തിനും പാപികൾക്ക് അതു അപമാനത്തിനും കാരണമാകുന്നതാണ്.

ചോ. ആത്മാവിൽ മുദ്രപതിക്കുന്ന ക്രമാശകൾ ഏവ?

ഉ. ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയത്രെ മാത്രശക്രമാശകൾ.

വി. ഈ മൂന്നു ക്രമാശകളും ആത്മാവിൽ പതിക്കുന്ന മുദ്രകളുടെ ഉദ്ദേശം ഒന്നല്ല. ജ്ഞാനസ്നാനത്തിൽ അതു ഒരാളെ ഈശോമിശിഹായുടെ നിഗൂഢ ശരീരത്തിലെ അംഗവും സ്ഥൈര്യലേപനത്തിൽ അതു മിശിഹായുടെ പടയാളിയും തിരുപ്പട്ടത്തിൽ അതു മിശിഹായുടെ ശുശ്രൂഷിയും ആക്കിച്ചെയ്യുന്നു.

ചോ. ക്രമാശകൾക്ക് അവയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ശക്തി എവിടെനിന്നാണ് ലഭിക്കുന്നത്?

ഉ. ക്രമാശകൾക്ക് അവയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ശക്തി അവയുടെ സ്ഥാപകനായ മിശിഹായിൽനിന്നാണ് ലഭിക്കുന്നത്.

വി. മിശിഹാ തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവും വഴിയായി സമ്പാദിച്ച വരപ്രസാദമെന്ന ദിവ്യജലത്തെ മനുഷ്യകോടികളിലേക്ക് ഒഴുക്കിക്കൊണ്ടിരിക്കുന്ന നീരുറവകളാണ് ക്രമാശകൾ.

iii എണ്ണവും വിഭജനവും

ചോ. ക്രമാശകൾ എത്ര? അവ ഏവ?

ഉ. ക്രമാശകൾ ഏഴാണ്. അവ, മാമ്മോദീസാ, സ്ഥൈര്യലേപനം, കുർബാന, പാപസങ്കീർത്തനം, അന്ത്യലേപനം, പട്ടം വിവാഹം എന്നിവയത്രെ.

വി. ഇവയിൽ ആദ്യത്തെ അഞ്ചും വ്യക്തിപരമായ വിശുദ്ധീകരണത്തെയും അവസാനത്തെ രണ്ടും തിരുസഭയുടെ സാമുദായിക ഉൽക്കർഷത്തെയും ലാക്കാക്കി സ്ഥാപിക്കപ്പെട്ടവയാണ്. മാമ്മോദീസാ നമുക്ക് ആദ്ധ്യാത്മിക ജീവൻ പ്രദാനം ചെയ്യുന്നു. സ്ഥൈര്യലേപനം നമ്മെ ആദ്ധ്യാത്മികമായി ശക്തിപ്പെടുത്തി മിശിഹായുടെ യോദ്ധാക്കളാക്കുന്നു. ആദ്ധ്യാത്മികസുഖക്ഷേമങ്ങളെ പൊറുപ്പിക്കുന്നതിനുള്ള സിദ്ധൗഷധമാണ് പാപസങ്കീർത്തനം. വി. കുർബാനയിൽ നാം ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയുടെ മാംസരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നു. മരണാവസരത്തിൽ നമുക്കു ഉണ്ടാകുന്ന പൈശാചിക പ്രലോഭനങ്ങളെ വീജയപ്രദമാംവണ്ണം എതിരിടുന്നതിനുള്ള ശക്തി അന്ത്യലേപനം പ്രദാനം ചെയ്യുന്നു.

സ്ത്രീയെ പൌരന്മാരുടെ വർദ്ധനവാണ് വിവാഹത്തിന്റെ ഉദ്ദേശമെങ്കിൽ അവരുടെ ആദ്ധ്യയനവും ഭരണവും വിശുദ്ധീകരണവും സാധിക്കുക എന്നതാണ് തിരുപ്പട്ടത്തിന്റെ ഉദ്ദേശം.

ചോ. ക്രമാശകൾ എങ്ങനെ വിഭജിക്കപ്പെടുന്നു?

ഉ. മരിച്ചവരുടെയും ഉയിരവരുടെയും ക്രമാശകൾ എ

ന്നും മുദ്ര പതിക്കുന്നതും പതിക്കാത്തതുമായ ക്രിയാശകൾ എന്നും അവ വിഭജിക്കപ്പെട്ടുന്നു.

സൂചന. മാമ്മോദീസായും പാപസങ്കീർത്തനവും മരിച്ചവരുടെ ക്രിയാശകളും, ശേഷമുള്ള അഞ്ചും ഉയിർവരുടെ ക്രിയാശകളുമത്രെ. മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയത്രെ മുദ്രപതിക്കുന്ന ക്രിയാശകൾ. ശേഷമുള്ള നാലും മുദ്രപതിക്കുന്നവയല്ല.

ചോ. മരിച്ചവരുടെ ക്രിയാശകൾ എന്നാൽ എന്ത്?

ഉ. വരപ്രസാദമില്ലാത്തവർക്ക് അതിനെ (ഒന്നാം വരപ്രസാദത്തെ) പ്രദാനം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയത്രെ മരിച്ചവരുടെ ക്രിയാശകൾ.

വി. അവ സ്വീകരിക്കുന്നവർ വരപ്രസാദത്തിലല്ലെങ്കിൽ അവ അവർക്ക് വരപ്രസാദം (ഒന്നാം വരപ്രസാദം) പ്രദാനം ചെയ്യും. എന്നാൽ വരപ്രസാദത്തിലാണെങ്കിൽ വരപ്രസാദവർദ്ധനവ് സാധിക്കുന്നതിനും പാപസങ്കീർത്തനം അവർക്ക് ഉപകരിക്കുന്നതാണ്.

ചോ. ഉയിർവരുടെ ക്രിയാശകൾ എന്നാൽ എന്ത്?

ഉ. വരപ്രസാദത്തിൽ ഇരിക്കുന്നവർക്ക് വരപ്രസാദവർദ്ധനവ് (രണ്ടാം വരപ്രസാദം) നൽകുന്ന ക്രിയാശകൾ അത്രെ ഉയിർവരുടെ ക്രിയാശകൾ.

സൂചന. അന്ത്യലേപനം ഉയിർവരുടെ ക്രിയാശയാണ്. എന്നാൽ ഈ ക്രിയാശ സ്വീകരിക്കുന്ന ആൾ ചാവുഭോഷത്തിൽ ഇരിക്കയും പാപസങ്കീർത്തനം ചെയ്യുന്നതിന് നിവൃത്തിയില്ലാതെ വരികയും ചെയ്യുന്നുവെങ്കിൽ അടിമമനസ്ഥാപത്തോടെയെങ്കിലും ഇത് സ്വീകരിച്ചാൽ ഈ ക്രിയാശ ഒന്നാം വരപ്രസാദം പ്രദാനം ചെയ്യുന്നതാണ്.

ചോ. ഒരിക്കൽ മാത്രം കൈക്കൊള്ളാവുന്ന ക്രിയാശകൾ ഏവ?

ഉ. മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയാണ് ഒരിക്കൽ മാത്രം കൈക്കൊള്ളാവുന്ന ക്രിയാശകൾ.

വി. ഇവ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ എന്നു പറയുന്നത് ഇവ മുദ്രപതിക്കുന്ന ക്രിയാശകളായിട്ടാണ്.

ചോ. ക്രമാശ സാധുവായി സ്വീകരിക്കപ്പെട്ടന്നതും അസാധുവായി സ്വീകരിക്കപ്പെട്ടന്നതും എപ്പോൾ?

ഉ. ഒരു ക്രമാശ ക്രമാശയാകുന്നതിന് വേണ്ടതായ എല്ലാ വ്യവസ്ഥകളോടുംകൂടെ അതു സ്വീകരിക്കപ്പെട്ടപ്പോൾ ക്രമാശ സാധുവാകും. വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് കുറഞ്ഞുപോയാൽ ക്രമാശ അസാധുവായിത്തീരുന്നതാണ്.

ചോ. ക്രമാശ യോഗ്യതയോടുകൂടിയോ അയോഗ്യമായോ കൈക്കൊള്ളപ്പെട്ടന്നത് എപ്പോൾ?

ഉ. ക്രമാശ സാധുവായിരിക്കയും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിന് വേണ്ടതായ വ്യവസ്ഥകളോടുകൂടെ സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോൾ ക്രമാശ യോഗ്യതയോടുകൂടെ കൈക്കൊള്ളപ്പെട്ടന്നു. ഈ ദ്വിശ്യാവസ്ഥകൾ കൂടാതെ കൈക്കൊള്ളുമ്പോൾ അയോഗ്യമായി കൈക്കൊള്ളുന്നു.

ചോ. ക്രമാശകളിൽ ഏറ്റവും ശ്രേഷ്ഠമായതു് ഏതു്?

ഉ: ക്രമാശകളിൽ ഏറ്റവും ശ്രേഷ്ഠമായതു് കർബാനാ എന്ന ക്രമാശയത്രെ. എന്തുകൊണ്ടെന്നാൽ ഇതു് മറ്റു ക്രമാശകളെപ്പോലെ വരപ്രസാദത്തെ മാത്രമല്ല വരപ്രസാദദാതാവായ മിശിഹായെത്തന്നെ നമുക്കു തരുന്നു.

iv കാമ്മികൻ

ചോ. ക്രമാശകളുടെ കാമ്മികൻ അഥവാ ശുശ്രൂഷകൻ എന്നാൽ എന്തു്?

ഉ. ക്രമാശ കൊടുക്കുന്നതിന് അഥവാ പരികർമ്മം ചെയ്യുന്നതിന് അധികാരം പ്രാപിച്ചിട്ടുള്ള ആളത്രെ കാമ്മികൻ.

സൂചന. ഓരോ ക്രമാശയുടെയും കാമ്മികൻ ആരാണെന്ന് അതതു ക്രമാശകളെക്കുറിച്ചു് പ്രതിപാദിക്കുന്നിടത്തു് പ്രസ്താവിക്കുന്നതാണ്.

ചോ. ക്രമാശയുടെ സാധുതയ്ക്കു് കാമ്മികൻ ചെയ്യേണ്ടതു് എന്തു്?

ഉ. ക്രമാശ നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടെ കാമ്മികൻ അതതു ക്രമാശയുടെ കർമ്മസാധനവും രൂപവും പരികർമ്മം ചെയ്യണം.

സൂചന. തിരുസ്സഭ നിശ്ചയിച്ചിട്ടുള്ള തരത്തിലുള്ള മി

വ്യാനുഷ്ഠാനങ്ങൾ ക്രുദ്ധാശകൾ യോഗ്യതാപൂർവ്വം പരിക്രമം ചെയ്യുന്നതിനു അവശ്യമാണ്.

V സ്വീകരിക്കുന്നവർ

ചോ. ക്രുദ്ധാശകൾ ആർക്കായിട്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്?

ഉ. പരീക്ഷാവസ്ഥയിലിരിക്കുന്ന മനുഷ്യർക്കു വേണ്ടിയത്രെ.

വി. ഇഹത്തിൽ വസിക്കുന്ന കാലത്തോളം നാം പരീക്ഷാവസ്ഥയിലാണിരിക്കുന്നത്. അതുകൊണ്ട് ഇഹത്തിൽ വസിക്കുന്ന എല്ലാ മനുഷ്യർക്കും വേണ്ടിയാണ് ക്രുദ്ധാശകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

ചോ. ക്രുദ്ധാശകൾ സാധുവായി സ്വീകരിക്കുന്നതിനു അവശ്യമുള്ളവ ഏവ?

ഉ. ക്രുദ്ധാശകൾ സ്വീകരിക്കുന്നതിനുള്ള പ്രാപ്തിയും അതിനുള്ള നിയോഗവും ഉണ്ടായിരിക്കണം.

സൂചന. മാമ്മോദീസാ ഒഴിച്ച് മറ്റുള്ള ക്രുദ്ധാശകൾ സാധുവായി സ്വീകരിക്കുന്നതിനു മാമ്മോദീസാ സ്വീകരിക്കുണ്ടെന്നുള്ളതു അവശ്യാവശ്യമാണ്.

ചോ. ക്രുദ്ധാശകൾ യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു വേണ്ടവ ഏവ?

ഉ. മരിച്ചവരുടെ ക്രുദ്ധാശകളായ മാമ്മോദീസായും കുമ്പസാരവും യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു മനസ്സാപവും ഉയിരവരുടെ ക്രുദ്ധാശകൾ യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു വരപ്രസാദവും ക്രുടിയേ തീരു.

N. B. ക്രുദ്ധാശകളിൽനിന്നു സമൃദ്ധിയായ ഫലങ്ങൾ ലഭിക്കുന്നതിനു നാം വേണ്ടവിധത്തിൽ നമ്മെത്തന്നെ സജ്ജീകരിക്കേണ്ടിയിരിക്കുന്നു. ഇതു എങ്ങനെ നിർവ്വഹിക്കാമെന്നു ഓരോ ക്രുദ്ധാശകളെക്കുറിച്ചു പ്രതിപാദിക്കുന്നിടത്തു വിശദമാക്കുന്നതാണ്.

ചോ. ക്രുദ്ധാശകൾ സാധുവായും എന്നാൽ അയോഗ്യമായും സ്വീകരിക്കുന്നതു പാപമാകുന്നുവോ?

ഉ. അതെ. ഗൗരവമായ ദൈവദ്രോഹമാകുന്നു.

ചോ. മുദ്ര പതിക്കുന്ന ക്രുദ്ധാശകൾ അയോഗ്യമായി സ്വീകരിച്ചാൽ മുദ്ര പതിയുമോ?

ഉ. മുദ്ര പതിക്കുന്ന ക്രമാശകൾ അയോഗ്യമായി സ്വീകരിച്ചാലും സാധുവായി സ്വീകരിക്കപ്പെടുന്നു എങ്കിൽ മുദ്ര പതിയും.

III

1. ജ്ഞാനസ്നാനം

"സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴിയുകയില്ല." (യോഹ. 3. 5)

i സ്വഭാവം

ചോ. ജ്ഞാനസ്നാനം അഥവാ മാമ്മോദീസാ എന്ന ക്രമാശ എന്താകുന്നു?

ഉ. ഉത്ഭവപാപവും, കർമ്മപാപം ഉണ്ടെങ്കിൽ അതും അതിനുള്ള ശിക്ഷയും നീക്കി നമ്മെ ക്രിസ്ത്യാനികളും ദൈവത്തിന്റെയും തിരുസ്സഭയുടെയും മക്കളും, മോക്ഷത്തിനവകാശികളും ആക്കിത്തീർക്കുന്ന ഒരു ക്രമാശയാകുന്നു ജ്ഞാനസ്നാനം.

ചോ. ഈ ക്രമാശയുടെ കർമ്മസാധനം എന്താകുന്നു?

ഉ. ഇതിന്റെ അകന്ന കർമ്മസാധനം സ്വാഭാവികവെള്ളവും അടുത്ത കർമ്മസാധനം വെള്ളംകൊണ്ടുള്ള പ്രക്ഷാളനവും ആകുന്നു.

ചോ. ഈ ക്രമാശയുടെ രൂപം എന്താകുന്നു?

ഉ. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്ന മൊഴികളാകുന്നു ഇതിന്റെ രൂപം.

ii ഫലങ്ങൾ.

ചോ. ജ്ഞാനസ്നാനം എന്ന ക്രമാശയുടെ ഫലങ്ങൾ ഏവ?

ഉ. ജ്ഞാനസ്നാനം എന്ന ക്രമാശ ആദ്ധ്യാത്മികമായി നമ്മെ ജനിപ്പിച്ചു ഒന്നാം വരപ്രസാദത്തെ നൽകുകയും ഉത്ഭവപാപത്തെയും കർമ്മപാപം ഉണ്ടെങ്കിൽ അതിനെയും നീക്കുകയും ചെയ്യുന്നു. അതു പാപത്തിനുള്ള എല്ലാ ശിക്ഷകളേയും മോചിക്കും. ക്രിസ്തീയമുദ്ര ആത്മാവിൽ പതിക്കും. നമ്മെ ദൈവത്തിന്റെ

മക്കളും തിരുസ്സഭയുടെ അംഗങ്ങളും സ്വർഗ്ഗാവകാശികളും ആകി ച്ചെയ്യും. ശേഷമുള്ള ക്രദാശകൾ സ്വീകരിക്കുന്നതിനു് നമ്മെ പ്രാപൂരാക്കുന്നതും ഈ ക്രദാശയാണു്.

iii കാമ്മികൻ

ചോ. മാമ്മോദീസാ എന്ന ക്രദാശയുടെ കാമ്മികൻ ആരാണു്?

ഉ. ജ്ഞാനസ്നാനം കൊടുക്കുന്നതിനു് അധികാരത്താൽ ചുമതലയുള്ളവർ മെത്രാന്മാരും ഇടവക ഭരിക്കുന്ന പട്ടക്കാരുമാകുന്നു. എങ്കിലും അത്യാവശ്യത്തിൽ പുരുഷനോ സ്ത്രീക്കോ ആർക്കെങ്കിലും ഒരുപക്ഷേ ഇടത്തുട്ടകാരനൊ അക്രൈസ്തവനൊ ആയിരുന്നാലും ജ്ഞാനസ്നാനം കൊടുക്കാം. എന്നാൽ ഇങ്ങനെ ചെയ്യുന്നതു് ജ്ഞാനസ്നാനത്തിനുവേണ്ട കർമ്മസാധനവും രൂപവും പരിശുദ്ധം ചെയ്തുകൊണ്ടും തിരുസ്സഭ ജ്ഞാനസ്നാനപ്പെട്ടുത്തുന്നതുപോലെതന്നെ ചെയ്യുന്നുവെന്നുള്ള ഉദ്ദേശത്തോടുകൂടിയും ആയിരിക്കണം.

ചോ. വീട്ടുമാമ്മോദീസാ എന്നാൽ എന്തു്?

ഉ. പള്ളിയിൽകൊണ്ടുപോയി അത്യാഘോഷമായി ജ്ഞാനസ്നാനപ്പെട്ടുത്തുവാൻ സൌകര്യമില്ലാതിരിക്കുകയും കാലതാമസം വരുത്തിയാൽ മരണാപകടമുണ്ടായേക്കാമെന്നു ശങ്കിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളുണ്ടാകാം. താദൃശസന്ദർഭങ്ങളിൽ മാമ്മോദീസാ സാധുവാകുന്നതിനു് അത്യാവശ്യമുള്ള കർമ്മങ്ങളോടുകൂടി ആർക്കെങ്കിലും വീട്ടിൽവച്ചുതന്നെ ഈ ക്രദാശാപരികർമ്മം ചെയ്യാവുന്നതാണു്. ഇങ്ങനെ നടത്തപ്പെടുന്ന മാമ്മോദീസായാണു് വീട്ടുമാമ്മോദീസാ.

ചോ. വീട്ടുമാമ്മോദീസാ കൊടുക്കേണ്ടതെങ്ങനെ?

ഉ. ഒരു പുണ്യവാളന്റെയോ പുണ്യവതിയുടെയോ പേരുചൊല്ലി ജ്ഞാനസ്നാനം സ്വീകരിക്കുന്ന ആളെ സംബോധന ചെയ്തു് കുരിശിന്റെ ആകൃതിയിൽ മൂന്നുപ്രാവശ്യം തലയിൽ വെള്ളം ഒഴിക്കുന്നു. അതേസമയംതന്നെ തിരുസ്സഭയുടെ നിയോഗപ്രകാരം പ്രവൃത്തിക്കുവാൻ മനസ്സായിരിക്കുന്നു എന്ന നിയോഗത്തോടെ– (പേരു) "ബാവായുടെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു" എന്നീ വാക്കുകൾ മാമ്മോദീസാ മുക്കുന്ന അൾത്തന്നെ വ

ക്കുമായി ഉച്ചരിച്ചുകൊണ്ട് വീട്ടുമാമ്മോദീസാ കൊടുക്കേണ്ടതാണ്. (ഇതാണ് വീട്ടുമാമ്മോദീസാക്രമം)

സൂചനഃ– വെള്ളം തലയിൽ ഒഴിക്കുവാൻ നിവൃത്തിയില്ലെങ്കിൽ കഴിവുള്ള ഏറ്റവും പ്രധാന അവയവത്തിൽ ഒഴിക്കേണ്ടതാണ്. പിന്നീട് ജ്ഞാനസ്നാനത്തിന്റെ മറ്റു ചടങ്ങുകളെല്ലാം നടത്തേണ്ടതാണെങ്കിലും മാമ്മോദീസാക്കു മാത്രം ആവശ്യമുള്ളതല്ല.

iv സ്വീകരിക്കുന്ന ആൾ

– ചോ. മാമ്മോദീസാ സ്വീകരിക്കുവാൻ പാടുള്ളവർ ആരാണ്?

ഉ. മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്ത എല്ലാവർക്കും അതു സ്വീകരിക്കാവുന്നതാണ്.

വി. ശിശുക്കൾക്കും പ്രായമായവർക്കും ജ്ഞാനസ്നാനം സ്വീകരിക്കാം.

ഒരാൾ മരിച്ചവനോ ജീവിയ്ക്കുന്നവനോ എന്നു സംശയമുള്ളപ്പോൾ "നീ ജീവിക്കുന്നുവെങ്കിൽ" എന്ന് സംശയത്തിൻകീഴ് ചൊല്ലിക്കൊണ്ട് ജ്ഞാനസ്നാനം കൊടുക്കാവുന്നതുതന്നെ.

ചോ. ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ പള്ളിയിൽ കൊണ്ടുപോകേണ്ടതു് ഏപ്പോഴാണ്?

ഉ. കഴിവുള്ള വേഗത്തിൽ ശിശുക്കളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ പള്ളിയിൽകൊണ്ടുപോകണം.

വി. ഈ കാര്യത്തിൽ ഉദാസീനതകാണിക്കുന്ന മാതാപിതാക്കളും സംബന്ധികളും ഗൌരവമായി തെറ്റുചെയ്യുന്നു. അതിനു കാരണം, നിത്യരക്ഷയ്ക്കു അത്യാവശ്യമുള്ള കൃപാശ സ്വീകരിക്കാതെ മൃതിയടയുവാൻ കുട്ടിക്കു ഇടവരും അഥവാ നിത്യരക്ഷനഷ്ടപ്പെടുന്നതിനുള്ള ആപത്തിൽ സ്വസന്താനത്തെ ആക്കി എന്നുള്ളതാണ്.

ചോ. ജ്ഞാനസ്നാനപ്പെടുന്നവൻ പ്രായപൂർത്തിവന്നവനാണെങ്കിൽ അവനു് എന്തു് ആത്മീയ ഒരുക്കമാണ് വേണ്ടതു്?

ഉ. പ്രായപൂർത്തിവന്നശേഷം ജ്ഞാനസ്നാനപ്പെടുന്നവനു് വിശ്വാസം അതായതു് അത്യാവശ്യപ്പെട്ട വിശ്വാസസത്യങ്ങളുടെ അറിവും വിശ്വാസവും ഉണ്ടായിരിക്കേണ്ടതു കൃപാതെ ചെയ്തുപോയ പാപദോഷങ്ങളിന്മേൽ അനുതപിച്ചമനസ്താപമെങ്കിലും ഉണ്ടായിരിക്കണം.

V മാമ്മോദീസാ തരു,

തലതൊട്ടപ്പനും തലതൊട്ടമ്മയും

ചോ. ജ്ഞാനസ്നാനം സ്വീകരിക്കുന്നവന് ഒരു വിശ്വാസിയുടെ പേരിടുന്നതു് എന്തുകൊണ്ടു്?

ഉ. ജ്ഞാനസ്നാനം സ്വീകരിക്കുന്നവനെ ഒരു സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ സംരക്ഷണയിൽ ഏല്പിക്കുന്നതിനും, പ്രസ്തുത സിദ്ധന്റെ സുകൃതമാതൃകകൾ ജീവിതമത്സരത്തിൽ അവന് മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിനുമാണ്.

ചോ. തലതൊട്ടപ്പനും അമ്മയും ആരു്?

ഉ. ജ്ഞാനസ്നാനത്തിൽവച്ചു് സ്നാനപ്പെട്ടവന്റെ ആദ്ധ്യാത്മികശിക്ഷണഭാരം പ്രത്യേകമായവിധത്തിൽ ഏറ്റെടുക്കുന്നവരാകുന്നു തലതൊട്ടപ്പനും അമ്മയും.

വി. തലതൊട്ടമ്മ, മാമ്മോദീസാ കൊടുക്കുമ്പോൾ ശിശുവിനെ സ്വകരങ്ങളിൽ എടുക്കുന്നു. തലതൊട്ടപ്പൻ അതിന്റെ തോളിൽ കൈവെയ്ക്കുന്നു.

ചോ. തലതൊട്ടപ്പന്റെയും അമ്മയുടെയും മുമതലകൾ ഏവ?

ഉ. അവർ തങ്ങളുടെ ജ്ഞാനമക്കൾ ദൈവഭയത്തിൽ വളരുവാനും വേദമുറകൾ അഭ്യസിക്കുവാനും, സദുപദേശങ്ങളാലും സുകൃതമാതൃകകളാലും പ്രത്യേകം യത്നിക്കേണ്ടതാണ്.

വി. കുട്ടികളുടെ മതപഠനം സുകൃതജീവിതം എന്നിവ സംഗതികളിൽ ശ്രദ്ധിക്കാനുള്ള മുമതല മുഖ്യമായി മാതാപിതാക്കന്മാരുടേതാകുന്നു. എന്നാൽ മാതാപിതാക്കൾ മരിച്ചുപോകുകയൊ അല്ലെങ്കിൽ പ്രസ്തുത സംഗതിയിൽ അലസത പ്രദർശിപ്പിക്കുകയോ ചെയ്യുൽ വേണ്ടതു് ചെയ്വാനുള്ള മുമതല തലതൊട്ടപ്പന്റെയും അമ്മയുടെയും ആയിരിക്കുന്നതാണ്.

ചോ. തലതൊട്ടപ്പനും, അമ്മയും, അവരുടെ ജ്ഞാനസന്താനങ്ങളുമായുള്ള ബന്ധമെന്തു്?

ഉ. അവർ ഇരുകൂട്ടരും തമ്മിൽ ഒരു ആദ്ധ്യാത്മികബന്ധം സംജാതമാകുന്നുണ്ടു്. തൽഫലമായി തലതൊട്ടപ്പനോ അമ്മയ്ക്കോ സ്നാനപ്പെട്ടവരുമായോ അവരുടെ മാതാപിതാക്കന്മാരുമായോ വിവാഹബന്ധത്തിലേർപ്പെടുവാൻ പാടുള്ളതല്ല.

vi ആവശ്യം

ചോ. രക്ഷപെടുവാൻ ജ്ഞാനസ്നാനം ആവശ്യമാണൊ?

ഉ. രക്ഷപെടുവാൻ ജ്ഞാനസ്നാനം അവശ്യാവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ "യാതൊരുത്തൻ ജലത്താലും പരിശുദ്ധാത്മാവിയാലും വീണ്ടും പിറക്കാതിരുന്നാൽ അവന്ന് ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ല" എന്ന് ഈശോമിശിഹാ സ്പഷ്ടമായി അരുളിച്ചെയ്തിട്ടുണ്ട്.

ചോ. ജ്ഞാനസ്നാനം സ്വീകരിക്കുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ, വേറെ വല്ലപ്രകാരത്തിലും ഈ ക്രമം നിവർത്തിക്കാമോ?

ഉ. ജ്ഞാനസ്നാനമെന്ന ക്രമത്തെ അതു സ്വീകരിക്കുമ്പോൾ 'രക്തജ്ഞാനസ്നാനം' എന്നു പറയപ്പെടുന്ന രക്തസാക്ഷിത്വംകൊണ്ടോ, ആഗ്രഹത്താലുള്ള ജ്ഞാനസ്നാനംകൊണ്ടോ നിവർത്തിക്കാവുന്നതാണ്.

വി. പൂർണ്ണമായ ദൈവസ്നേഹത്തിന്റെ അഥവാ ഉത്തമമനസ്താപത്തിന്റെ പ്രകരണത്തോടുകൂടെ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നതിനെ ആഗ്രഹത്താലുള്ള ജ്ഞാനസ്നാനം. ഇതു് വഴിയായി ശുദ്ധീകരണവരപ്രസാദം ലഭിക്കും. എന്നാൽ ഇതു് ഒരു ക്രമം അല്ലാത്തതുകൊണ്ട് സഭയുടെ മുറക്കുള്ള അംഗമാകുന്നില്ല. മായാത്തമുദ്ര ആത്മാവിൽ പതിയുന്നില്ല. മറ്റുക്രമങ്ങൾ കൈക്കൊള്ളുന്നതിനുള്ള അർഹത പ്രാപിക്കുന്നുമില്ല. അതുകൊണ്ട് അയാൾ പാടുള്ളവേഗത്തിൽ ജലത്താലുള്ള ജ്ഞാനസ്നാനം സ്വീകരിക്കേണ്ടതാണ്.

vii ജ്ഞാനസ്നാനം സ്വീകരിച്ചവന്റെ കടമകൾ

ചോ. ജ്ഞാനസ്നാനപ്പെട്ടവന്റെ കടമ എന്തു്?

ഉ. വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങളെയും മിശിഹായുടെയും തന്റെ തിരുസ്സഭയുടെയും തത്വങ്ങളെയും നിയമങ്ങളേയും അനുസരിച്ചു ജീവിപ്പാൻ ജ്ഞാനസ്നാനപ്പെട്ടവനു കടമുണ്ട്.

സൂചന:— വിശ്വാസസത്യങ്ങളിൽ ഒന്നിനെയോ, മിശിഹായുടെയും തിരുസ്സഭയുടെയും പ്രമാണങ്ങളിൽ ഒന്നിനെയോ

അനുസരിക്കാത്തവൻ ഒന്നാം അനുസരിക്കാത്തവനെപ്പോലെയാകുന്നു.

ചോ. ജ്ഞാനസ്നാനത്തിൽ നാം ചെയ്യുന്ന പ്രാർത്ഥനകൾ ഏവ?

ഉ. പിശാചിനെയും അവന്റെ ആഘോഷങ്ങളെയും എന്നെന്നേയ്ക്കുമായി പരിത്യജിപ്പാൻ നാം പ്രാർത്ഥനചെയ്യുന്നു.

വി. ജ്ഞാനസ്നാനപ്പെടുന്നവൻ ലോകം പിശാചു ശരീരം എന്നീ രിപുത്രയങ്ങളോടു ആജീവനാന്തം സമരംചെയ്യാൻ ഒരുങ്ങിക്കൊണ്ടു മിശിഹായുടെ പോർവീരനായി പേരെഴുതിക്കയത്രെ ചെയ്യുന്നതു്. അതുകയാൽ ശരീരദുരാശകൾക്കും നരകശത്രുവിന്റെ ദുഷ്പ്രേരണകൾക്കും എതിരായി അവൻ നിരന്തരം സമരം ചെയ്യുന്നു. അപ്രകാരംതന്നെ സന്മാർഗ്ഗത്തിനും സുവിശേഷപ്രബോധനങ്ങൾക്കും പ്രതികൂലമായ ലോകസിദ്ധാന്തങ്ങളെ എല്ലാം പരിത്യജിച്ചു, മിശിഹായെ അനുകരിച്ചു ജീവിപ്പാൻ അവൻ സദാ ജാഗ്രതകനായിരിക്കേണ്ടതുമാണു്.

2 സ്ഥൈര്യലേപനം

"അപ്പോൾ അവർ (ശ്ലീഹന്മാർ) അവരുടെമേൽ കൈകൾവെച്ചു. അവർ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുകയും ചെയ്തു." (നട. 8–17.)

i സ്വഭാവം

ചോ. സ്ഥൈര്യലേപനം എന്ന ക്രിയാശ എന്നാകുന്നു?

ഉ. പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്തു ഈശോമിശിഹായുടെ പടയാളികളുടെ മുദ്ര നമ്മുടെ ആത്മാക്കളിൽ പതിച്ചു് (നമ്മെ സ്ഥിരപ്പെടുത്തി) നമ്മെ പൂർണ്ണക്രിസ്ത്യാനികളാക്കുന്ന ഒരു ക്രിയാശയാകുന്നു സ്ഥൈര്യലേപനം.

ചോ. ഈ ക്രിയാശയുടെ കർമ്മസാധനമെന്തു്?

ഉ. ഈ ക്രിയാശയുടെ അകന്ന കർമ്മസാധനം മെത്രാനാൽ വെഞ്ചിരിക്കപ്പെട്ട വിശുദ്ധതൈലമാണു്. അടുത്ത കർമ്മസാധനമാകട്ടെ കൈവെപ്പും വിശുദ്ധ തൈലലേപനവുമത്രെ.

വി. സ്ഥൈര്യലേപനം സ്വീകരിക്കുന്നു ആളിന്റെ തലയിൽ മെത്രാൻ കൈവെച്ചുകൊണ്ടു് അവന്റെ നെറ്റിയിൽ വി

ശുദ്ധ തൈലംതൊട്ടു കുരിശടയാളം വരയ്ക്കുന്നു. കൈവെപ്പു് പരി
ശുദ്ധാത്മാവിന്റെ വരപ്രസാദത്തെ സൂചിപ്പിക്കുന്നു.

ചോ. ഈ ക്രമാശയുടെ രൂപം എന്താകുന്നു?

ഉ. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി
ന്റെയും നാമത്തിൽ നിന്റെമേൽ കുരിശടയാളം വരയ്ക്കുകയും ര
ക്ഷയുടെ തൈലത്താൽ നിന്നെ ഞാൻ സ്ഥിരപ്പെടുത്തുകയും ഉറ
പ്പിക്കുകയും ചെയ്യുന്നു. ആമ്മേൻ." എന്നീ വാക്കുകളാണ് ഇതിന്റെ
രൂപം.

ii ഫലങ്ങൾ

ചോ. സ്ഥൈര്യലേപനം നമുക്കു പ്രദാനംചെയ്യുന്ന വര
പ്രസാദങ്ങൾ ഏവ?

ഉ. സ്ഥൈര്യലേപനം വരപ്രസാദവർദ്ധനവും ക്രമാശ
സ്ഥാപിത വരപ്രസാദവും പ്രദാനം ചെയ്യുന്നതിനു പുറമേ മായാത്ത
മുദ്ര നമ്മുടെ ആത്മാവിൽ പതിക്കുകയും ചെയ്യുന്നു.

ചോ. സ്ഥൈര്യലേപനത്തിന്റെ ക്രമാശസ്ഥാപിത വരപ്ര
സാദം എന്താകുന്നു?

ഉ. സ്ഥൈര്യലേപനത്തിന്റെ ക്രമാശസ്ഥാപിത വരപ്ര
സാദം, ആത്മാവിനെ ശക്തിപ്പെടുത്തുന്ന കൃപാവരവും പരിശു
ദ്ധാത്മാവിന്റെ ദാനങ്ങളും തന്നു് നമ്മെ വിശ്വാസത്തിൽ സ്ഥിര
പ്പെടുത്തുകയും പൂർണ്ണക്രിസ്ത്യാനികളും മിശിഹായുടെ പടയാളികളും
ആക്കിത്തീർക്കുകയും ചെയ്യുന്ന ദൈവദാനമാകുന്നു.

iii കാമ്മികൻ

ചോ. സ്ഥൈര്യലേപനത്തിന്റെ കാമ്മികൻ ആരാകുന്നു?

ഉ. (പാശ്ചാത്യ സഭയിൽ) സ്ഥൈര്യലേപനത്തിന്റെ
സാധാരണ കാമ്മികൻ മെത്രാൻ മാത്രമാകുന്നു.

ചോ. മെത്രാൻ ഈ ക്രമാശ പരികർമ്മം ചെയ്യുന്നതു്
എങ്ങനെ?

ഉ. മെത്രാൻ സ്ഥൈര്യലേപനം സ്വീകരിക്കുന്നവരുടെ
മേൽ കൈനീട്ടി പരിശുദ്ധാത്മാവിന്റെ കൃപാവരം പ്രാർത്ഥിക്ക
കയും ക്രമാശവചനങ്ങൾ ചൊല്ലി ഓരോരുത്തരുടെയും നെറ്റി
മേൽ കുരിശുഭാഷയിൽ തിരുസൈത്തു പൂശുകയും ചെയ്യുന്നു. അ
നന്തരം, "നിന്നോടുകൂടെ സമാധാനം ഉണ്ടായിരിക്കട്ടെ" എന്നു
പറഞ്ഞു ഓരോരുത്തന്റെയും കവിളിന്മേൽ ലാഘവമായി അടിക്ക

യും എല്ലാവരെയും ആഘോഷമായി അഭിവൃദ്ധിക്കയും ചെയ്യുകെ
ണ്ടാണ് ഈ ക്രമാശ പരികർമ്മം ചെയ്യുന്നത്.

ചോ. നെറ്റിയിൽ വി: തൈലം പൂശുന്നതു് എന്തുകൊണ്ടു?

ഉ. ക്രിശിതനായ മിശിഹായുടെ ശ്രുശ്രൂഷി ആകുന്നു
എന്നു് വാക്കിലും ക്രിയയിലും പ്രത്യക്ഷമാക്കുവാൻ ലജ്ജിക്കരുതെ
ന്നും, ക്രിസ്തീയവിശ്വാസത്തിന്റെ ശത്രുക്കളെ ഭയപ്പെടരുതെന്നും
നമ്മെ ഉദ്ബോധിപ്പിക്കുന്നതിനാണ്.

വി. നെറ്റിയിലാണ് ലജ്ജയുടെയും ഭയത്തിന്റെയും
ചിഹ്നങ്ങൾ സാധാരണ പ്രത്യക്ഷപ്പെടുക. അതുകൊണ്ടാണ് നെ
റ്റിയെ വി. തൈലംകൊണ്ടു് ലേപനം ചെയ്യുന്നതു്.

ചോ. മെത്രാൻ സ്ഥൈര്യലേപനം സ്വീകരിക്കുന്ന ആളി
ന്റെ കവളിന്മേൽ ലഘുവായി അടിക്കുന്നതു് എന്തുകൊണ്ടു്?

ഉ. മെത്രാൻ അപ്രകാരം ചെയ്യുന്നതു് സത്യവിശ്വാസ
ത്തിനുവേണ്ടിയും മിശിഹായുടെ നേരെയുള്ള സ്നേഹത്തെപ്രതിയും
സകല അവമാനങ്ങളും ദുഃഖങ്ങളും അനുഭവിപ്പാൻ നാം സന്ന
ദ്ധരായിരിക്കണം എന്നു് നമ്മെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടി
യത്രെ.

വി. മിശിഹായും തന്റെ വി. രക്തസാക്ഷികളും എ
ന്തെല്ലാം പാടുപീഡകൾ സഹിച്ചു, താപോധനന്മാരും കന്യക
കളും ആജീവനാന്തം എത്ര കർക്കശമായ ഒരു ജീവിതമാണ് ന
യിച്ചിരുന്നതു്, എന്നിങ്ങനെയുള്ളതു് ഒരു ക്രിസ്ത്യാനിയുടെ ചിന്താ
വിഷയമാകേണ്ടതാണ്. മിശിഹാ കുരിശുവഴിയായി നമ്മെ ര
ക്ഷിച്ചുവെങ്കിൽ ഇഹലോകത്തിലെ കഷ്ടാരിഷ്ടതകളും കുരിശു
കളും അവിടുത്തെ തിരുരക്തത്താൽ അഭിഷേകം ചെയ്തിട്ടുണ്ടെ
ന്നും അവ നമ്മെ സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്നതിനുള്ള പോംവഴി
കളാണെന്നും നാം സ്മരിക്കണം. ഇങ്ങനെ നാം ചിന്തിക്കുന്ന പ
ക്ഷം സത്യവിശ്വാസത്തെപ്രതിയും ക്രിശിതനായ മിശിഹായുടെ
നേരെയുള്ള സ്നേഹത്തെപ്രതിയും കഷ്ടാരിഷ്ടതകളും അവമാനങ്ങ
ളും സഹിക്കുന്നതു് നമുക്ക് അത്ര പ്രയാസകരമായി തോന്നുകയില്ല.

iv സ്വീകരിക്കുന്നവർ

ചോ. സ്ഥൈര്യലേപനം സാധുവായി സ്വീകരിക്കുവാൻ
കഴിവുള്ളവരാർ?

ഉ. ജ്ഞാനസ്നാനം സ്വീകരിക്കുകയും ഈ ക്രമാശ സ്വീക

രിക്കുവാൻ ഉദ്ദേശമുണ്ടായിരിക്കുകയും ചെയ്യുന്ന എല്ലാവർക്കും ഈ ക്രമം സാധുവായി സ്വീകരിക്കാം.

സൂചന:— ഈ ക്രമം സ്വീകരിക്കുന്നതിന് പ്രായപൂർത്തി പ്രാപിച്ചിരിക്കണമെന്നില്ല. ശിശുക്കൾക്കും ഇതു കൈക്കൊള്ളാവുന്നതാണ്. ഇതു സ്വീകരിക്കുന്നതു ശിശുക്കളാണെങ്കിൽ സ്വീകരിക്കുന്നതിനുള്ള നിയോഗം അവർക്കാവശ്യമില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ചോ. ഈ ക്രമം യോഗ്യതയോടുകൂടി സ്വീകരിക്കുന്നതിന് കഴിവുള്ളവരാർ?

ഉ. സാധുവായി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾക്കും വ്യാമെ വരപ്രസാദവും ക്രമേ ഉള്ളവർക്ക് ഈ ക്രമം യോഗ്യതാപൂർവ്വം സ്വീകരിക്കാവുന്നതാണ്.

സൂചന:— ഏതാണ്ട് ഏഴുവയസ്സു പ്രായത്തോടുകൂടിയാണ് ഒരാളുടെ ബുദ്ധി വികസിച്ചു പ്രലോഭനങ്ങൾക്ക് അവൻ വിധേയനായിത്തീരുന്നതു്. ഇതിനാലത്രെ ഈ പ്രായത്തിൽ ഈ ക്രമം നൽകുന്നതു്. ഇങ്ങനെ ബുദ്ധിവന്നതിന്റെ ശേഷം ഈ ക്രമം കൈക്കൊള്ളുന്നവർക്ക് അതു സ്വീകരിക്കുന്നതിനു മുമ്പായി വിശ്വാസത്തിന്റെ പ്രധാനരഹസ്യങ്ങളുടെ അറിവും വരപ്രസാദാവസ്ഥയും ഭക്തിയോടും വണക്കത്തോടുംകൂടെ അതിനെ സ്വീകരിക്കുന്നതിനുള്ള നന്മനാസ്സും ഉണ്ടായിരിക്കേണ്ടതാണ്.

V ആവശ്യം

ചോ. സ്ഥൈര്യലേപനം നിത്യരക്ഷയ്ക്കു് ആവശ്യമാണോ?

ഉ. സ്ഥൈര്യലേപനം നിത്യരക്ഷയ്ക്കു് അത്യാവശ്യപ്പെട്ട ഒന്നല്ലെങ്കിലും അനാസ്ഥകൊണ്ടോ അവജ്ഞകൊണ്ടോ ഇതു സ്വീകരിക്കാതിരിക്കുന്നതു് ക്ഷന്തവ്യമായ പാപമാകുന്നു.

വി. ഈ ക്രമം നിത്യരക്ഷയ്ക്കു് അവശ്യം കൂടിയേതീരൂ എന്നില്ല, എന്നു പറഞ്ഞതിൽനിന്നു് ഇതു് നിഷ്പ്രയോജനകരമാണെന്നു ധരിക്കരുതു്. നേരെമറിച്ചു് അതു് വളരെ പ്രയോജനകരമായ ഒന്നാണു്. ഇഹത്തിൽ-നാം യുദ്ധത്തിലാണു് ഇരിക്കുന്നതു്. ലോകം, പിശാചു്, ശരീരം എന്നീ ശത്രുക്കൾ നമ്മെ വിശ്വാസത്തിൽനിന്നു് വ്യതിചലിപ്പിക്കുന്നതിനും അസ്സന്മാർഗ്ഗത്തിലേയ്ക്കു് ആകർഷിക്കുന്നതിനും സദാ യത്നിച്ചുകൊണ്ടിരിക്കുന്നു. ഈ ശത്രുക്കളോടു് വിജയകരമാംവണ്ണം യുദ്ധം ചെയ്യുകിൽ മാത്രമേ

നമുക്കു മോക്ഷകിരീടം ലഭിക്കയുള്ളൂ. ആകയാൽ മിശിഹായുടെ ഒരുത്തമയോദ്ധാവിനു് ആവശ്യമായ വിശ്വാസസ്ഥൈര്യവും പ്രലോഭനങ്ങളോടു് എതിർക്കുന്നതിനുള്ള ധീരതയും പ്രദാനം ചെയ്യുന്ന ഈ ക്രമാശ എത്രപ്രയോജനകരമാണെന്നു് സ്പഷ്ടമാണല്ലോ.

vi തലതൊട്ടപ്പനും അമ്മയും

ചോ. സ്ഥൈര്യലേപനത്തിൽ ഒരു തലതൊട്ടപ്പൻ അഥവാ അമ്മ ആവശ്യമുണ്ടോ?

ഉ. ഉണ്ടു്. ഇവർ ഈ ക്രമാശ സ്വീകരിക്കുന്നവർക്കു് മോക്ഷവഴി കാണിച്ചു് അവരെ ആത്മികയുദ്ധത്തിൽ സഹായിക്കേണ്ടവരാണു്.

വി. പുരുഷൻ ആൺകുട്ടിക്കുവേണ്ടിയും സ്ത്രീ പെൺകുട്ടിക്കുവേണ്ടിയും ഈ കൃത്യം നിർവ്വഹിക്കുന്നു. അവരുടെ ചുമതല മാമ്മോദീസായിലെ തലതൊട്ടപ്പന്റെയും അമ്മയുടെതും തന്നെ.

സൂചന:— സ്ഥൈര്യലേപനത്തിലെ തലതൊട്ടപ്പനു് അല്ലെങ്കിൽ അമ്മയ്ക്കു് അവരുടെ ആത്മീയ സന്താനങ്ങളോടു് ജ്ഞാനസ്നാനത്തിലേപ്പോലെയുള്ള ഒരു ആത്മികബന്ധം ഉണ്ടാകുന്നുണ്ടു്.

3 വിശുദ്ധ കുർബാന

വി. കുർബാനയിൽ മൂന്നു സംഗതികളാണു് നമ്മുടെ ശ്രദ്ധയ്ക്കു് വിഷയീഭവിക്കേണ്ടതു്. (എ) വി. കുർബാനയിലുള്ള മിശിഹായുടെ യഥാർത്ഥ സാന്നിദ്ധ്യം. (ബി) വി. കുർബാന എന്ന ബലി. (സി) വി. കുർബാന എന്ന ക്രമാശ.

എ) വി കുർബാനയിലുള്ള മ്ശിഹ യുടെ യഥാർത്ഥ സാന്നിദ്ധ്യം

"നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ. ഇതെന്റെ ശരീരമാകുന്നു. വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ, ഇതു് പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു." (മത്താ. അ. 26)

ചോ. യഥാർത്ഥ സാന്നിദ്ധ്യം എന്നതു് എന്തു്?

ഉ. "യഥാർത്ഥസാന്നിദ്ധ്യം" എന്നതു്, ക്രമാശ ചെയ്യപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സദൃശ്യങ്ങളുടെ കീഴിൽ ന. കർത്താവീശോമിശിഹാ തന്റെ മാംസരക്തങ്ങളോടും ആത്മാവോടും ദൈവസ്വഭാവത്തോടുംകൂടെ സന്നിഹിതനായിരിക്കുന്നു എന്നതാണു്.

ചോ. വി. കുർബാനയിൽ ന. കർത്താവീശോമിശിഹാ യഥാർത്ഥമായി സന്നിധി ചെയ്യുന്നുവോ?

ഉ. ഉവ്വ്. എന്തുകൊണ്ടെന്നാൽ അവിടന്നു് അരുളി ചെയ്തു. "എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. ആകയാൽ എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയുംചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." (യോഹ. 6. 56, 57)

സൂചന:— മിശിഹാ ഇന്നു് ആത്മശരീരങ്ങളോടുകൂടെ ഉയിർത്തു് നിത്യപിതാവിന്റെ വലത്തുഭാഗത്തു പ്രതാപത്തോടുകൂടി എഴുന്നള്ളിയിരിക്കുന്നു.

ആകയാൽ തന്റെ മാംസരക്തങ്ങൾ ഉള്ളിടത്തു് തന്റെ ആത്മാവും ദൈവസ്വഭാവവും ഉണ്ടായേതീരു. ഇതിൽനിന്നു് വി. കുർബാനയിൽ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ മിശിഹാ യഥാർത്ഥമായി സന്നിധി ചെയ്യുന്നു എന്നതു നാം ഗ്രഹിക്കേണ്ടതു്.

ചോ. വി. കുർബാനയിൽ മിശിഹായുടെ യഥാർത്ഥസാന്നിദ്ധ്യം എപ്പോഴാണു് ആരംഭിക്കുന്നതു്?

ഉ. വി. കുർബാനയിൽ മിശിഹായുടെ യഥാർത്ഥസാന്നിദ്ധ്യം ആരംഭിക്കുന്നതു് ക്രമാശമൊഴികൾ ഉച്ചരിച്ചുകഴിയുമ്പോൾ തുടങ്ങിയാണു്.

ചോ. വി. കുർബാനയിൽ മിശിഹാ എത്രസമയംവരെ സന്നിധി ചെയ്യുന്നു?

ഉ. ക്രമാശ ചെയ്യപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യഗുണങ്ങൾ നിലനിൽക്കുന്നിടത്തോളം സമയം മിശിഹാ വി. കുർബാനയിൽ സന്നിധി ചെയ്യുന്നു.

ചോ. മിശിഹാ വി. കുർബാനയിൽ എങ്ങനെയാണു് സന്നിഹിതനാകുന്നതു്?

ഉ. മിശിഹാ വി. കുർബാനയിൽ സന്നിഹിതനാകുന്നതു് വസ്തുമാറ്റം (transubstantiation) വഴിയായിട്ടാണു്.

ചോ. വസ്തുമാറ്റം എന്നതു് എന്താകുന്നു?

ഉ. വസ്തുമാറ്റം എന്നതു് അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യഗുണങ്ങൾ സംരക്ഷിച്ചുകൊണ്ടു് അവയുടെ കാതൽ മിശിഹായുടെ മാംസരക്തങ്ങളായി മാറുന്നതാണു്.

ചോ. വസ്തുമാറ്റം എങ്ങനെയാണു നടക്കുന്നതു്?

ഉ. വസ്തുമാറ്റം നടക്കുന്നതു് ഈശോമിശിഹാ ക്രമാശ വചനങ്ങൾക്കു കൊടുത്തിട്ടുള്ള ശക്തിയാലത്രെ.

ചോ. വസ്തുമാറ്റം വഴിയായി അപ്പത്തിനും വീഞ്ഞിനും എന്തു സംഭവിക്കുന്നു?

ഉ. വസ്തുമാറ്റം വഴിയായി അപ്പത്തിന്റെയും വീഞ്ഞിന്റെയും കാതൽ മിശിഹായുടെ മാംസരക്തങ്ങളായി മാറുകയും അവയുടെ സാദൃശ്യങ്ങൾ അഥവാ ബാഹ്യഗുണങ്ങൾ മാറ്റം കൂടാതെ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.

ചോ. അപ്പത്തിന്റെയും വീഞ്ഞിന്റെയും കാതൽ അഥവാ സാരാംശം എന്താകുന്നു?

ഉ. എന്തൊന്നു് അപ്പത്തെ അപ്പവും വീഞ്ഞിനെ വീഞ്ഞും ആക്കിച്ചെയ്യുന്നുവോ അതാണു് അവയുടെ കാതൽ അഥവാ സാരാംശം.

വി. ഈ സാരാംശം ദൃശ്യമല്ല. അതു് ഒരു വസ്തുവിന്റെ ആകൃതി, നിറം, രുചി മുതലായ ബാഹ്യഗുണങ്ങൾക്കു് അടിയിൽ മറഞ്ഞുകിടക്കുന്നു. അപ്പം പുവന്നതോ, വെളുത്തതോ കറുത്തതോ ആകാം. അതിന്റെ ആകൃതി വൃത്തമോ ചതുരമോ ആകുന്നതുകൊണ്ടും വിരോധമില്ല. അതിന്റെ രുചിയും വ്യത്യാസപ്പെട്ടിരിക്കാം. അതുകൊണ്ടു അപ്പത്തെ അപ്പമാക്കുന്നതു് അഥവാ അപ്പത്തിന്റെ കാതൽ താല്ക്കാലികബാഹ്യഗുണങ്ങളൊന്നുമല്ല എന്നു സ്പഷ്ടമാണല്ലൊ.

ചോ. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങൾ എന്നാൽ എന്തു?

ഉ. ആകൃതി, നിറം, രുചി മുതലായ അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യഗുണങ്ങൾ തന്നെ അവയുടെ സാദൃശ്യങ്ങൾ.

ചോ. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യ

ങ്ങൾ അവയുടെ സാരാംശം ക്ലാടാതെ എങ്ങനെ സ്ഥിതിചെയ്യുന്നു?

ഉ. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങൾ സ്വീകരിച്ചതായ ദൈവത്തിന്റെ ശക്തിയാൽ അവയുടെ സാരാംശം ക്ലാടാതെ അത്ഭുതകരമായവിധത്തിൽ സ്ഥിതിചെയ്യുന്നു.

ചോ. അപ്പത്തിന്റെ സാദൃശ്യത്തിൻകീഴ് മിശിഹായുടെ ശരീരം മാത്രവും വീഞ്ഞിന്റെ സാദൃശ്യത്തിൻകീഴ് തന്റെ രക്തം മാത്രവുമാണോ സ്ഥിതിചെയ്യുന്നത്?

ഉ. അല്ല. ഓരോ സാദൃശ്യത്തിൻകീഴിലും ഈശോമിശിഹാ തന്റെ മാംസരക്തങ്ങളോടും ആത്മാവോടും ദൈവസ്വഭാവത്തോടുംകൂടെ മുഴുവനായിട്ടും കുറവുക്ലാടാതെയും സ്ഥിതിചെയ്യുന്നു.

വി. ക്ലാശചെയ്യപ്പെട്ട ഓസ്തിയെയോ വീഞ്ഞിനെയോ ചെറുതായി വിഭജിച്ചാലും അപ്പമെന്നോ വീഞ്ഞെന്നോ പറയത്തക്ക അവയുടെ ഓരോ വിഭാഗത്തിലും മിശിഹാ പൂർണ്ണമായി സന്നിഹിതനായിരിക്കും. ഇതെങ്ങനെയെന്നാൽചെറുതായി മുറിക്കപ്പെട്ടകണ്ണാടിയുടെ ഓരോ കഷണത്തിലും സൂര്യൻ പ്രതിബിംബിക്കുന്നതുപോലെതന്നെ.

ബ) വി. കുർബാന എന്ന ബലി

"ഇത് നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു. ഇത് നിങ്ങൾക്കായി ചിന്തപ്പെടുവാനിരിക്കുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയ ഉടമ്പടിയുടെ കാസായാകുന്നു." (ലൂക്കാ 22–19–20.)

i സ്വഭാവം

ചോ. ബലി എന്നാൽ എന്ത്?

ഉ. ബലി എന്നത് സകലത്തിന്റെയും സ്രഷ്ടാവും നാഥനുമായ ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുന്നതിനായി ഒരു ദൃശ്യമായ വസ്തുവിൽ എന്തെങ്കിലും പ്രവർത്തിച്ചുകൊണ്ട് ദൈവത്തിനു ചെയ്യുന്ന ഒരു അർപ്പണമാണ്.

വി. ഒരു വസ്തു ദാനമായിട്ടോ ക്രയിയായിട്ടോ സ്നേഹസൂചകമായിട്ടോ അർപ്പിക്കപ്പെടാം. ഇതൊന്നും ബലിയാകയില്ല. ദൈവത്തിന്റെ പരമാധികാരത്തെ ഏറ്റുപറയുന്നതിനായി ദൈവത്തിനു ചെയ്യുന്ന അർപ്പണമത്രെ ബലി.

ചോ. പുതിയനിയമത്തിലെ ബലി ഏതാകുന്നു?

ഉ. പുതിയനിയമത്തിലെ ബലി വി. കുർബാനയാകുന്നു.

വി. ബലി സാർവ്വത്രികമാണ്. ഏതു രാജ്യത്തും ഏതു മതസ്ഥരുടെ ഇടയിലും ബലി അർപ്പിക്കുന്ന പതിവുണ്ട്. പഴയനിയമത്തിലും ബലികളെക്കുറിച്ചു പലതും രേഖപ്പെടുത്തിയിരിക്കുന്നതു കാണാം. ആബേൽ, നോഹ്, അബ്രാഹം, ഇസഹാക്ക് എന്നീ പൂർവ്വപിതാക്കന്മാർ ബലി അർപ്പിച്ചിരുന്നു. എന്നാൽ പഴയനിയമത്തിലെ ബലികളെയെല്ലാം നിറുത്തൽ ചെയ്തു പുതിയനിയമത്തിലെ ഏക ബലിയായി സ്ഥാപിച്ചതാണ് വി. കുർബാന.

ചോ. വി. കുർബാന സാക്ഷാൽ ബലിയാകുന്നവേം?

ഉ. അതെ. മിശിഹാ തന്റെ മാംസരക്തങ്ങളെ അതായതു തന്നെത്തന്നെ വി. കുർബാനയിൽ ബലിയായി അർപ്പിച്ചു. "ഇതു നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു. ഇതു നിങ്ങൾക്കായി ചിന്തപ്പെടുവാനിരിക്കുന്ന എന്റെ രക്തം കൊണ്ടുള്ള പുതിയ ഉടമ്പടിയുടെ കാസായാകുന്നു."

വി. ഇവിടെ 'നൽകപ്പെടുന്നു,' 'ചിന്തപ്പെടുന്ന്' എന്നി വാക്കുകൾ ബലിയെ അതേ സൂചിപ്പിക്കുന്നതു്. ഇതിനെ, തുടർന്നു നടത്തുന്നതിനു് അധികാരപ്പെടുത്തിയും ആജ്ഞാപിച്ചുംകൊണ്ടു് "എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ" എന്നു് മിശിഹാ അരുളിച്ചെയ്തു. തിരുനാഥന്റെ ഈ കല്പനയെ സഭ നിറവേറ്റുന്നതു് വി. കുർബാന അർപ്പിച്ചുകൊണ്ടേതേ. തന്റെ കല്പനയെ അനാചരിക്കുന്ന വേറൊരു ബലിയും നമുക്കില്ല. അതുകൊണ്ടു് വി. കുർബാന ഒരു ബലിയാണെന്നു സിദ്ധിക്കുന്നു.

ii സ്ഥാപനം

ചോ. വി. കുർബാന എന്ന ബലി മിശിഹാ എപ്പോഴാണ് സ്ഥാപിച്ചതു്?

ഉ. പെസഹാ വ്യാഴാഴ്ച രാത്രി തിരുവത്താഴത്തിൽവച്ചു് തന്റെ തിരുശ്ശരീരത്തെയും രക്തത്തെയും നമുക്കായി അർപ്പിക്കുകയും അതിനെത്തുടർന്നു ചെയ്യുന്നതിനായി സ്വശിഷ്യർക്കു് അധികാരവും കല്പനയും കൊടുക്കുകയും ചെയ്തപ്പോഴാണ് മിശിഹാ വി. കുർബാന സ്ഥാപിച്ചതു്.

സൂചന. നമ്മുടെ നിത്യരക്ഷയ്ക്കാവശ്യമുള്ള വരപ്രസാദങ്ങൾ വാങ്ങിച്ചു തരുന്നതിനായി മിശിഹാ വി. കുരിശിൽവച്ച് തന്നത്താൻ നിത്യപിതാവിനു ബലിയായി അർപ്പിച്ചു. വി. കുർബാന എന്നതു് തിരുവത്താഴത്തിൽവച്ച് ന. ദിവ്യഗുരു അർപ്പിച്ച ബലിയുടെ ആവർത്തനവും കുരിശിലെ ബലി വഴി നമുക്കായി സമ്പാദിച്ച വരപ്രസാദത്തെ നമുക്കു പ്രദാനം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗവും ആകുന്നു.

iii വി. കുർബാനയിലെ കാർമ്മികനും ബലിവസ്തുവും

ചോ. വി. കുർബാനയിലെ കാർമ്മികൻ ആരാണ്?

ഉ. വി. കുർബാനയിലെ പ്രധാന കാർമ്മികൻ അവതീർണ്ണനായ ദൈവകുമാരൻ തന്നെ. മിശിഹായുടെ പ്രതിനിധിയത്രെ പുരോഹിതൻ.

വി. മിശിഹാ തിരുസ്സഭയുടെ ശിരസ്സാണ്. തിരുസ്സഭാ ശരീരത്തിന്റെ ശിരസ്സെന്ന നിലയിലാണ് താൻ ബലി അർപ്പിക്കുന്നതു്. ആകയാൽ തിരുസ്സഭാ ശരീരത്തിന്റെ അവയവങ്ങളായ വിശ്വാസികളും ശിരസ്സിനോടൊന്നിച്ച് സഹ അർപ്പകന്മാരായിത്തീരുന്നു.

ചോ. വി. കുർബാനയിലെ ബലിവസ്തു എന്താകുന്നു?

ഉ വി. കുർബാനയിലെ ബലിവസ്തു ദിവ്യചെമ്മരിയാട്ടിൻകുട്ടിയുടെ മാംസരക്തങ്ങളാകുന്നു. അഥവാ മിശിഹാതന്നെയാകുന്നു.

വി. മിശിഹാ സഭാശരീരത്തിന്റെ ശിരസ്സും നാം അതിന്റെ അവയവങ്ങളുമാണല്ലൊ. ആകയാൽ ശിരസ്സായ മിശിഹായോടുകൂടെ അവയവങ്ങളായ നാമും ബലിയിടപ്പെടുന്നു. ഇതിൽനിന്നു് നാം മനസ്സിലാക്കേണ്ടതു് മിശിഹായോടുകൂടി നാം വി. കുർബാനയിൽ നമ്മെത്തന്നെ ബലിയിടുന്നു എന്നും തന്നോടുകൂടെ സഹ അർപ്പകന്മാരായി ഈ വിശുദ്ധ ബലിയിൽ നാം പങ്കുകൊള്ളുന്നു എന്നും അത്രെ.

iv അൾത്താരയിലെയും, ഗാഗുൽത്തായിലെയും തിരുവത്താഴത്തിലെയും ബലികൾ

ചോ. അൾത്താരയിലെ ബലി അഥവാ വി. കുർബാനയും ഗാഗുൽത്തായിലെ ബലിയും തമ്മിലുള്ള സാമ്യം എന്തു്?

ഉ. വി. കുർബാനയിലും ഗാഗുൽത്തായിലെ ബലിയിലും പ്രധാന അർപ്പകനും ബലിവസ്തുവും മിശിഹാ തന്നെയാണ്.

ചോ. വി. കുർബാനയും ഗാഗുൽത്തായിലെ ബലിയും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

ഉ. 1) ഗാഗുൽത്തായിൽ മിശിഹാ തന്നത്താൻ ബലിയർപ്പിച്ചു. വി. കുർബാനയിലാകട്ടെ തന്റെ പുരോഹിതന്റെ കരങ്ങൾ വഴിയായി ബലിയർപ്പിക്കുന്നു.

2) ഗാഗുൽത്തായിൽ രക്തം ചിന്തിക്കൊണ്ട് ബലിയർപ്പിച്ചു. വി. കുർബാനയിലോ എന്നാൽ രക്തം ചിന്താതെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴിൽ ബലിയർപ്പിക്കുന്നു.

3) ഗാഗുൽത്തായിൽവച്ചു മിശിഹാ നമുക്കുവേണ്ടി യോഗ്യതകൾ സമ്പാദിച്ചു. വി. കുർബാനയിൽ പ്രസ്തുത യോഗ്യതകളെ നമുക്കു വിതരണം ചെയ്യുന്നു.

4) ഗാഗുൽത്തായിൽ പീഡനങ്ങൾക്കും മരണത്തിനും വിധേയനായ മിശിഹായാണ് അർപ്പകനും അർപ്പിതവസ്തുവും ആയിരുന്നത്. അൾത്താരയിലാവട്ടെ മഹത്വീകരിക്കപ്പെട്ട മിശിഹായത്രെ അർപ്പകനും അർപ്പിതവസ്തുവും.

ചോ. അൾത്താരയിലെയും തിരുവത്താഴത്തിലെയും ബലികൾ തമ്മിലുള്ള സാമ്യം എന്ത്?

ഉ. 1) രണ്ടു ബലികളും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ അർപ്പിക്കപ്പെടുന്നു.

2) രണ്ടിലെയും പ്രധാന കാർമ്മികനും അർപ്പിതവസ്തുവും മിശിഹാതന്നെ.

ചോ. അൾത്താരയിലെയും തിരുവത്താഴത്തിലെയും ബലികൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

ഉ 1) അൾത്താരയിൽ മഹത്വീകരിക്കപ്പെട്ട മിശിഹായത്രെ അർപ്പകനും അർപ്പിതവസ്തുവും. തിരുവത്താഴത്തിലോ എന്നാൽ മഹത്വീകരിക്കപ്പെടാത്ത മിശിഹായത്രെ അർപ്പകനും അർപ്പിതവസ്തുവും ആയിരുന്നത്.

2) അൾത്താരയിൽ മിശിഹാ പുരോഹിതന്റെ കരങ്ങൾ വഴിയായി ബലിയർപ്പിക്കുന്നു. തിരുവത്താഴത്തിൽ തന്നത്താൻ അത്രെ ബലി അർപ്പിച്ചത്.

3) അൾത്താരയിലെ ബലി കഴിഞ്ഞുപോയ കുരിശിലെ ബലിയെ സൂചിപ്പിക്കുന്നു. തിരുവത്താഴത്തിലെ ബലി വരുവാനിരുന്ന കുരിശിലെ ബലിയെ സൂചിപ്പിച്ചിരുന്നു.

V ഉദ്ദേശങ്ങൾ

ചോ. വി. കുർബാന ഏതെല്ലാം ഉദ്ദേശങ്ങൾക്കായിട്ടാണ് അർപ്പിക്കപ്പെടുന്നത്?

ഉ. വി. കുർബാന നാലു പ്രധാന ഉദ്ദേശങ്ങൾക്കായിട്ടാണ് അർപ്പിക്കപ്പെടുന്നത്. 1) ദൈവത്തെ യഥായോഗ്യം ആരാധിക്കുന്നതിനായിട്ട്. 2) താൻ ചെയ്ത ഉപകാരങ്ങൾക്ക് തന്നോട് നന്ദി പറയുന്നതിനായിട്ട്. 3) തന്റെ കോപത്തെ ശമിപ്പിച്ച് നമ്മുടെ പാപങ്ങൾക്ക് തക്ക പരിഹാരം ചെയ്യുന്നതിനും ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകളെ സഹായിക്കുന്നതിനും 4) നമുക്കാവശ്യമുള്ള വരപ്രസാദം ലഭിക്കുന്നതിന്.

സൂചന. ഈ നാലു ഉദ്ദേശങ്ങളെ മുൻനിറുത്തി വി. കുർബാനയ്ക്ക് ആരാധനബലി, സ്തോത്രബലി, സമാധാനബലി, സാധുബലി എന്നിങ്ങനെ വിവിധപേരുകൾ നൽകാറുണ്ട്.

ചോ. ദിവ്യപൂജ സമർപ്പിക്കുന്നത് ആർക്കാണ്?

ഉ. ദൈവത്തിനാണ് നാം ദിവ്യപൂജ സമർപ്പിക്കുന്നത്.

വി. ദിവ്യബലി ദൈവസ്തുതിക്കായി മാത്രമേ അർപ്പിക്കുവാൻ പാടുള്ളൂ. എന്നാൽ വിശുദ്ധന്മാരുടെ സ്തുതിക്കായി നാം ബലിയർപ്പിക്കുന്നു എന്നു പറയാറുണ്ട്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു്, ദൈവം അവർക്കു നൽകിയ നന്മകൾക്കായി ദൈവത്തിനു നന്ദി പറയുന്നതിനും പ്രസ്തുത വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥത്താൽ നമുക്കാവശ്യമുള്ള വരപ്രസാദങ്ങളെ ദൈവത്തിൻപക്കൽനിന്നു ലഭിക്കുന്നതിനുംവേണ്ടി ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു മാത്രമാണ്.

ചോ. ദിവ്യപൂജയുടെ ഫലങ്ങളിൽ ഓഹരി പറ്റുന്നതു് ആരെല്ലാമാണ്?

ഉ. തിരുസ്സഭ മുഴുവനും ദിവ്യപൂജയുടെ ഫലങ്ങളിൽ ഓഹരി പറ്റുന്നുണ്ട്. എന്നാൽ പ്രത്യേകമായി 1) പട്ടക്കാരനും പട്ടക്കാരനോടൊന്നിച്ച് ദിവ്യപൂജയിൽ സഹകരിക്കുന്നവരും. 2) ആർക്കുവേണ്ടി ദിവ്യപൂജ അർപ്പിക്കപ്പെടുന്നുവോ (അവർ ജീവിക്കുന്നവരാകട്ടെ മരിച്ചവരാകട്ടെ) അവരും ആകുന്നു.

vi സഹകരണം

ചോ. വി. കുർബാനയിൽ നാം എങ്ങനെയാണ് സംബന്ധിക്കേണ്ടത്?

ഉ. 1) വി. കുർബാനയുടെ പ്രധാനാചാര്യനായ മിശിഹായോട് യോജിച്ചും 2) ശുശ്രൂഷിയായ പട്ടക്കാരനോട് അപേക്ഷകളിലും പ്രവൃത്തികളിലും സഹകരിച്ചും 3) മിശിഹായുടെ കഷ്ടാനുഭവങ്ങളെക്കുറിച്ചു ധ്യാനിച്ചും 4) കുർബാനയുടെ നാലു ഉദ്ദേശങ്ങൾക്കായി കുർബാന കാഴ്ചവച്ചുംകൊണ്ടാണ് വി. കുർബാനയിൽ നാം സംബന്ധിക്കേണ്ടത്.

സി) കുർബാന എന്ന ക്രിയ

"നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. ഇതു് എന്റെ ശരീരമാകുന്നു. നിങ്ങൾ എല്ലാവരും ഇതിൽ നിന്നും പാനം ചെയ്യുവിൻ. ഇതു് പാപങ്ങളുടെ മോചനത്തിനായി പലർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു." (മത്താ. 26. 26-27).

i സ്വഭാവം

ചോ. വി. കുർബാന എന്ന ക്രിയ എന്താകുന്നു?

ഉ. വി. കുർബാന എന്നതു് നമ്മുടെ ആത്മാവിന്റെ യാചനയായിട്ടു അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരവും, തിരുരക്തവും, ദൈവസ്വഭാവവും, മനുഷ്യസ്വഭാവവും അടക്കിക്കൊള്ളുന്ന ഒരു ക്രിയയാകുന്നു.

ചോ. കുർബാന എന്ന ക്രിയയുടെ കർമ്മസാധനം എന്താകുന്നു?

ഉ. കുർബാന എന്ന ക്രിയയുടെ കർമ്മസാധനം ഈശോമിശിഹാതന്നെ ഉപയോഗിച്ച വസ്തു, അതായതു് കോതമ്പപ്പവും മുന്തിരിങ്ങാവീഞ്ഞും ആകുന്നു.

സൂചന. വീഞ്ഞിനോടുകൂടി അല്പം വെള്ളവും ചേർക്കുന്നു. ഇതു് വി. കുർബാനയുടെ സാധുതയ്ക്കു് ആവശ്യമില്ല. ഈ കലത്തിൽ മിശിഹായുടെ മനുഷ്യത്വവും ദൈവത്വവും തമ്മിലും, മിശിഹായും നാമും തമ്മിലും ഉള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിനാണ്.

ചോ. കുർബാന എന്ന ക്രിയാശയുടെ രൂപം എന്താകുന്നു?

ഉ. മിശിഹാ ഉപയോഗിച്ച വാക്കുകൾ തന്നെയാണ് ഈ ക്രിയാശയുടെ രൂപം, അതായത്: "എന്തെന്നാൽ ഇതെന്റെ ശരീരമാകുന്നു"– "വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ; എന്തെന്നാൽ ഇതു പാപങ്ങളുടെ മോചനത്തിനായി നിങ്ങൾക്കുവേണ്ടിയും പലർക്കുവേണ്ടിയും ചിന്തപ്പെട്ടുന്ന വിശ്വസത്തിന്റെ രഹസ്യമായ നവീനവും ശാശ്വതവുമായുള്ള പുതിയ നിയമത്തിലെ എന്റെ രക്തത്തിന്റെ കാസായാകുന്നു."

സൂചന. പ്രസ്തുത ക്രിയാശമൊഴികൾ പട്ടക്കാരൻ മിശിഹായുടെ സ്ഥാനപതി എന്ന നിലയിൽ ചൊല്ലുമ്പോൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും കാതൽ മിശിഹായുടെ മാംസരക്തങ്ങളായി രൂപാന്തരപ്പെടുന്നു എന്ന അത്ഭുതം മിശിഹാ ആവർത്തിക്കയാണു ചെയ്യുന്നത്.

ii സ്ഥാപനം

ചോ. മിശിഹാ എപ്പോഴാണ് വി. കുർബ്ബാന സ്ഥാപിച്ചത്?

ഉ. മിശിഹാ കഷ്ടാനുഭവങ്ങൾ സഹിച്ചു മരിച്ചതിന്റെ തലേരാത്രി തന്റെ ശിഷ്യരോടുകൂടി മേശക്കിരിക്കയിലാണ് വി. കുർബാന സ്ഥാപിച്ചത്.

വി. മിശിഹാ തന്റെ മാംസരക്തങ്ങളെ നമുക്ക് അന്നപാനമായി നൽകുന്നതാണെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. തിരു അത്താഴത്തിന്റെ അവസരത്തിൽ പ്രസ്തുത വാഗ്ദാനം താൻ പൂർത്തിയാക്കി. "നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ: ഇതു എന്റെ ശരീരമാകുന്നു... നിങ്ങളെല്ലാവരും ഇതിൽനിന്നു പാനംചെയ്യിൻ: ഇതു പാപങ്ങളുടെ മോചനത്തിനായി പലർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു." എന്നു കല്പിച്ചശേഷം "ഇതു എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യിൻ" എന്നു ആജ്ഞാപിക്കുകയും ചെയ്തു. ഇങ്ങനെയാണ് മിശിഹാ വിശുദ്ധ കുർബാന സ്ഥാപിച്ചത്.

iii ഫലങ്ങൾ

ചോ. മിശിഹാ ഈ ക്രമാശയെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴിൽ സ്ഥാപിച്ചത് എന്തുകൊണ്ട്?

ഉ. വി. കുർബാന നമ്മുടെ ആത്മാവിന്റെ ഭോജനമായതുകൊണ്ടത്രെ അതിനെ ശാരീരികഭോജനത്തെ അനുകരിച്ച് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴിൽ സ്ഥാപിച്ചത്.

വി. വി. കുർബാനയെ ഭക്ഷ്യപദാർത്ഥങ്ങളുടെ സാദൃശ്യങ്ങളുടെ കീഴിൽ സ്ഥാപിച്ചതിൽനിന്ന് ഈ ദിവ്യഭോജനത്തെ നാം അടുക്കലടുക്കൽ സ്വീകരിച്ച ആദ്ധ്യാത്മികശക്തി പ്രാപിക്കണമെന്നാണ് മിശിഹായുടെ അഭീഷ്ടമെന്നു നമുക്കു മനസ്സിലാക്കാം.

ചോ. യോഗ്യതയോടുകൂടി വി. കുർബാന കൈക്കൊള്ളുന്നവരിൽ ഉളവാകുന്ന ഫലങ്ങൾ ഏവ?

ഉ. 1) മിശിഹായോടുള്ള യോജിപ്പ്. "എന്റെ മാംസം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ. അ. 6.)

2) ആത്മാവിന്റെ ആദ്ധ്യാത്മികഭോജനമായ ഈ ക്രമാശ വരപ്രസാദദാതാവായ മിശിഹായെ നമുക്കു തരുന്നു. തൻമൂലം ആദ്ധ്യാത്മികജീവൻ നമ്മിൽ പാലിക്കപ്പെടുകയും നമ്മുടെ ആത്മാവ് ആദ്ധ്യാത്മിക വളർച്ചയും, ശക്തിയും, ഉന്മേഷവും പ്രാപിച്ച് ദൈവസ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ്. "ഞാൻ ജീവന്റെ അപ്പമാകുന്നു"

3) ഈ ക്രമാശ ലഘുവായ പാപങ്ങൾക്ക് മോചനം നൽകും, ഗുരുതരമായവയിൽനിന്നു നമ്മെ സംരക്ഷിക്കും, ദുരാശകളുടെ ശക്തി കുറയ്ക്കും, ജഡമോഹാഗ്നിയെ കെടുത്തുന്നു.

4) സ്വർഗ്ഗീയമഹത്വത്തിന്റെയും പുനരുത്ഥാനത്തിന്റെയും അച്ചാരമാണ് ഈ ക്രമാശ. "എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസത്തിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും." (യോഹ. അ. 6.)

iv കാമ്മികൻ

ചോ. വി.കുമ്പാന എന്ന ക്രുദാശയുടെ കാമ്മികനാരാണ്?

ഉ. വി. കുർബാന എന്ന ക്രുദാശയുടെ കാമ്മികൻ പുരോഹിതനാണ്.

v സ്വീകരിക്കുന്നവർ

ചോ. വി. കുർബനേ സാധുവായി സ്വീകരിക്കുവാൻ ആവശ്യമുള്ളവ ഏവ?

ഉ. വി. കുർബാന സാധുവായി സ്വീകരിക്കുന്നതിനു 1) മാമ്മോദിസായും 2) ഈ ക്രുദാശ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശവും ഉണ്ടായിരിക്കണം.

ചോ. വി. കുർബാന യോഗ്യതയോടുകൂടി സ്വീകരിക്കുന്നതിനു വേണ്ട സംഗതികൾ ഏവ?

ഉ. വി. കുർബാന യോഗ്യതയോടുകൂടി സ്വീകരിക്കുന്നതിനു 1) വരപ്രസാദവും 2) പാതിരാ മുതൽ വി. കുർബാന കൈക്കൊണ്ടു കഴിയുന്നതുവരെയുള്ള ഉപവാസവും 3) സത്യ ദൈവവും സത്യമനുഷ്യനുമായ മിശിഹായെയത്രെ സ്വീകരിക്കുന്നതു എന്നോത്തു ആ ദിവ്യ അതിഥിയെ കൈക്കൊള്ളുന്നതിനു തക്ക ഒരുക്കവും ഉണ്ടായിരിക്കണം.

ചോ. അരുപിക്കുത്ത ദിവ്യകാരുണ്യസ്വീകരണം എന്നാൽ എന്ത്?

ഉ. ക്രുദാശയ്ക്കുത്ത വിധത്തിൽ വി. കുർബാന സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്ത അവസരങ്ങളിൽ വി. കുർബാന സ്വീകരിക്കുന്നതിനുള്ള ആഗ്രഹമത്രെ അരുപിക്കുത്ത ദിവ്യകാരുണ്യസ്വീകരണം.

"എന്റെ ഈശോയെ! അങ്ങേ ഞാൻ സ്നേഹിക്കുന്നു. നിന്നെ എന്റെ ഹൃദയത്തിൽ സ്വീകരിപ്പാൻ ഞാനാഗ്രഹിക്കുന്നു. അങ്ങു എഴുന്നള്ളിവരണമെ! അങ്ങേ ഞാൻ പിടിച്ചുതഴുകുന്നു. ഇനി എന്നിൽനിന്നു നീ അകന്നുപോകല്ലെ." ഈ വിധം ആശപ്രകരണം ചെയ്തു അരുപിക്കുത്തവിധം ദിവ്യകാരുണ്യം സ്വീകരിക്കാം.

v ആവശ്യം

ചോ. വി. കുർബാന കൈക്കൊള്ളണമെന്നു ന. ക. ഈശോമിശിഹാതന്നെ കല്പിച്ചിട്ടുണ്ടോ?

ഉ. ഉണ്ട്. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് നിത്യജീവനുണ്ടായിരിക്കുകയില്ല."

വി. "നിത്യജീവനുണ്ടായിരിക്കുകയില്ല" എന്ന ഭയങ്കര ശിക്ഷയിൻകീഴന്ന ഈ ദിവ്യക്രമാശ സ്വീകരിക്കുവാൻ മിശിഹാ നമ്മോട് കല്പിച്ചിട്ടുള്ളത്.

ചോ. ദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ചു തിരുസ്സഭയുടെ കല്പന എന്താകുന്നു?

ഉ. പെസഹാക്കാലത്തു് വരത്രസാദത്തോടുകൂടെ വി. കുർബാന കൈക്കൊള്ളണമെന്നാണ് തിരുസ്സഭയുടെ കല്പന.

വി. ആണ്ടിലൊരിക്കൽ ദിവ്യകാരുണ്യം മുൽകൊള്ളുവാനെ തിരുസ്സഭ കല്പിക്കുന്നുള്ളു. എന്നാൽ ഈ രക്ഷാകര ഉറവയെ അടുക്കലടുക്കൽ സമീപിച്ചു് ജീവജലം യഥേഷ്ടം പാനംചെയ്തു് നിത്യജീവൻ പ്രാപിക്കണം, അതു എറ്റവും സമൃദ്ധിയായും പ്രാപിക്കണം എന്നതത്രെ തിരുസ്സഭാംബികയുടെ അഭിലാഷം.

4 പാപസങ്കീർത്തനം

"നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആർക്കെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവനു് മോചിക്കപ്പെടും; എന്നാൽ ആരുടെയെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടതായിരിക്കും." (യോഹ. 20 22, 23)

i സ്വഭാവം

ചോ. പാപസങ്കീർത്തനം അഥവാ കുമ്പസാരം എന്ന ക്രമാശ എന്താകുന്നു?

ഉ. ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ചെയ്യുവാപങ്ങൾക്കു് മോചനം പ്രാപിക്കുന്നതിനായി മിശിഹാ സ്ഥാപിച്ചിട്ടുള്ള ഒരു ക്രമാശയാകുന്നു പാപസങ്കീർത്തനം.

ചോ. ഈ ക്രമാശയുടെ കർമ്മസാധനം എന്താകുന്നു?

ഉ. ഈ ക്രമാശയുടെ അകന്ന കർമ്മസാധനം (വിഷയം) ജ്ഞാനസ്നാനത്തിനുശേഷം ചെയ്യ പാപങ്ങളും അടുത്ത കർമ്മസാധനം പാപങ്ങളെക്കുറിച്ചുള്ള മനസ്താപവും പ്രതിജ്ഞയും പാപോച്ചാരണവും പ്രായശ്ചിത്തവുമത്രെ.

ചോ. ഇതിന്റെ രൂപമെന്താകുന്നു?

ഉ. പാപങ്ങളെ മോചിച്ചുകൊണ്ട് പട്ടക്കാരൻ ഉച്ചരിക്കുന്ന "നിന്റെ പാപങ്ങളിൽനിന്നു നിന്നെ ഞാൻ മോചിക്കുന്നു" എന്ന വാക്കുകളാകുന്നു ഈ ക്രമാശയുടെ രൂപം.

ii സ്ഥാപനം

ചോ. മിശിഹാ എപ്പോഴാണ് കുമ്പസാരമെന്ന ക്രമാശ സ്ഥാപിച്ചത്?

ഉ. മിശിഹാ ഈ ക്രമാശ സ്ഥാപിച്ചത് തന്റെ ഉയർപ്പിനുശേഷം താൻ ഭക്ഷണശാലയിൽ പ്രത്യക്ഷനായി "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആർക്കെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവനു മോചിക്കപ്പെട്ടും. എന്നാൽ ആരുടെയെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടതായിരിക്കും" എന്നു അരുളിച്ചെയ്തുകൊണ്ട് പാപം മോചിക്കുന്നതിനുള്ള അധികാരം തന്റെ അപ്പസ്തോലന്മാർക്ക് നൽകിയപ്പോഴാണ്.

iii പാപസങ്കീർത്തനത്തിന്റെ ഘടകങ്ങൾ

1) പാപം

ചോ. പാപസങ്കീർത്തനത്തിന്റെ വിഷയം എന്താകുന്നു?

ഉ. പാപങ്ങളാകുന്നു ഈ ക്രമാശയുടെ വിഷയം.

ചോ. പാപസങ്കീർത്തനത്തിന്റെ വിഷയം എത്രതരമുണ്ട്?

ഉ. രണ്ടുതരമുണ്ട്. a) ആവശ്യപ്പെട്തു് b) മതിയായതു്.

വി. ആവശ്യപ്പെട്ട വിഷയമെന്നു പറയുന്നതു് പാപസങ്കീർത്തനത്തിൽ പറഞ്ഞേതീരു എന്ന പാപങ്ങളാകുന്നു. ഈ ഇനത്തിൽപെട്ടവയത്രെ മാമ്മോദീസാ സ്വീകരിച്ചശേഷം ചെയ്തിട്ടുള്ളതും പറഞ്ഞു കുമ്പസാരിച്ചിട്ടില്ലാത്തതുമായ എല്ലാഘനമായ പാപങ്ങളും— മതിയായവിഷയമാവട്ടെ, കുമ്പസാരം സാധുവായും യോഗ്യതയോടുംകൂടിസ്വീകരിക്കുന്നതിനു മതിയാകുന്നതത്രെ. ഒരിക്കലെങ്കിലും പറഞ്ഞുകുമ്പസാരിച്ചിട്ടുള്ള ഘനമായപാപങ്ങളും ലഘുവായ പാപങ്ങളും ഈ ഇനത്തിൽപെട്ടവയാകുന്നു.

2) ആത്മശോധന

ചോ. ആത്മശോധന എന്നാൽ എന്ത്?

ഉ. ചെയ്തുപോയ പാപങ്ങളെയെല്ലാം അവയുടെ ഏണ്ണത്തിനും, ഗൌരവത്തിനും, തരത്തിനും ഒത്തവണ്ണം ഓർത്തു മനസ്സിലാക്കുന്നതിനത്രെ ആത്മശോധന എന്നു പറയുന്നത്.

വി. പാപങ്ങളെല്ലാം എന്നു പറയുമ്പോൾ ഒട്ടുവിൽ കഴിച്ച നല്ലകുമ്പസാരത്തിനുശേഷം ചെയ്തു പോവുദോഷങ്ങളെല്ലാം എന്നാണ് മനസ്സിലാക്കേണ്ടത്.

ചോ. ആത്മശോധന വേണ്ടവിധം കഴിക്കുന്നതിന് നാം എന്തുചെയ്യണം?

ഉ. ഇതിനായി 1) നാം ദൈവസഹായം അപേക്ഷിക്കണം. 2) ദൈവപ്രമാണങ്ങൾക്കും, തിരുസ്സഭയുടെ കല്പനകൾക്കും നമ്മുടെ ജീവിതാവസ്ഥയുടെ ചുമതലകൾക്കും എതിരായി നിരൂപണ, വചനം, പ്രവൃത്തി അഥവാ ഉപേക്ഷ ഇവ വഴിയായി ചെയ്തിട്ടുള്ള എല്ലാഗുരുതരമായ പാപങ്ങളെയും ശ്രദ്ധാപൂർവ്വം ഓർക്കണം.

വി. ആത്മശോധന വളരെ ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതാണ്. ആത്മശോധനയ്ക്കായി എത്ര സമയം ചെലവഴിച്ചു എന്നുള്ളതല്ല, പ്രത്യുത നാം പറഞ്ഞുകുമ്പസാരിക്കാൻ കടപ്പെട്ടതിൽ ഏതെങ്കിലും പാപം വിട്ടുപോയി എന്നു വരരുതു എന്നുള്ളതാണു സാരമായിട്ടുള്ളത്.

ചോ. ആത്മശോധനയുടെ ആവശ്യമെന്താണ്?

ഉ. ചെയ്തുപോയ പാപങ്ങളെ ഓർത്തു അനുതപിക്കുന്നതിനും, പാപസങ്കീർത്തനത്തിൽ വെളിപ്പെടുത്തുവാൻ കടപ്പെട്ടവ ഒന്നും വിട്ടുപോകാതിരിക്കുന്നതിനും ആത്മശോധന ആവശ്യമാണ്.

3) മനസ്താപം

ചോ. മനസ്താപം എന്നാൽ എന്ത്?

ഉ. മേലിൽ പിഴയ്ക്കയില്ലെന്നുള്ള ഉറപ്പോടുകൂടി ചെയ്തുപോയ പാപങ്ങളെക്കുറിച്ചു മനസ്സിലുണ്ടാകുന്ന ദുഃഖവും അവറുപ്പുമാകുന്നു മനസ്താപം.

ചോ. മനസ്താപത്തിന്റെ ലക്ഷണങ്ങൾ ഏവ?

ഉ. മനസ്താപത്തിന്റെ ലക്ഷണങ്ങൾ നാലാകുന്നു. 1 ആന്തരികമായിരിക്കണം. 2 സ്വഭാവാതീതമായിരിക്കണം. 3 സർവ്വോപരിയായിരിക്കണം. 4 പൊതുവായിരിക്കണം.

ചോ. മനസ്താപം ആന്തരികമായിരിക്കണം എന്നതിന്റെ സാരമെന്ത്?

ഉ. മനസ്താപം ഹൃദയത്തിൽനിന്നുള്ളതായിരിക്കണം, അല്ലാതെ വാക്കുകളിൽമാത്രം ഉള്ളതായാൽപോരാ എന്നതത്രെ ഇതിന്റെ സാരം.

ചോ. മനസ്താപം സ്വഭാവാതീതമായിരിക്കണമെന്നതിന്റെ സാരമെന്ത്?

ഉ. മനസ്താപം സ്വഭാവാതീതമായ ന്യായങ്ങളാൽ പ്രേരിതവും ദൈവവരപ്രസാദത്താൽ ഉളവാക്കപ്പെട്ടതുമായിരിക്കണം എന്നതത്രെ ഇതിന്റെ സാരം.

വി. മനസ്താപം വരപ്രസാദത്താൽ പ്രേരിതമല്ലെങ്കിൽ അതു വെറും ഒരു സ്വാഭാവികപ്രവൃത്തിയെ ആയിരിക്കയുള്ളൂ. എന്നാൽ മനസ്താപം നമുക്കു അനന്തഭാഗ്യത്തെ എന്നല്ല ദൈവത്തെത്തന്നെ നൽകുന്നതാണ്. ആകയാൽ അതു സ്വഭാവാതീതമായിരിക്കണം.

കൂടാതെയും പാപം വഴിയായി ദൈവത്തിൽനിന്നകന്നവനെ മനസ്താപമാണ് ദൈവത്തിൻപക്കലേക്കു അടുപ്പിക്കുന്നത്. ആകയാൽ ഈ മനസ്താപം സ്വഭാവാതീതമായ ന്യായങ്ങളിന്മേൽ അതായതു വെളിപ്പെട്ടുപ്പെട്ട നിത്യസത്യങ്ങളിന്മേൽ അടിസ്ഥാനപ്പെട്ടതായിരിക്കണം.

സൂചന:— നമുക്കു ശരിയായ മനഃസ്താപമുണ്ടാകുന്നതിനു എരിവോടെ പ്രാർത്ഥിക്കണം.

ചോ. മനസ്താപം സർവ്വോപരി 'അഥവാ പരമ'മായിരിക്കണം എന്നതിന്റെ സാരമെന്ത്?

ഉ. മറ്റെല്ലാതിന്മകളേക്കാൾ പാപത്തെ നാം വെറുക്കണം എന്നതത്രെ ഇതിന്റെ സാരം.

വി. പാപം സർവ്വനന്മയായ ദൈവത്തിൽനിന്നകറ്റി നിത്യമരണത്തിനു നമ്മെ വിധേയമാക്കുന്നതുകൊണ്ട് അതു മറ്റെല്ലാതിന്മകളിലും വെറുക്കത്തക്കതാണ്.

ചോ. മനസ്താപം പൊതുവായിരിക്കണം എന്നതിന്റെ സാരം എന്ത്?

ഉ. മാമ്മോദീസാ മുങ്ങിയതിൽപിന്നെ ചെയ്തിട്ടുള്ളവയും എന്നാൽ ശരിയായ പാപസങ്കീർത്തനംമൂലം നേരിട്ടു മോചിക്കപ്പെടാത്തവയുമായ എല്ലാ ഘനമായ പാപങ്ങളേയും സംബന്ധിച്ചുള്ളതായിരിക്കണം മനസ്താപം. എന്നതു ഇതിന്റെ സാരം.

സൂചനഃ— കുമ്പസാരത്തിനായി ഒരുങ്ങുമ്പോൾ നമ്മുടെ മനസ്താപം പൊതുവായിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. എന്തുകൊണ്ടെന്നാൽ പാപങ്ങളെ ഒറ്റൊറ്റക്കൊറ്റക്കെടുത്തു മനസ്താപപ്പെട്ടുന്നപക്ഷം മനസ്താപപ്പെടാത്ത ചില പാപങ്ങൾ അവശേഷിക്കുന്നതിനും ഇങ്ങനെ പാപസങ്കീർത്തനം അപൂർണ്ണമാകുന്നതിനും എളുപ്പമുണ്ടു്.

ക്രൂരതയും പുതുതായി പാപസങ്കീർത്തനത്തിൽ വെളിപ്പെടുത്തേണ്ടതായ ചാവുദോഷങ്ങളൊന്നും ഇല്ലാത്ത അവസരത്തിൽ പുതിയ ലഘുവായ പാപങ്ങളോടുകൂടെ പാപസങ്കീർത്തനത്തിൽ മുൻവെളിപ്പെടുത്തീട്ടുള്ള ചാവുദോഷങ്ങളേയും ഓർത്തു മനസ്താപപ്പെടുന്നതു വളരെ പ്രയോജനകരമാണു്.

ചോ. മനസ്താപം എത്രതരമുണ്ടു്?

ഉ. മനസ്താപം രണ്ടുതരമുണ്ടു്. (1) പൂർണ്ണം അഥവാ ഉത്തമമനസ്താപം. (2) അപൂർണ്ണം അഥവാ അടിമമനസ്താപം.

ചോ. ഉത്തമമനസ്താപം എന്താകുന്നു?

ഉ. ദൈവസ്നേഹത്താൽ പ്രേരിതവും അളവില്ലാത്ത നന്മയും എല്ലാറ്റിനേക്കാൾ സ്നേഹിക്കപ്പെടേണ്ടവനുമായ ദൈവത്തെ ഉപദ്രവിച്ചതുമൂലം മനസ്സിൽ ഉണ്ടാകുന്നതും അയ ദുഃഖമാകുന്ന ഉത്തമമനസ്താപം.

സൂചനഃ— സപാപാവങ്ങൾ മിശിഹായുടെ വിധാനമരണങ്ങൾക്കു കാരണമായെന്നോർത്തുകൊണ്ടുള്ള മനസ്താപവും ഉത്തമമനസ്താപമത്രെ ഉത്തമമനസ്താപം ഏതു പാപത്തേയും ഉടനടി ഇല്ലാതാക്കുകയും പാപസങ്കീർത്തനം കൂടാതെതന്നെ പാപിയെ ദൈവവുമായി രമ്യപ്പെടുത്തുകയുംചെയ്യും. എന്നാൽ പാടുള്ളവേഗത്തിൽ പാപസങ്കീർത്തനം ചെയ്യുന്നതിനു മനസ്സുണ്ടായിരിക്കണം.

ചോ. അടിമമനസ്താപമെന്നാലെന്ത്?

ഉ. പാപത്തിന്റെ വിലക്ഷണത്തേയോ, നരകഭയ

ത്തേയോ, ദൈവത്തിൽനിന്നുള്ള മറ്റു ശിക്ഷകളേയോകുറിച്ചുള്ള ചിന്തയിൽനിന്ന് മനസ്സിൽ ഉളവാകുന്ന സ്വഭാവതീത ഭീഘമാകുന്ന അടിമമനസ്താപം.

ചോ. പാപസങ്കീർത്തനം സാധുവായി സ്വീകരിക്കുന്നതിന് ഏതു മനസ്താപമാണ് വേണ്ടതു?

ഉ. പാപസങ്കീർത്തനം സാധുവാകുന്നതിന് അടിമമനസ്താപം അവശ്യമാണ് അതു മതിയാകയുംചെയ്യും. എന്നാൽ ഉത്തമമനസ്താപം ഉണ്ടായിരിക്കുന്നതു വളരെ നല്ലതാകുന്നു.

സൂചന. പാപത്തെക്കുറിച്ചു യാതൊരു മനസ്താപവും ഇല്ലാതെ പാപസങ്കീർത്തനം ചെയ്യുന്നവൻ ദൈവദ്രോഷമെന്ന ഒരു മഹാപാപംചെയ്യുന്നു.

ചോ. നമ്മിൽ മനസ്താപം ജനിപ്പിക്കുവാൻ നാം എന്തു ചെയ്യണം?

ഉ. സ്വർഗ്ഗത്തേയും, നരകത്തേയും, ഗാഹൽത്താമേയും കുറിച്ചു ചിന്തിക്കുന്നതു നമ്മിൽ മനസ്താപം ജനിപ്പിക്കുവാൻ വളരെ പ്രയോജനകരമാണ്.

വി. മോക്ഷം സമ്പൂർണ്ണമായ ദൈവത്തെയാണ്, സ്നേഹം നിറഞ്ഞ പിതാവിനെയാണ് പാപംവഴിയായി നാം ഉപേക്ഷിച്ചതു. നിത്യസൌഭാഗ്യത്തെയാണ് നാം പാപത്താൽ നഷ്ടപ്പെടുത്തിയതു എന്നോർത്താൽ പാപങ്ങളിന്മേൽ വെറുപ്പും മേലിൽ പാപം ചെയ്കയില്ലെന്നുള്ള സ്ഥിരമായ പ്രതിജ്ഞയും നമ്മിൽ അങ്കുരിക്കും.

നരകം:— ഏറ്റവും കഠോരമായ നരകപീഡകൾക്കു നമ്മെ വിധേയരാക്കുന്ന പാപം തന്നിൽതന്നെ എത്ര വെറുക്കത്തക്കതാണെന്നു നാം ഓർക്കണം.

ഗാഹൽത്താമല:— പാപപരിഹാരാർത്ഥം തന്റെ ഏകജാതൻ ബലിയിടപ്പെടണമെന്നു നിശ്ചയിച്ച ദൈവത്തിന്റെ പരമനീതിയെ നാം ഭയപ്പെടണം. സമ്പൂർണ്ണം മറിവുകളേറ്റു മൂന്നാണികളാൽ കുരിശിൽ ബന്ധിതനായി അവസാനത്തുള്ളിവരെയും രക്തം ചിന്തിമരിച്ച ഈശോമിശിഹായുടെ സ്നേഹം പാപത്തെ പൂർണ്ണഹൃദയത്തോടെ വെറുക്കുന്നതിനും മേലിൽ പിഴയ്കയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നതിനും നമുക്കു ശക്തിയുള്ള പ്രേരണ നൽകുന്നതാണ്.

4) പ്രതിജ്ഞ

ചോ. പ്രതിജ്ഞ എന്നാൽ എന്ത്?

ഉ. വീണ്ടും പാപം ചെയ്യുകയില്ലെന്നും പാട്ടുള്ളിടത്തോളം പാപത്തിനാട്ടത്തു അവസരങ്ങളെ ഉപേക്ഷിച്ചുകൊള്ളാമെന്നുമുള്ള മനസ്സിന്റെ ദൃഢമായ നിശ്ചയമാകുന്ന പ്രതിജ്ഞ.

ചോ. പ്രതിജ്ഞയുടെ ലക്ഷണങ്ങൾ ഏവ?

ഉ. പ്രതിജ്ഞ 1 ദൃഢമായതും, 2 "പൊതുവായതും" 3 ഫലസിദ്ധിയുള്ളതും ആയിരിക്കണം.

വി. 1) പാപം ചെയ്യുന്നതിനെക്കാൾ ഏതുതിനെയും സഹിക്കുന്നതിനുള്ള സന്നദ്ധതയോടുകൂടിയ ആലോചനാപൂർവ്വമായ നിശ്ചയമത്രെ ദൃഢമായ പ്രതിജ്ഞ.

2) ചെയ്യുപോയതും ചെയ്യുവാൻപാടുള്ളതുമായ എല്ലാ ചാവുദോഷങ്ങളേയും ഉൾക്കൊള്ളുന്നതാണ് പൊതുവായ പ്രതിജ്ഞ

3) ചെയ്യു നിശ്ചയത്തെ പാലിക്കുന്നതിനു് ആവശ്യമായ മാർഗ്ഗങ്ങളെ ഉപയോഗിച്ചു പാപങ്ങളെ വിട്ടൊഴിയുന്നതിനു് പര്യാപ്തമായിരിക്കണം ഫലസിദ്ധിയുള്ള പ്രതിജ്ഞ. പാകമാക്കുകയും, ഉത്തരിച്ചുകടം തീർത്തുകൊള്ളാമെന്നു നിശ്ചയിക്കയും, ദുഷ്ടസംസർഗ്ഗത്തിൽനിന്നു ഒഴിഞ്ഞുകൊള്ളാമെന്നു് ഉറപ്പുകയും മറ്റും ചെയ്യുന്നതു് ഫലസിദ്ധിയുള്ള പ്രതിജ്ഞകളാകുന്നു.

5) പാപോച്ചാരണം

ചോ. പാപോച്ചാരണമെന്നാൽ എന്ത്?

ഉ. നമ്മുടെ പാപങ്ങൾക്കു് ക്രൂശുയ്യുടെ മോചനം ലഭിക്കുവാൻവേണ്ടി കുമ്പസാരിപ്പിക്കുന്നതിനധികാരമുള്ള വൈദികനോടു നമ്മെത്തന്നെ കുറ്റപ്പെടുത്തി പാപങ്ങളെ അറിയിക്കുന്നതത്രെ പാപോച്ചാരണം.

ചോ. പാപോച്ചാരണത്തിന്റെ ലക്ഷണങ്ങൾ ഏവ?

ഉ. എളിമ, പൂർണ്ണത, പരമാർത്ഥത, വിവേകം, സംക്ഷേപം എന്നിവയത്രെ പാപോച്ചാരണത്തിന്റെ ലക്ഷണങ്ങൾ.

ചോ. പാപോച്ചാരണം പൂർണ്ണമാകുന്നതിനു ചെയ്യേണ്ടതെന്തു?

ഉ. ഒടുവിലത്തെ നല്ലകുമ്പസാരത്തിനുശേഷം ചെയ്യു

എല്ലാ ഘനമായ പാപങ്ങളുടെയും എണ്ണം, തരം, സാഹചര്യങ്ങൾ എന്നിവ വിവരമായി വെളിപ്പെടുത്തണം.

സൂചന. 1) എണ്ണം കൃത്യമായി ഓർക്കുന്നില്ലെങ്കിൽ ഏകദേശം എത്ര എന്നറിയിക്കണം.

2) നല്ലപോലെ ആത്മശോധന ചെയ്തശേഷം ചാവുദോഷംതന്നെ വിട്ടുപോകുന്നതിനിടയായാലും പാപസങ്കീർത്തനം നന്നായിരിക്കും. എന്നാൽ ഇങ്ങനെ വിട്ടുപോയ പാപം ഓർമ്മയിൽ വന്നശേഷം അടുത്തുകഴിക്കുന്ന കുമ്പസാരത്തിൽ അതു വെളിപ്പെടുത്തേണ്ടതാണ്.

3) നാണത്താലൊ മറ്റൊ ഏതെങ്കിലും പാപം മറച്ചുവെച്ചു കുമ്പസാരിച്ചാൽ, പ്രസ്തുത കുമ്പസാരത്തിൽ വെളിപ്പെടുത്തിയ പാപങ്ങൾക്കുപോലും മോചനം ലഭിക്കുകയില്ല. ഒരു ദൈവദോഷംകൂടെ പിഴക്കുന്നതാണ്. പിന്നീട് നല്ലകുമ്പസാരം ചെയ്യുമ്പോൾ കള്ളക്കുമ്പസാരത്തിൽ പറഞ്ഞതും പറയാത്തതുമായ ചാവുദോഷങ്ങളെല്ലാം കുമ്പസാരിക്കേണ്ടിയിരിക്കുന്നു.

6) പ്രായശ്ചിത്തം

ചോ. പ്രായശ്ചിത്തം എന്നാൽ എന്ത്?

ഉ. കുമ്പസാരിച്ച പാപങ്ങൾക്ക് കുമ്പസാരക്കാരൻ കല്പിക്കുന്ന പരിഹാരപ്രവൃത്തിയാകുന്നു പ്രായശ്ചിത്തം.

സൂചന. 1 കല്പിച്ച പ്രായശ്ചിത്തം നിറവേറുവാൻ സാധിക്കാത്തപക്ഷം, വേറൊന്നിനായി കുമ്പസാരക്കാരനോട് അപേക്ഷിക്കണം.

2) പ്രായശ്ചിത്തം ഉടനെ നിറവേറണമെന്നു നിർബന്ധമില്ലെങ്കിലും പാട്ടുള്ളവേഗത്തിൽ നിറവേറുന്നതാണ് ഉത്തമം.

ചോ. പ്രായശ്ചിത്തം മുമ്പുള്ളതിന്റെ ഉദ്ദേശമെന്താണ്?

ഉ. 1) അനുതാപിയെ ഒരു പുതിയ ജീവിതം കഴിപ്പാൻ സഹായിക്കുന്നതിനും. 2) അവന്റെ ബലഹീനതയ്ക്ക് ഒരു പ്രതിവിധിയാകുന്നതിനും 3) പാപങ്ങൾക്കർഹമായ അനിത്യശിക്ഷയെ മാറ്റി പാപങ്ങൾക്ക് ഒരു പരിഹാരമാകുന്നതിനും ആണ് പ്രായശ്ചിത്തം മുമ്പുള്ളത്.

IV കാമ്മികൻ

ചോ. പാപസങ്കീർത്തനത്തിന്റെ കാമ്മികൻ ആരാകുന്നു?

ഉ. ഈ ക്രമാശയുടെ കാര്യികൻ കുമ്പസാരം കേൾപ്പാൻ മെത്രാന്റെ അനുമതി ലഭിച്ചിട്ടുള്ള പുരോഹിതനാകുന്നു.

സൂചന. പുരോഹിതന് പട്ടത്താലുള്ള അധികാരത്തിനും പുറമെ വിധിക്കാനുള്ള പ്രത്യേകമധികാരം മെത്രാനിൽനിന്നു ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പാപസങ്കീർത്തനം സാധുവായി കേൾക്കാൻ കഴിയുകയുള്ളു.

ചോ. കുമ്പസാരക്കാരന് കുമ്പസാരരഹസ്യം പാലിക്കാൻ കടമുണ്ടോ?

ഉ. കുമ്പസാരരഹസ്യം അഭംഗമായി പാലിക്കുവാൻ കുമ്പസാരക്കാരനു അതിഭീകരമായ കടമുണ്ട്.

സൂചന. കുമ്പസാരത്തിൽ പറയപ്പെട്ടവ ഏതെങ്കിലും അറിയുന്നവരൊക്കെ കുമ്പസാരക്കാരനെപ്പോലെതന്നെ കുമ്പസാരരഹസ്യം പാലിക്കാൻ കടപ്പെട്ടവരാണ്.

V ആവശ്യം

ചോ. പാപസങ്കീർത്തനം നിത്യരക്ഷയ്ക്ക് അവശ്യമാണോ

ഉ. ജ്ഞാനസ്നാനത്തിനുശേഷം ഘനമായ പാപം ചെയ്തിട്ടുള്ള എല്ലാവർക്കും പാപസങ്കീർത്തനം നിത്യരക്ഷയ്ക്ക് അവശ്യമാണ്.

വി. പാപസങ്കീർത്തനം ചെയ്യാൻ നിവർത്തിയില്ലാത്ത അവസരങ്ങളിൽ ഉത്തമമനസ്താപംകൊണ്ട് പാപമോചനം ലഭിക്കാം. എങ്കിലും കഴിയുന്നിടത്തോളം വേഗത്തിൽ പാപസങ്കീർത്തനം ചെയ്യാൻ കടമയുണ്ട്.

ചോ. പാപസങ്കീർത്തനമെന്ന ക്രമാശയുടെ സ്ഥാപനം സംബന്ധിച്ച് തിരുസ്സഭയുടെ കല്പന എന്താകുന്നു?

ഉ. ആണ്ടിലൊരിക്കലെങ്കിലും പാപസങ്കീർത്തനം ചെയ്യണമെന്നതു തിരുസ്സഭയുടെ കല്പന.

vi ഫലങ്ങൾ

ചോ. പാപസങ്കീർത്തനത്തിന്റെ ഫലങ്ങളേവ?

ഉ. 1) പാപങ്ങളെ പൊറുത്തു വരപ്രസാദരഹിതർക്ക് വരപ്രസാദം പ്രദാനം ചെയ്യുന്നു. 2) വരപ്രസാദത്തിലിരിക്കുന്നവർക്ക് വരപ്രസാദവർദ്ധനവ് നൽകുന്നു. 3) മേലിൽ പാപം ചെയ്യാതിരിക്കുന്നതിനും പാപത്തെ വിട്ടൊഴിഞ്ഞു ജീവിക്കുന

തിനും വേണ്ടതായ വരപ്രസാദസഹായങ്ങൾ നൽകുന്നു. 4) ചെയ്തുപോയ പാപങ്ങൾക്കു് തപക്രിയകളാൽ പരിഹാരം ചെയ്യുന്നതിനുള്ള വരപ്രസാദം തരുന്നു. 5) കാലത്തിനടുത്ത ശിക്ഷ കുറയ്ക്കുന്നു. 6) ബുദ്ധിക്കു പ്രകാശവും മനസ്സിനു് ശക്തിയും ഉന്മേഷവും പ്രദാനം ചെയ്യുന്നു.

5 അന്ത്യ ലേപനം

"നിങ്ങളിൽ ആരെങ്കിലും. . . രോഗിയായിരിക്കുന്നെങ്കിൽ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും ന. കർത്താവിന്റെ നാമത്തിൽ തൈലംകൊണ്ടു് അവരെ പൂശുകയും ചെയ്യട്ടെ: അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും. ന. കർത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും." (യാക്കോ. 5. 15. 14–15)

i സ്വഭാവം

ചോ. അന്ത്യലേപനം എന്നാൽ എന്തു്?

ഉ. മരണാസന്നനായ രോഗിക്കു് ആത്മീയസഹായവും ആത്മനന്മയ്ക്കു ഉപകരിക്കുമെങ്കിൽ ശരീരസൌഖ്യവും പ്രദാനം ചെയ്യുന്നതിനായി ഈശോമിശിഹാ സ്ഥാപിച്ചിട്ടുള്ള ഒരു ക്രിയാശയാകുന്നു അന്ത്യലേപനം.

ചോ. ഈ ക്രിയാശയുടെ കർമ്മസാധനം എന്താകുന്നു?

ഉ. ആശീർവ്വദിക്കപ്പെട്ട തൈലം ഈ ക്രിയാശയുടെ അകന്നതും തൈലലേപനം അടുത്തതുമായ കർമ്മസാധനമാകുന്നു.

ചോ. ഈ ക്രിയാശയുടെ രൂപം എന്താകുന്നു?

ഉ. "പരിശുദ്ധമായ ഈ ലേപനവും തന്റെ ധാരാളമായ അനുഗ്രഹവും വഴിയായിട്ടു് നിന്റെ കണ്ണു്, (ചെവി, മൂക്കു്, നാക്കു്. കൈകൾ, കാല്യകൾ, അര (വഴിയായി നീ ചെയ്ത പാപങ്ങൾ കർത്താവു നിന്നോടു ക്ഷമിക്കട്ടെ.

ii സ്ഥാപനം

ചോ. അന്ത്യലേപനം എപ്പോഴാണു് സ്ഥാപിച്ചതു്?

ഉ. മിശിഹാ അന്ത്യലേപനം ഒരു ക്രിയാശയായി സ്ഥാപിച്ചു എന്നുള്ളതു് തീർച്ചയാണെങ്കിലും എപ്പോൾ സ്ഥാപിച്ചു എ

ന്ന് തീർച്ചപറവാൻ നിവൃത്തിയില്ല. അതിനെപ്പറ്റി വി. ശ്ലീഹാ പറഞ്ഞിട്ടുള്ളതു് ഒരു വലിയ സാക്ഷ്യമാണ്.

iii ഫലങ്ങൾ

ചോ. ഈ ക്രിയയുടെ ഫലങ്ങൾ ഏവ?

ഉ. 1) വരപ്രസാദത്തെ വർദ്ധിപ്പിക്കുന്നു. 2) പാപ ദോഷങ്ങളെയും, മനസ്സാപമുണ്ടെങ്കിൽ കുമ്പസാരിക്കാൻ സാധ്യമാകാത്ത പാപദോഷങ്ങളെയും നീക്കുന്നു. 3) പാപമോചനം ലഭിച്ചശേഷം അവശേഷിക്കുന്ന ആദ്ധ്യാത്മികക്ഷീണത്തെ മാറ്റുന്നു. 4) രോഗത്തെ ക്ഷമയോടുകൂടി സഹിക്കുന്നതിനും പരീക്ഷകളെ എതിർക്കുന്നതിനും ഭക്തിയോടുകൂടി മരിക്കുന്നതിനും ശക്തി നൽകുന്നു. 5) ആത്മാവിന് പ്രയോജനകരമാകുന്നപക്ഷം ശരീരസൌഖ്യം ലഭിപ്പാൻ സഹായിക്കുന്നു. കാലത്തിനുള്ളത്ത ശിക്ഷയെ കുറയ്ക്കുകയോ ആത്മാവിന്റെ സ്ഥിതിവിശേഷമനുസരിച്ച് നിശ്ശേഷം നീക്കുകയോ ചെയ്യുന്നു.

iv ആവശ്യം

ചോ. അന്ത്യലേപനം നിത്യരക്ഷയ്ക്ക് ആവശ്യമാണോ?

ഉ. അന്ത്യലേപനം നിത്യരക്ഷയ്ക്ക് അത്യാവശ്യമല്ല. എന്നാൽ അനാസ്ഥകൊണ്ടോ അവജ്ഞകൊണ്ടോ അതിനെ അപേക്ഷിക്കുന്നതു കുറ്റകരമാണ്.

സൂചന. ഒരു രോഗി മരണാപകടത്തിന്റെ ലക്ഷണങ്ങൾ കാണിക്കുമ്പോൾ കഴിയുന്ന വേഗത്തിലും സുബോധത്തോടുകൂടിയും ഈ ക്രിയാശ കൈക്കൊള്ളുന്നതിന് ശ്രദ്ധയും സൂക്ഷ്മവും ഉണ്ടായിരിക്കേണ്ടതാണ്.

v കാര്യക്കാർ

ചോ. അന്ത്യലേപനത്തിന്റെ കാര്യക്കാർ ആരാണ്?

ഉ. പുരോഹിതനാകുന്നു ഇതിന്റെ കാര്യക്കാർ.

vi സ്വീകരിക്കുന്നവർ

ചോ. ഈ ക്രിയാശ സാധുവായി സ്വീകരിക്കുന്നതിന് ആവശ്യമായവ ഏവ?

ഉ. ഈ ക്രിയാശ സാധുവായി സ്വീകരിക്കുന്നതിന് ഇതു് സ്വീകരിക്കുന്ന ആൾ 1) ജ്ഞാനസ്നാനപ്പെട്ടിരിക്കണം. 2) വി

വേകപ്രായമുള്ള ആൾ ആയിരിക്കണം. 3) രോഗം മൂലം മരണാപകടത്തിലെത്തിയിരിക്കണം. 4) ഇതു സ്വീകരിക്കുന്നതിനു് ഉദ്ദേശമുണ്ടായിരിക്കണം.

ചോ. ഈ ക്രമാശ യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു് ആവശ്യമായവ ഏവ?

ഉ. സാധുവായി സ്വീകരിക്കുന്നതിനാവശ്യമുള്ളവ: ക്രമാതെ സ്വീകരിക്കുന്ന ആൾ വരപ്രസാദാവസ്ഥയിലായിരിക്കണം. എന്നാൽ ചാവുദോഷത്തിലായിരിക്കുകയും കൂദാശാരിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നവെങ്കിൽ പാപങ്ങളെക്കുറിച്ചു് അടിമമനസ്താപമെങ്കിലും ഉണ്ടാകേണ്ടതാണു്.

സൂചന. ബോധരഹിതനായിതീർന്ന രോഗിക്കും ഈ ക്രമാശ സാധുവായും യോഗ്യതാപൂർവ്വവും സ്വീകരിക്കാം. എന്നാൽ ഇതു് സ്വീകരിക്കണമെന്നുള്ള ഉദ്ദേശവും ചാവുദോഷത്തിലാണെങ്കിൽ പാപത്തെക്കുറിച്ചുള്ള മനസ്താപവും മുൻകൂട്ടി ഉണ്ടായിരിക്കേണ്ടതാണു്.

2) രോഗി മരിച്ചുവോ എന്നു സംശയിക്കപ്പെടുന്ന അവസരത്തിൽ "മരിച്ചിട്ടില്ലെങ്കിൽ" എന്ന വ്യവസ്ഥയോടുകൂടി ഈ ക്രമാശ കൊടുക്കാവുന്നതും കൊടുക്കേണ്ടതുമാണു്.

3) രോഗിക്കു് ഈ ക്രമാശ നൽകപ്പെടുന്ന അവസരത്തിൽ അവിടെ സന്നിഹിതരായിരിക്കുന്നവർ സകല വിശുദ്ധന്മാരുടെ പ്രാർത്ഥനയോ മറ്റു വല്ല ജപങ്ങളോ ചെയ്തു് രോഗിയെ സഹായിപ്പാൻ യത്നിക്കണം.

ô തിരുപ്പട്ടം

"പുരോഹിതസ്ഥാനത്തിന്റെ കൈവെപ്പിലും നിനക്കു നൽകപ്പെട്ടതായി നിന്നിലുള്ള ദാനം നീ നിസ്സാരമാക്കരുതു്" (തി മോ 4–14.)

i സ്വഭാവം

ചോ. തിരുപ്പട്ടം എന്ന ക്രമാശ എന്താകുന്നു?

ഉ. മാഞ്ഞുപോകരുതാത്ത മുദ്ര ആത്മാവിൽ പതിച്ചു് ദൈവാരാധനയും ആത്മാക്കളുടെ രക്ഷയും സംബന്ധിക്കുന്ന തിരുകർമ്മങ്ങളെ അനുഷ്ഠിക്കുന്നതിനുള്ള അധികാരവും വരപ്രസാദവും നൽകുന്ന ഒരു ക്രമാശയാകുന്നു തിരുപ്പട്ടം.

ചോ. ഈ ക്രിയാശയുടെ കർമ്മസാധനം എന്താകുന്നു?

ഉ. കൈവയ്യുകയെന്ന ഈ ക്രിയാശയുടെ കർമ്മസാധനം.

ചോ. ഈ ക്രിയാശയുടെ രൂപം എന്താകുന്നു?

ഉ. കൈവയ്പിന്റെ സമയത്തു മെത്രാൻ ഉച്ചരിക്കുന്ന വാക്കുകളാണ് ഈ ക്രിയാശയുടെ രൂപം.

ii പദവികൾ

ചോ. ഈ ക്രിയാശയുടെ പദവികൾ ഏവ?

ഉ. ഇതിന്റെ ഏറ്റവും ഉന്നതമായ പദവി വൈദിക ത്വത്തിന്റെ പൂർണ്ണതയെ അടക്കിക്കൊള്ളുന്ന മെത്രാൻ സ്ഥാനമാകുന്നു. പിന്നത്തേതു് വൈദികസ്ഥാനവും ഒടുവിലത്തേതു് അഥവ അഞ്ചും പട്ടങ്ങളും ചെറിയ പട്ടങ്ങൾ എന്നു് പറയപ്പെടുന്ന പദവികളുമാകുന്നു.

സൂചന— ഈ പട്ടങ്ങൾ ഓരോന്നും ഓരോ ക്രിയാശയാകുന്നില്ല. പ്രത്യുത, എല്ലാംകൂടി ഏക ക്രിയാശയാകുന്നു.

iii സ്ഥാപനം

ചോ. ഈ ക്രിയാശ എപ്പോഴാണ് സ്ഥാപിച്ചതു്?

ഉ. തിരുവത്താഴത്തിൽവച്ചു് "ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നാജ്ഞാപിച്ചപ്പോഴത്രെ ഈ ക്രിയാശ സ്ഥാപിച്ചതു്. പിന്നിട് ഉയിർപ്പിനുശേഷം പാപങ്ങളെ മോചിക്കുന്നതിനുള്ള അധികാരം നൽകിക്കൊണ്ടു് അതിനെ പൂർത്തിയാക്കി.

iv ഫലങ്ങൾ

ചോ. ഈ ക്രിയാശയുടെ ഫലങ്ങൾ ഏവ?

ഉ. 1) വരപ്രസാദവർദ്ധനവു്. 2) വൈദികസ്ഥാനത്തിനുചേർന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അധികാരവും വരപ്രസാദവും. 3) മായാത്ത മുദ്ര.

v കാർമ്മികൻ

ചോ. ഈ ക്രിയാശയുടെ കാർമ്മികൻ ആരാണ്?

ഉ. ഈ ക്രിയാശയുടെ കാർമ്മികൻ മെത്രാൻ മാത്രമാണു്.

vi സ്വീകരിക്കുന്നവൻ

ചോ. ഈ ക്രമാശ സാധുവായി സ്വീകരിക്കുന്നതിനാവശ്യമുള്ളവ ഏവ?

ഉ. ഈ ക്രമാശ സാധുവായി സ്വീകരിക്കുന്നതിനു് സ്വീകരിക്കുന്നയാൾ 1) പുരുഷനായിരിക്കണം, 2) ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കണം, 3) ഈ ക്രമാശ സ്വീകരിക്കുന്നതിനു് ഉള്ളേശമുണ്ടായിരിക്കണം.

ചോ. ഈ ക്രമാശ യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു ആവശ്യമുള്ളവ ഏവ?

ഉ. സാധുവായി സ്വീകരിക്കുന്നതിനാവശ്യമുള്ളവ ക്രമാതെ വരപ്രസാദവും തിരുസ്സഭ ആവശ്യപ്പെടുന്ന ലക്ഷണങ്ങളും ഉള്ളവനായിരിക്കണം.

7 വിവാഹം

"പുരുഷനും സ്ത്രീയുമായി ദൈവം അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചുകൊണ്ടു് അരുളിച്ചെയ്തു: നിങ്ങൾ പെരുകി വർദ്ധിക്കുവിൻ: (സൃഷ്ടി 1–27–28.)

i സ്വഭാവം

ചോ. വിവാഹം എന്ന ക്രമാശ എന്താകുന്നു?

ഉ. പുരുഷനും സ്ത്രീയും തമ്മിൽ വിശുദ്ധവും വേർപിരിയാത്തതുമായ ഒരു ഐക്യത്തെ ഉളവാക്കുകയും, പരസ്പരകടമകളെ നിവ്വഹിക്കുന്നതിനും അവരുടെ സന്താനങ്ങളെ ഉത്തമ ക്രിസ്ത്യാനികളാക്കി വളത്തുന്നതിനും ആവശ്യമുള്ള വരപ്രസാദങ്ങളെ നൽകുകയും ചെയ്യുന്നതിനായി ഈശോമിശിഹാ സ്ഥാപിച്ചിട്ടുള്ള ക്രമാശയാകുന്നു വിവാഹം.

ചോ. ഈ ക്രമാശയുടെ കർമ്മസാധനം എന്താകുന്നു?

ഉ. വിവാഹത്തിൽ ഏർപ്പെട്ടവാനിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ ശരീരമാകുന്നു ഇതിന്റെ അകന്ന കർമ്മസാധനം. അടുത്ത കർമ്മസാധനമാകട്ടെ ബാഹ്യചിഹ്നങ്ങളാൽ പ്രത്യക്ഷീകരിക്കുന്ന ശരീരങ്ങളുടെ പരസ്പര കൈമാറ്റമാകുന്നു.

ചോ. ഈ ക്രമാശയുടെ രൂപം എന്താകുന്നു?

ഉ. ഉഭയസമ്മതമാകുന്നു ഇതിന്റെ രൂപം.

ii സ്ഥാപനം

ഈ ക്രമാശ എപ്പോൾ സ്ഥാപിക്കപ്പെട്ടു?

ഉ. ഈ ക്രമാശ മിശിഹാ സ്ഥാപിച്ചു എന്നുള്ളതു തീർച്ചയാണെങ്കിലും എപ്പോഴാണെന്ന് തീർച്ച പറയുവാൻ നിവൃത്തിയില്ല.

വി. വിവാഹമെന്നതു വെറുദീസാ തോട്ടത്തിൽവച്ചു ദൈവംതന്നെ സ്ഥാപിച്ചിട്ടുള്ളതാണ്. മിശിഹാ അതിനെ ഒരു ക്രമാശയുടെ ശ്രേഷ്ഠസ്ഥാനത്തിലേയ്ക്കു ഉയർത്തുക മാത്രമാണ ചെയ്തിട്ടുള്ളതു.

iii ഫലങ്ങൾ

ചോ. ഈ ക്രമാശയുടെ ഫലങ്ങൾ ഏവ?

ഉ. ഈ ക്രമാശയുടെ ഫലങ്ങൾ 1) വരപ്രസാദവർദ്ധനവും. 2) വിവാഹത്തിന്റെ കടമകളെ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുവാനുള്ള വിശേഷവരപ്രസാദവും.

iv കാർമ്മികർ

ചോ. ഈ ക്രമാശയുടെ കാർമ്മികർ ആരാകുന്നു?

ഉ. ഈ ക്രമാശയുടെ കാർമ്മികർ ദമ്പതിമാർ തന്നെയാണ്. അവർ പരസ്പരം ഈ ക്രമാശ കൊടുക്കുകയും കൈക്കൊള്ളുകയും ചെയ്യുന്നു.

സൂചന. വൈദികൻ ഈ പരിശുദ്ധ ഉടമ്പടിയുടെ ഔദ്യോഗിക സാക്ഷിയും ദമ്പതിമാരുടെമേൽ സഭയുടെ ആശീർവ്വാദം നൽകുന്ന ആളുമാകുന്നു.

v സ്വീകരിക്കുന്നവർ

ചോ. വിവാഹം ചെയ്യുന്നവർക്കുവേണ്ടിയിരിക്കുന്ന ഉദ്ദേശമെന്തു?

ഉ. വിവാഹം ചെയ്യുന്നവർക്ക് 1) ആ തിരു അനുസ്സിലേയ്ക്കു അവരെ വിളിക്കുന്ന ദൈവതിരുമനസ്സു നിറവേറ്റുവാനും 2) തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ആ ജീവിതാവസ്ഥയിൽ വേലചെയ്യുവാനും, 3) ദൈവം അവർക്ക് സന്താനങ്ങളെ നൽകുന്നപക്ഷം അവരെ ഉത്തമക്രിസ്ത്യാനികളാക്കി വളർത്തുവാനും ഉള്ള ഉദ്ദേശമാണ് വേണ്ടതു.

ചോ. ഈ ക്രമാശ സാധുവായി സ്വീകരിക്കുന്നതിനു ആവശ്യമുള്ളവ ഏവ?

ഉ 1) പുരുഷനും സ്ത്രീയും ജ്ഞാനസ്നാനം സ്വീകരിച്ചവരായിരിക്കണം. 2) ഈ ദിവ്യകൂടമ്പടി ചെയ്യുന്നതിനുള്ള കഴിവും ഉദ്ദേശവും അവർക്കുണ്ടായിരിക്കണം. 3) വിവാഹജീവിതത്തിന്റെ പ്രഥമകടമകളെ നിറവേറ്റുന്നതിനു പ്രാപ്തിയുള്ളവരായിരിക്കണം. 4) ഈ ക്രമീകരണം അസാധുവാക്കിത്തീർക്കുന്ന നിയമങ്ങളിൽ നിന്ന് (ദൈവത്തിന്റെയോ സഭയുടെയോ.) വിമുക്തരായിരിക്കണം.

ചോ. യോഗ്യതാപൂർവ്വം ഈ ക്രമീകരണം സ്വീകരിക്കുന്നതിനാവശ്യമുള്ളവ ഏവ്?

ഉ. ഈ ക്രമീകരണം സാധുവാക്കിത്തീർക്കുന്നതിനാവശ്യമുള്ളവ കൂടാതെ ഇരുവരും വരപ്രസാദത്തോടുകൂടിയിരിക്കണം.

vi കടമകൾ

ചോ. ക്രമീകരണത്തിന്റെ കടമകൾ ഏവ്?

ഉ. 1) ദാമ്പത്യവിശ്വസ്തതയെ അഭംഗമായി പാലിക്കുകയും വിവാഹം അർഹതകൾ ലംഘിക്കാതിരിക്കുകയും ചെയ്യുക; 2) പരസ്പരം സ്നേഹിച്ചും ക്ഷമാപൂർവ്വം സഹിച്ചും, സമാധാനൈക്യത്തിൽ ജീവിക്കുക; 3) സന്താനങ്ങളെ ദൈവഭയത്തിലും സത്യവിശ്വാസത്തിലും വളർത്തി ദൈവേഷ്ടാനുസരണം ഏതെങ്കിലും ജീവിതസ്ഥിതി തിരഞ്ഞെടുക്കുന്നതിന് അവരെ അനുവദിക്കുക.

		2
		3
III	[illegible]	12
IV	ഉപ്പാരുപ[illegible]	15
V	സൃഷ്ടിയുടെ ലക്ഷ്യം.	18
VI	ദൈവപരിപാലന.	21
	രണ്ടാം ഭാഗം—രക്ഷകനായ ദൈവം.	23
I	ഉത്ഥാപനം.	23
II	പരീക്ഷണം.	24
III	അധഃപതനം.	25
IV	ഉത്ഭവപാപം.	27
V	രക്ഷകൻ.	29
VI	ഈശോമിശിഹാ.	30
VII	രക്ഷാകർമ്മം.	34
I	മംഗലവാർത്തതിരുനാൾ.	40
2	പിറവിത്തിരുനാൾ.	41
3	ചേരുദനാചാരത്തിരുനാൾ.	42
4	ദനഹാത്തിരുനാൾ.	43
5	പെസഹാ വ്യാഴാഴ്ച.	45
6	ദുഃഖവെള്ളി.	46
7	ഉയിർപ്പുഞായർ.	47
8	സ്വർഗ്ഗാരോഹണം.	48
9	വി. കുർബാന.	49
10	തിരുഹൃദയത്തിരുനാൾ.	50
11	മിശിഹായുടെ രാജത്വത്തിരുനാൾ.	52

	മു...	60
I	വരപ്രദം.	60
	ചന്തക്കുന്നിലെ...	64
II	ക്രമാശകൾ.	65
III	1 ജ്ഞാനസ്നാനം.	72
	2 സ്ഥൈര്യലേപനം.	77
	3 വി. കുർബാന.	81
	എ) യഥാർത്ഥ സാന്നിദ്ധ്യം.	81
	ബി) വി. കുർബാന എന്ന ബലി.	84
	സി) വി. കുർബാന എന്ന ക്രമാശം.	89
	4 പാപസങ്കീർത്തനം.	93
	5 അന്ത്യലേപനം.	102
	6 തിരുപ്പട്ടം.	104
	7 വിവാഹം.	106

Imprimatur.

† James Kalacherry,

Bishop of Changanacherry.

Changanacherry,
19th March 1946.

Printed and Published for the
Proprietor P. K. Joseph at the St. Joseph's Press,
Mannanam.